// വിവേകോദയം

"ശ്രീനാരായണധർമ്മപരിപാലനയോഗം" വക ഒരു മാസാന്തപുസ്തകം.

VIVEKODAYAM.

THE ORGAN OF THE S. N. D. P. YOGAM.

PUBLISHED MONTHLY

പുസ്തകം 6. } 1085 മകരം, കുംഭം. { നമ്പർ 10 & 11.

## മഹാന്മാരുടെ വിചാരങ്ങളും ഉപദേശങ്ങളും.

ജീവിതത്തിലുള്ള സുഖവും വിജയവും നമ്മുടെ കാലദേശാവസ്ഥകളെ അല്ല നമ്മെയാണ് ആശ്രയിച്ചിരിക്കുന്നത്.

ആവർബറി

മനുഷ്യന്റെ ഏറ്റവും ഉൽകൃഷ്ടമായ സ്വഭാവം ഈശ്വരത്വമാണെന്നു കാണുന്നതുവരെ മുന്നോട്ടുപോകുവിൻ!

ടെനിസൻ

ദുഷ്കർമ്മങ്ങൾ ബന്ധത്തെ വർദ്ധിപ്പിക്കുന്നു. സൽകർമ്മങ്ങൾ അതിനെ മോചിപ്പിക്കുകയും മോക്ഷത്തിനു കാരണമായിത്തീരുകയും ചെയ്യുന്നു. ദുഷ്കർമ്മങ്ങളിൽനിന്നു വിരമിക്കുവിൻ! സൽകർമ്മങ്ങളെ അനുഷ്ഠിക്കുവിൻ! നിങ്ങളുടെമേൽ നിങ്ങളുടെതന്നെ അധികാരത്തെ സ്ഥാപിക്കുകയുംചെയ്യുവിൻ! ഇതാണ് പന്ഥാവു.

ബുദ്ധമുനി

വാസനയാകുന്ന നദി ശുഭമാർഗ്ഗത്തിലൂടെയും അശുഭമാർഗ്ഗത്തിലൂടെയും ഒഴുകുന്നു. പുരുഷപ്രയത്നംകൊണ്ടു അതിനെ ശുഭമാർഗ്ഗത്തിൽ മാത്രമാക്കാൻ കഴിയും.

വസിഷ്ഠമഹർഷി

ഇന്ദ്രിയസമൂഹങ്ങളെ നിയമനംചെയ്തു എല്ലാററിലും സമബുദ്ധിയോടുകൂടിയവരായി എല്ലാപ്രാണികൾക്കും ഹിതംചെയ്വാൻ മാത്രം താൽപര്യത്തോടുകൂടിയവരായ അവർ എന്നെ (ഈശ്വരനെ) തന്നെ പ്രാപിക്കുന്നു.

ശ്രീകൃഷ്ണഭഗവാൻ

ആത്മാവു ജഡപദാൎത്ഥത്തിന്റെ ബന്ധനത്തിൽപ്പെട്ടിരിക്കുന്ന ഈശ്വരചൈതന്യം തന്നെയാണെന്നും ഈ ബന്ധം ഭഞ്ജിക്കപ്പെടുമ്പോൾ പരിപൂൎണ്ണത്വം സിദ്ധിക്കുമെന്നും വേദങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടാണ് ആ അവസ്ഥയ്ക്കു മുക്തി എന്നു പറയുന്നതു്. അപൂൎണ്ണതയ്ക്കു കാരണമായ ബന്ധത്തിൽനിന്നുള്ള മുക്തി, മരണത്തിലും ദുഃഖത്തിലും നിന്നുള്ള മുക്തി.

വിവേകാനന്ദസ്വാമി

---

## സാമാന്യധൎമ്മങ്ങൾ.

(തുടൎച്ച)

---

ശീഘ്രമാതൻബുദ്ധിവൎദ്ധിക്കും പടിധന്യഹിതങ്ങളാം
ശാസ്ത്രങ്ങൾ നോക്കണം നിത്യം ശ്രൌതമാം നിഗമങ്ങളും ൰൨

ശാസ്ത്രം ഗ്രഹിച്ചിട്ടുംതോറും ചെമ്മേ വിജ്ഞാനിയാം നരൻ
അത്തമല്ലധ വിജ്ഞാനത്തിങ്കൽ തൃഷ്ണയുമേറിടും ൰൩

ക്ലേശമേലാതെ പാപങ്ങൾ ചെയ്യാതെ നിജ വൃത്തിയാൽ
കാലം കഴിക്കുവാൻ മാത്രം ക്രമമായ് നേടണം ധനം ൰൪

പ്രായത്തിന്നും പ്രവൃത്തിക്കും പഠിപ്പിന്നും കുലത്തിനും
പോരുന്ന വേഷവും വാക്കും പ്രജ്ഞയും പൂണ്ടു വാഴണം ൰൫

വെള്ളത്തിൽ മലമൂത്രങ്ങൾ വിസൎജ്ജിക്കൊല്ല തുപ്പൊല്ല
ചേൎക്കൊല്ല വേറശുദ്ധങ്ങൾ ശോണിതങ്ങൾ വിഷങ്ങളും ൰൬

മൎദ്ദിക്കൊല്ലാ മണ്ണുമാടും നഖത്താൽ പുൽമുറിക്കൊലാ
നിഷ്ഫലം ചെയ്യൊലാ കൎമ്മമസുഖോദൎക്കമേതുമേ ൰൭

ചൊൽവൂ "ഭദ്രം" "ഭദ്ര"മെന്നോ "ഭദ്രം" താനെന്നു തന്നെയോ
ശുഷ്കദ്വേഷങ്ങൾ വയ്ക്കായ്ക വാദിച്ചിടായ്കയാരോടും ൰൮

ഹീനാംഗരതിരിക്താംഗർ വിദ്യാഹീനർ വയോധികർ
കുല, രൂപ, ദ്രവ്യഹീനരിവരെ നിന്ദചെയ്യൊലാ ൰൯

ധൎമ്മത്തിൻ മൂലമായ് തന്റെ കൎമ്മത്തിൽ സ്ഥായിതാനമാം
ശ്രുതിസ്മൃതികളോതിടും സദാചാരങ്ങൾ ചെയ്യുക ൨൰

ആചാരമായുസ്സരുളും നല്ലസന്താനവും തരും
ആചാരമക്ഷയം നൽകും ധനം പോക്കുമമംഗളം ൨൰൧

---

# കാളിക്കോട്ട

(പി. ററി. കണ്ണൻ)

ദക്ഷിണ ഇന്ത്യയിൽ ഉള്ളതുപോലെ അത്ര അധികം ക്ഷേത്രങ്ങൾ വടക്കെ ഇന്ത്യയിൽ കാണ്മാനില്ല. ഉള്ളവയിൽ പ്രധാനമായതൊക്കെയും ഗംഗാനദിയുടെ കരക്കാകുന്നു സ്ഥിതിചെയ്യുന്നത്. ഗംഗാദേവിയുടെ വിഗ്രഹംതന്നെയുള്ള 'ഗംഗോത്രി, എന്ന ക്ഷേത്രം ഹിമാലയശിഖരത്തിൽ ഗംഗയുടെ കരക്കാകുന്നു നിൽക്കുന്നത്. നദിയുടെ ഉത്ഭവസ്ഥാനത്തുനിന്നു ഈ ക്ഷേത്രത്തിലേക്കു രണ്ടു കാതം ദൂരമെയുള്ളു. പുണ്യസ്ഥലങ്ങളിൽതൊഴാനായിപുറപ്പെട്ടവരുടെ തീൎത്ഥയാത്ര ഇവിടെഎത്തിച്ചെന്നാൽ അവസാനിച്ചെന്നു വിചാരിക്കാവുന്നതാണ്. പാവനമായ വിഷ്ണുക്ഷേത്രമെന്നു പ്രസിദ്ധി പൂണ്ട 'ബദരീനാഥം, ഗംഗയോടു ചേരുന്ന അളകാനന്ദാനദിയുടെ കരക്കാകുന്നു. ശുദ്ധഗംഗയിൽ സ്നാനം ചെയ്യാനായി തീർത്ഥയാത്രക്കാർ അസംഖ്യമായി കൂടുന്ന'ഹരിദ്വാരം, ഹിമവാനെ ഗംഗവിട്ടു പിരിയുന്നടിക്കലാണ്. ശ്രീകൃഷ്ണന്റെ ജന്മഭൂമിയും കേളിസ്ഥലവും ആയ 'മധുരയും, 'വൃന്ദാവനവും, യമുനാനദിയിൽ നിന്നു ദൂരെയല്ല. പുണ്യസ്ഥലങ്ങളിൽ ഒന്നാമതായെണ്ണിവരുന്ന 'വാരാണസി, യും ഗംഗാതീരത്തുതന്നെ. ഇവിടെ വിവരിപ്പാൻ പോകുന്ന 'കാളിക്കോട്ടയും ഭാഗീരഥിയെന്നുകൂടെ വിളിക്കപ്പെടുന്ന ഗംഗയുടെ കരക്കാകുന്നു.

കൽക്കത്തയിൽ കാളിഘാട്ട എന്ന സ്ഥലത്താകുന്നു ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നതു. കൽക്കത്ത എന്ന പേർതന്നെ ഇതിൽ നിന്നു സിദ്ധിച്ചതാകുന്നു. നമ്മുടെ സംസ്ഥാനത്തു നിന്നു കൽക്കത്തക്കു പോകുന്നവർ ഇറങ്ങേണ്ടതായ 'ഹൌറാ, എന്ന തീവണ്ടി ആഫീസിൽ നിന്നു ഈ ക്ഷേത്രത്തിലേക്കു ഏകദേശം ൩ നാഴിക കാണും. ഇംഗ്ലീഷുകാർ ബെങ്കാളം സ്വാധീനപ്പെടുത്തുന്നതിനു മുമ്പു അന്നു ജസ്സൂർ എന്നു വിളിക്കപ്പെട്ടിരിക്കുന്ന കാളിഘാട്ടും അതിന്നടുത്ത പ്രദേശവും ഭരിച്ചുകൊണ്ടിരുന്നവരിൽ 'പ്രതാപാദിത്യൻ, എന്നു പേരായി ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹമാണെപോൽ ഈ ക്ഷേത്രം ഏൎപ്പെടുത്തിയതു. ഈ കോട്ടക്കു ഏകദേശം ൩൦൦ കൊല്ലത്തെ പഴക്കം കാണും. ഹൂഗ്ലീനദിയിൽ നിന്നു നാലുപാടും പ്രവഹിക്കുന്ന ശാഖകളിൽ ഒന്നു ഈ കോട്ടക്കരികെയാകുന്നു ഒഴുകിപ്പോകുന്നതു.

ബെങ്കാളദേശത്തു ഏതൊരു മുക്കിലും ചെന്നുനോക്കിയാൽ കാളിയുടെ ക്ഷേത്രം കാണാവുന്നതാണ്. ജഗദ്ധാത്രി, കാത്ത്യായിനി, ഭവാനി, ദുർഗ്ഗാ, ഭഗവതി എന്നീ പേരുകളോടെ ഉൾനാട്ടുകളിൽ കാളിയെ ആരാധിച്ചുവരുന്നു. ഹിന്തുക്കളായ ബെങ്കാളികളുടെ വീടുകളിലെല്ലാടവും കാളിയുടെ പടം വെച്ചു നിത്യപൂജ ചെയ്തുവരുന്നു. കാളിക്ഷേത്രത്തിൽ പോയി പ്രദക്ഷിണം ചെയ്തു കാളിക്കു ബലി കൊടുത്തു പ്രസാദിപ്പിച്ചതിന്റെശേഷമെ ബെങ്കാളികൾ എന്തൊരു കാര്യവും ആരംഭിക്കയുള്ളു. വധൂവരന്മാർ വിവാഹത്തിനുമുമ്പായി കാളിയുടെ അനുഗ്രഹത്തെ സമ്പാദിക്കുന്നു. "ആളീജനസമൂഹത്തിൽ മേളിച്ചു നൃപകന്യകാ കാളീപ്രണാമവും ചെയ്തു നാളീകാക്ഷിവരും വിധൌ" എന്നാണ് ശ്രീകൃഷ്ണസ്വാമിയുടെ കൂടെ ഓടിപ്പോവാൻ തീർച്ചപ്പെടുത്തീട്ടുള്ള രുഗ്മിണീദേവിയെപ്പറ്റിപറഞ്ഞിട്ടുള്ളതു. പൌരാണികന്മാരെ ആരംഭിച്ചതായ ഈവക സമ്പ്രദായങ്ങൾ, കാളിയിലുള്ള അപാരമായവിശ്വാസത്തോടെ ഇന്നും ബെങ്കാളികൾ നടത്തിവരുന്നു. നമ്മുടെ ഇടയിൽ പുരുഷന്മാർക്കു "രാമൻ, കൃഷ്ണൻ, പത്മനാഭൻ, വേലായുധൻ" എന്നീ പേരുകളും സ്ത്രീകൾക്കു "ലക്ഷ്മി, പാർവതി, നാരായണി, ദേവകി,, മുതലായ പേരുകളും എത്രത്തോളം സാധാരണമോ, അത്രമേൽ പ്രചാരമുള്ളതത്രെ ബെങ്കാളികൾക്കു കാളിദേവിയോടു ചേർന്ന പേരുകൾ "കാളീപ്രസാദ്, കാളീമിത്രൻ, കാളീച്ചരൻ, കാളീനാരായണൻ" ഇതെല്ലാം അവിടത്തെ പുരുഷന്മാരുടെ പ്രധാനമായ പേരുകളാകുന്നു. "കാളിദായി, ഈശ്വരിഭായി, കാളിപ്രിയ, കാളീദാസി" എന്നീ പേരുകൾ സ്ത്രീകൾക്കു അവിടെ വളരെ സാധാരണയാണ്. ഉഗ്രമൂർത്തിയായ കാളിയെ ജനങ്ങൾ ഇത്രത്തോളം ഭയഭക്തിയോടെ പൂജിച്ചുവരുന്നതു പ്രസാദംകൊണ്ടു സിദ്ധിക്കാവുന്ന നന്മയെക്കാളും കോപംകൊണ്ടു വരാനിടയുള്ള ആപത്തിനെയോർത്താണ്.

സംഗതിവശാൽ ഞാൻ കൽക്കത്തയിൽ ഒരുമാസത്തോളം താമസിക്കേണ്ടിവന്നിരുന്നു. അപ്പോഴാണ് ഞാൻ ഈ കാളിക്കോട്ടയെപ്പറ്റി ചില കാര്യങ്ങൾ മനസ്സിലാക്കിയതു. ഭാഗീരഥിയുടെകരക്കു ഞാൻ തോണിയിറങ്ങിയപ്പോഴെക്കുതന്നെ 'പണ്ഡെഉമസ്സുന്നാരെ'ന്നു പറഞ്ഞുവരുന്ന ഒരു കൂട്ടക്കാർ എന്നെവന്നു വളഞ്ഞു. "സചിത്രപത്തിന്റെ സ്വഭാവത്തെക്കൊണ്ടു ഹൃദയത്തിന്റെ സ്വഭാവം നിശ്ചയിക്കാൻ പാടില്ലെന്നു" ഇവരുമായി ഇടപെടുന്നവർ അറിഞ്ഞിരിക്കേണ്ടതാണ്. ദൈവികകർമ്മങ്ങൾ ചെയ്വാൻ നല്ലവണ്ണം പഠിപ്പിച്ചിട്ടുള്ള ബ്രാഹ്മണപണ്ഡിതന്മാർക്കാകുന്നു 'പണ്ട' എന്ന

പേർ പറഞ്ഞുവരുന്നതു്. വഞ്ചിക്കും വണ്ടിക്കും മററും ആളുകളെ ശേഖരിക്കുന്നതുപോലെ 'പണ്ടു'കൾക്കുവേണ്ടി യാത്രക്കാരെ പിടികൂടുന്ന ദെല്ലാലിമാരാകുന്നു പണ്ടഗൃഹസ്ഥന്മാർ. അനേകതരമായ പാടും പട്ടിണിയും സഹിച്ചു കാശി, രാമേശ്വരം, പുരിമുതലായ വലിയ ക്ഷേത്രങ്ങളിൽ എത്തിച്ചേർന്ന യാത്രക്കാരുടെ ഉടുപ്പുകളുംകൂടി ഈ പണ്ടരങ്ങൾ കവർന്നു ചക്രം ചുററിച്ചതായി ഞാൻ കണ്ടിട്ടുള്ളതുകൊണ്ടാണ് പണ്ടഗൃഹസ്ഥന്മാരെപ്പററി രണ്ടു വാക്കു ഇവിടെ പറയാമെന്നു വിചാരിക്കുന്നതു. പണ്ടഗൃഹസ്ഥന്മാരുടെ തലവന്മാർ അനേക കൂട്ടായ്മകൾവെച്ചു കളം നടത്തിയ പെരുംകള്ളന്മാരാണെന്നും, അവർ വേണ്ടപ്പെട്ടതായ വർത്തമാനങ്ങൾ കൊടുക്കുന്നവരിൽ ഈ മാതിരിക്കാർ ധാരാളം ഉണ്ടെന്നും അറിയുന്നവർ അവരുടെ സഹായത്തെ തേടാതിരിക്കമാത്രമല്ല, യാത്രക്കാരുടെ വാസസ്ഥലവും മററു വിവരങ്ങളും അവരെ ഗ്രഹിപ്പിക്കാതിരിപ്പാൻ കൂടി സൂക്ഷിക്കേണ്ടതാണെന്നു യാത്രക്കാർ മനസ്സിലാക്കിയാൽകൊള്ളാം. അവരുടെ ലോഭ്യവും ഭക്തിയും വിനയവും കണ്ടു ക്ഷേത്രങ്ങളിൽ കർമ്മങ്ങൾ ചെയ്യാനായി അവരെ ദെല്ലാലിമാരായി സ്വീകരിച്ചാൽ പല ആപത്തുകളും നേരിടുന്നതാണ്. അവരുടെ കൂട്ടത്തിൽത്തന്നെ യാത്രചെയ്യുന്ന സ്ത്രീകൾക്കു വേണ്ടതായ ഒത്താശകൾ ചെയ്‌വാൻ കാത്തുനിൽക്കുന്ന ചില സ്ത്രീകളും ഉണ്ടു്. അവരുടെ ഭക്തിയും മററും കണ്ടാൽ ആരും അവരെ സംശയിക്കയില്ല. അവരാണ് സ്ത്രീകളോടു തങ്ങളുടെ കൂടെ വന്ന പുരുഷന്മാരുടെ ഉള്ളുകളി യുക്തിയായ് ചോദിച്ചറിഞ്ഞു, മേല്പറഞ്ഞ ഗൃഹസ്ഥന്മാർക്കു വിവരംകൊടുക്കുന്നതു്. അനാഥമാരായ വിധവമാരാണെന്നും, ജീവിതകാലം ഈശ്വരാരാധനയിൽ ചെലവുചെയ്‌വാൻ തീർച്ചപ്പെടുത്തിയ പരോപകാരിണികളാണെന്നും പുറമെ പറഞ്ഞു വിശ്വസിപ്പിക്കുന്ന ഇക്കൂട്ടർ പണ്ടഗൃഹസ്ഥന്മാരുടെ ഭാര്യമാരാകുന്നു.

യാത്രക്കാരുടെ പണവും സാമാനങ്ങളും ഉപായത്തിൽ കട്ടുകൊണ്ടുപോവാനുള്ള ഏർപ്പാട ചെയ്യുന്ന ചതിയന്മാർ ഈ വർഗ്ഗത്തിലുണ്ടായേക്കാമെന്നുള്ള സംശയത്തിന്മേൽ ഞാൻ അവരുടെ സഹായമൊന്നും കൂടാതെതന്നെ ക്ഷേത്രത്തിലേക്കുപോയി തൊഴുതുവരുന്നതാണെന്നു എനിക്കറിയുന്ന ഹിന്ദുസ്ഥാനിവാക്കുകളൊക്കെ ഉപയോഗിച്ചു അവരെ മനസ്സിലാക്കിയെങ്കിലും അവർ എന്നെ വിടുവാൻ ഭാവമില്ല. എന്നെക്കൊണ്ടൊരുപിടിയും വലിയുമായി. ഒടുക്കം ഞാൻ അവരെ എന്റെ കീശ പരിശോധിപ്പാനായി അനുവദിച്ചു. അതിൽ ആകപ്പാടെ രണ്ടണ ആറുപൈ മാത്രമേ ഉ

ണ്ടായിരുന്നുള്ളു. ഇതു കണ്ടപ്പോൾ അവർ ഓരോരുത്തരായി പിരിഞ്ഞു. നീചവൃത്തിയിൽ നാളു കഴിക്കുന്നവനും, ലാഭത്തിന്നു സേവപിടിക്കുന്നവനും ഇച്ഛാഭംഗം നേരിട്ടാൽ ഒരുവക മര്യാദകാണിക്കാറുണ്ടല്ലോ. ഇക്കൂട്ടർ പോകുമ്പോൾ അങ്ങിനെയുള്ള മര്യാദകാണിക്കുന്നതിൽ ഒട്ടും ഉപേക്ഷ ചെയ്തിട്ടില്ല. എങ്കിലും അവരുടെ ഭാഷയിലുള്ള പരിചയക്കുറവു നിമിത്തം ഉപയോഗിച്ച വാക്കുകളുടെ അർത്ഥമൊന്നും എനിക്കത്ര മനസ്സിലായില്ല.

അങ്ങിനെ പണ്ടാ ഗൃഹസ്ഥന്മാരുടെ പിടിയിൽ നിന്നിളകിപ്പോയ ഞാൻ നേരെ നടന്നു ക്ഷേത്രത്തിന്റെ മുമ്പിലെത്തി. ക്ഷേത്രത്തിന്റെ എടുപ്പുകണ്ടു ഞാൻ ആശാഭംഗനായ്പ്പോയി, എങ്കിലും അവിടെ കൂടിയ പുരുഷാരവും അവരുടെ നിഷ്ഠയോടു കൂടിയ കർമ്മവും കണ്ടു ഞാൻ വളരെ അതിശയിച്ചു. ഭാരതഖണ്ഡത്തിന്റെ തലസ്ഥാനത്തുള്ളതും, ആദിഗംഗയുടെ തീരത്തുള്ളതും ആയ ഈ ക്ഷേത്രത്തിന്റെ എടുപ്പിന്നു പറയത്തക്ക ഭംഗിയൊന്നുമില്ല. ദുർഗ്ഗാദേവിയുടെ ഘോരമായ വിഗ്രഹം ഒതുങ്ങുവാൻ മാത്രമുള്ള ഒരു ചെറിയ കെട്ടിടമാണ് പ്രധാനമായ ഭാഗം. ബെങ്കാളികളിൽ നിന്നു വേറെതന്നെ തിരിച്ചറിയാവുന്ന എന്നെ ആ ക്ഷേത്രത്തിന്റെ വാതില്ക്കൽ നിന്നുകൊണ്ടു യാത്രക്കാരെ ക്രമമായി ഉള്ളിലേക്കു കടത്തിവിടുന്ന ഒരാൾ അരികിലേക്കു വിളിച്ചു. ആയാൾ ആ ക്ഷേത്രത്തിന്റെ സമുദായികളിൽ ഒരുവനാണ്. ഇംഗ്ലീഷ് ഭാഷ നല്ലവണ്ണം അറിയാം. കുപ്പായവും ധരിച്ചിട്ടുണ്ട്. അതിന്നുള്ളിൽ ദർശനത്തിന്നായി കടക്കുന്നവരൊന്നും ഈ ഒരാവശ്യത്തിലേക്കായി കുപ്പായം അഴിക്കുന്നതു ഞാൻകണ്ടില്ല. ഈ അവസരത്തിൽ നമ്മുടെ ജഗന്നാഥ ക്ഷേത്രത്തിലെ നിർബന്ധമായ നിയമവും, മുമ്പു ഞാൻ ആ ക്ഷേത്രത്തിൽ പോയപ്പോൾ ഒരുമാലക്കാരൻ എന്റെകുട അകത്തേക്കു കൊണ്ടുവരാൻ പാടില്ലെന്നും മററും ധിക്കാരവാക്കുകൾ ഉപയോഗിച്ചു എന്നെശാസിച്ചതും എനിക്കോർമ്മവന്നു. തെക്കെ ഇൻഡ്യയിലുള്ള ഒട്ടുമുക്കാലും ക്ഷേത്രങ്ങളിൽ ഞാൻപോയിട്ടുണ്ട്. നമ്മുടെ ജഗന്നാഥ ക്ഷേത്രത്തിലൊഴിച്ചു വേറെ ഒരു ക്ഷേത്രത്തിലും കടപ്പാൻ ഞാൻ കുപ്പായം അഴിച്ചു വെച്ചിട്ടില്ല. ഈ നിർബന്ധമായ നിയമം നമ്മുടെ ക്ഷേത്രത്തിൽ ഏർപ്പെടുത്തിയവർ എന്തോ ചില സാരമായ ഉദ്ദേശത്തോടെ അങ്ങിനെ ചെയ്തതായിരിക്കണമെന്നു വെച്ചു അതിനെപ്പററി ഞാൻ ഒന്നുംതന്നെ പറയുന്നില്ല. അങ്ങിനെ ജനങ്ങളുടെ തിക്കിത്തിരക്കൊക്കെ അവസാനിച്ചപ്പോൾ ആ സമുദായി എന്നെ അകത്തേ

ക്ക കൂട്ടിക്കൊണ്ടുപോയി, വിഗ്രഹത്തിന്നു മുമ്പെത്തിച്ചു, "നിങ്ങൾക്ക ഇഷ്ടമുള്ളതുവരെയുള്ള ദർശനത്തിന്നു ഞാൻ സമ്മതം തന്നിരിക്കുന്നു. നിങ്ങൾ പോകുന്നതുവരെ ഞാൻ ആരേയും അകത്തു കടത്തുന്നതല്ല" എന്നുപറഞ്ഞുകൊണ്ടു വിഗ്രഹത്തേയും ക്ഷേത്രത്തിന്റെ നടത്തിപ്പിനേയും പററി കുറെവിവരിച്ചു. പരമശക്തിയുടെ രൌദ്രരൂപമായ് പ്രതിഷ്ഠിച്ചിട്ടുള്ള ഈവിഗ്രഹംകാണുന്നവർ ഒന്നുഞെട്ടാതിരിക്കയില്ല. നിറം താറിനെക്കൂടികടത്തിവെച്ചിരിക്കുന്നു. കപാലങ്ങളാണ് കഴുത്തിലുംകാതിലുംആഭരണമായുപയോഗിച്ചിരിക്കുന്നതു. കാറുള്ളമാലയണിഞ്ഞിരിക്കുന്നു. നാവുപുറത്തേക്കുനീട്ടിയിരിക്കുന്നു. കണ്ണുകൾ കട്ടച്ചോരയുടെ നിറം. നാലുകൈകളുള്ളതിൽ ഒന്നിൽ ഒരുഖഡ്ഗവും. മററുള്ളവയിൽ പലവിധമായ നിവേദ്യസാധനങ്ങളുമുണ്ട്. നെററിയിലും ഭുജത്തിലും ഒരുപോലെ കുങ്കുമവും സിന്ദൂരവുംകൂട്ടിയായണിഞ്ഞിരിക്കുന്നു. ഇങ്ങിനെയുള്ള ഘോരരൂപത്തെ നോക്കി ഞാൻ അതിശയിച്ചു കൊണ്ടിരിക്കുമ്പോൾ, വിഗ്രഹത്തിന്നരികെയുള്ള വിളക്കുംകൊട്ട തൊട്ടുനില്ക്കുന്ന രണ്ടുപൂജാരിമാരായ യുവതികൾ വിഗ്രഹത്തിന്മേൽ പൂശിയതായസിന്ദൂരവും രക്തവും വാരിഎടുത്തു എന്റെ മുഖത്തും നെററിക്കും കൈകൊണ്ടു തേച്ചു. മഹേശ്വരിക്കു ദക്ഷിണകൊടുപ്പാനായി തളികനീട്ടി. ഞാൻ അതിൽ അരരൂപയിട്ടു. അങ്ങിനെ അവിടെനിന്നിറങ്ങി. ക്ഷേത്രത്തിനു നാലുപാട്ടും ഒന്നുകാണിക്കുവാനായി എന്റെ അപേക്ഷപ്രകാരം ആസാമുകാരി ഇംഗ്ലീഷുപരിചയമുള്ള ഒരാളെ എന്റെ കൂടെഅയച്ചു.

അവിടെയുള്ള കാഴ്ചകളിൽ ഒന്നുമാത്രമെ എനിക്കു വിശേഷവിധിയായ്തോന്നിയുള്ളു. അതിനെപ്പററിമാത്രം അല്പം വിവരിച്ച് അവസാനിപ്പിക്കാമെന്നാണ് വിചാരിക്കുന്നതു്. ക്ഷേത്രത്തിന്റെ ഇടത്തുഭാഗത്തു കല്ലിമണ്ണുകൊണ്ടുണ്ടാക്കിയ ഒരു ചെറിയ തറയുണ്ട്. അവിടെവെച്ചാണ് ആടുകളെ കാളിക്കു ബലികൊടുക്കുന്നതു്. അതിന്നായി രണ്ടിതലുള്ള ഒരു മരക്കുററി അവിടെ നാട്ടിട്ടുണ്ട്. ആ തറയും കുററിയും അതുതൊട്ടതൊട്ട സ്ഥലവും സദാ കട്ടച്ചോരകൊണ്ടു നിറഞ്ഞിട്ടാണ്. യാത്രക്കാർ ആ ചോരയെടുത്തു നെററിയിൽ ധരിക്കുകയും ആസ്ഥലത്തുവീണു സാഷ്ടാംഗ നമസ്കാരം ചെയ്കയും ചെയ്യുന്നു. ദിനംപ്രതി അവിടെവെച്ചു കൊല്ലപ്പെടുന്ന ആടുകളുടെ സംഖ്യ അമ്പതിൽ കുറയുന്നതല്ല. സംവത്സരത്തിലുള്ള പൂജാദിവസങ്ങളിൽ ആയിരത്തിൽപ്പരം ആടുകളെ അറുത്തുവരാറുണ്ട്. അതിനെ നേർച്ചയായ്ക്കൊണ്ടുവന്നവർ ഓരോത

ലസ്സം നാലണകണ്ടു അവിടെ കൊടുക്കണം. ഭാഗീരഥിയിൽ കു
ളിച്ചു ആട്ടിനെ മാമയിച്ചു കൂട്ടിക്കൊണ്ടുവരുന്ന തീർത്ഥയാത്രക്കാർ കോ
ട്ടയെ സംഘംസംഘമായ് വലംവെക്കുന്നതും, ആട്ടിനെ ബലികൊടു
ക്കുന്നതും ആകുന്നു ഞാൻ പറഞ്ഞതായ കാഴ്ച. ദീനസ്വരത്തോ
ടെ നിലവിളിക്കുന്ന നിർദ്ദോഷിയായ ആട്ടിൻകുട്ടിയെ ബലാൽക്കാ
രമായി വലിച്ചുകൊണ്ടുപോകുന്നതും, കല്ലുകൾ ഉക്കിപ്പിടിച്ച അ
യന്ത്രത്തിന്മേൽ കഴുത്തു നീട്ടിവെച്ചു ഓടിപ്പോകാതിരിപ്പാൻ ദ്വാ
രങ്ങളിൽക്കൂടെ കഴുത്തിന്മീതെ ഒരു വടിയിട്ടുറപ്പിക്കുന്നതും, നി
ഷ്ഠുരനായ പൂജാരി ദീർഘവും ഘനവുമുള്ള ഒരു വാളെടുത്തു ആഞ്ഞു
വലിഞ്ഞു അതിന്റെ കഴുത്തിൽ കൊത്തുന്നതും, രക്തം ഏറ്റു
കൊണ്ടു ഉടലും കഴുത്തും രണ്ടുഭാഗമായി തെറിച്ചുവീഴുന്നതും കാണു
ന്നതിൽപരം ദയനീയമായ ഒരു കാഴ്ച വല്ലതുമുണ്ടോ? അപ്രകാ
രമുള്ള ബലികൊണ്ടു പ്രസാദിക്കുന്ന മൂർത്തിയെയാണ്, ആഹാരത്തി
നുപോലും ജീവികളെ സംഹരിക്കുന്നതു പാപമാണെന്ന മതം, മ
നുഷ്യരുടെ ഇടയിൽ പരന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തു, ബെങ്കാ
ളികളിൽ മിക്കപേരും ബഹുമാനപൂർവ്വം ആരാധിക്കുന്നതു എന്നു
കേൾക്കുമ്പോൾ അവരുടെ പരിഷ്കാരത്തെപ്പററി ദൂരെനിന്നുമാത്രം
കേട്ടിട്ടുള്ളവർ സന്ദേഹപ്പെടാതിരിക്കയില്ല. ബെങ്കാളിബ്രാഹ്മണ
രിൽ ഒട്ടുമുക്കാലും മത്സ്യമാംസങ്ങൾ ഭക്ഷിക്കുന്നവരാണെങ്കിലും അ
തിനും പാടില്ലാത്ത ചിലർക്കു ദേവിക്കു ബലികൊടുത്തതായ ആട്ടി
ന്റെ പരിശുദ്ധമായ മാംസം നിരാക്ഷേപമായി ഭക്ഷിക്കാവുന്ന
താകയാൽ ഇത്തരക്കാർ കാളിയുടെ പരമഭക്തന്മാരാണ്.

ശരീരത്തിലെല്ലാം കൊണ്ടുവരുന്നു. ഈ വിസ്ഫുരണങ്ങളെല്ലാം ഒടുവിൽ തലച്ചോറോടു സംബന്ധിച്ചിരിക്കയുമാകുന്നു. വക്ഷ്യമാണ സംഗതികളുടെ ഹേതുക്കളെ വെളിവാക്കുന്നതിനായി ഇനിയുംപല വസ്തുതകളെ നാം ഓർക്കേണ്ടിയുണ്ട്. ഈ തണ്ടെല്ലിലെ സിരാപാശം തലച്ചോറിന്റെ ഉള്ളിലുള്ള ഒരുവക നീരിന്മേൽ തലയോടോടു സംബന്ധിക്കാതെ പൊങ്ങിക്കിടക്കുന്ന മജ്ജാമയമായ കന്ദത്തിൽ അവസാനിക്കുന്നു. അതുകൊണ്ടു തലയിൽ ഒരു തല്ലേൽക്കയാണെങ്കിൽ ആ തല്ലിന്റെ ഊക്ക് ആ നീരിൽ എത്തി ശിഥിലമായിപ്പോകയും, ആ കന്ദത്തെ ബാധിക്കാതിരിക്കയും ചെയ്യുന്നു. മേലത്തേക്കു നമുക്കിതു ഒരു പ്രധാനവസ്തുതയായിരിക്കും. രണ്ടാമതു ഈ എല്ലാ സ്ഥാനങ്ങളിലുംവെച്ചു മൂലാധാരം, സഹസ്രാരപത്മം, മൂലാധാരത്തിന്റെ നേരേ മുകളിലുള്ള സ്വാധിഷ്ഠാനം ഈ മൂന്നു സ്ഥാനങ്ങളെ നാം പ്രത്യേകം ഓർക്കേണ്ടതാണെന്നും അറിയണം. ഇനി ഭൗതികവിജ്ഞാനത്തിൽനിന്നു ഒരു വസ്തുതയെ നമുക്കെടുക്കണം. വൈദ്യുതശക്തിയേയും അതിനോടുസംബന്ധമുള്ള അനേകശക്തികളേയും പററി നാം എല്ലാംകേൾക്കുന്നുണ്ടല്ലോ. വൈദ്യുതശക്തിയെന്താണെന്നു ആർക്കും അറിഞ്ഞുകൂടാ. എന്നാൽ അറിയപ്പെട്ടിടത്തോളം ഇതൊരു ചലനം ആകുന്നു.

ലോകത്തിൽ വേറെയും പല പ്രകാരത്തിൽ ചലനങ്ങളുണ്ട്. അവയ്ക്കും വിദ്യുച്ഛക്തിക്കുമായി വ്യത്യാസമെന്തു? ഈ മേശ ചലിക്കുന്നു. (അതായതു ഈ മേശയുടെ അവയവാണുക്കൾ എല്ലാം ഭിന്നമാർഗ്ഗങ്ങളിലായി പാഞ്ഞുകൊണ്ടിരിക്കുന്നു) എന്നിരിക്കട്ടെ. അവയെ എല്ലാം ഒരേവഴിക്കു ചലിപ്പിക്കയാണെങ്കിൽ ആ ചലനം വിദ്യുച്ഛക്തിയായി. അണുക്കൾ എല്ലാം ഒരേവഴിക്കു ചലിക്കുമ്പോഴാണു് വൈദ്യുതചലനമെന്നു പറയുന്നതു്. ഒരു മുറിക്കകത്തുള്ള വായവീയാണുക്കളെ എല്ലാം ഒരേവഴിക്കു ചലിപ്പിക്കാമെങ്കിൽ അതു് ആ മുറിയിലുള്ള വിദ്യുച്ഛക്തിയുടെ അതിശക്തിമത്തായ ഒരു വൈദ്യുതകോശം (Battery) ആയിത്തീരുന്നതാണ്. ശരീരശാസ്ത്രത്തിൽനിന്നു വേറൊരു തത്വം നാം ഓർക്കേണ്ടിയുണ്ട്. ശ്വാസകോശാവയവസംഹതിയെ ക്രമീകരിക്കുന്ന പ്രധാന സ്ഥാനത്തിനു സിരാസംഹതിയുടെ മേൽ ഒരുവിധം നിയാമക വ്യാപാരമുണ്ട്. ശ്വാസകോശാവയവ സംഹതിയുടെ നിയാമകസ്ഥാനം ഹൃദയപഞ്ജരത്തിന്റെ പിൻഭാഗത്തു തണ്ടെല്ലിലുമാണ്. ഈ സ്ഥാനം ശ്വാസകോ

ശാവയവങ്ങളെ ക്രമീകരിക്കയും, മററു അപ്രധാനസ്ഥാനങ്ങളുടെ മേൽ ഒരുവിധം നിയമനശക്തിയെ പ്രയോഗിക്കയും ചെയ്യുന്നുണ്ട്.

ശ്വാസോച്ഛ്വാസം എന്തിന്നായി പരിശീലിക്കപ്പെടുന്നു എന്നു ഇനി നമുക്കുനോക്കാം. ഒന്നാമതു തന്നെ ശ്വാസോച്ഛ്വാസക്രമത്തെ സമീകരിക്കുന്നതുകൊണ്ടു ശരീരത്തിലുള്ള എല്ലാ അവയവങ്ങൾക്കും ഒരേവഴിക്കു ചലിപ്പാനുള്ള ആഭിമുഖ്യമുണ്ടാകും. മനസ്സു ഇച്ഛയായി പരിണമിക്കുമ്പോൾ ആ ചലനങ്ങൾ വിദ്യുച്ഛക്തിക്കു തുല്യമായ ഒരു ചലനമായി മാറും. എന്തുകൊണ്ടെന്നാൽ വൈദ്യുത ചലനധാരയുടെ വ്യാപാരത്താൽ സിരകൾക്കു ഐകാഭിമുഖ്യം (ഒരുവശത്തോട്ടു തിരിയുന്ന സ്വഭാവം) വരുന്നു എന്നുള്ളതു സിദ്ധാന്തിക്കപ്പെട്ടിട്ടുള്ളതാകുന്നു. ഇച്ഛ സിരാചലനധാരയിലേക്കു വ്യാപിക്കുമ്പോൾ അതു വിദ്യുച്ഛക്തിപോലുള്ള ഏതൊന്നായി പരിണമിക്കുന്നു എന്നു ഇതു കാണിക്കുന്നു. ശരീരത്തിലുള്ള എല്ലാ ചലനങ്ങളും പൂർണ്ണമായി സമീകരിക്കുമ്പോൾ ശരീരം മനശ്ശക്തിയുടെ (ഇച്ഛയുടെ) ഒരു അതിമഹത്തായ ബാററി (വൈദ്യുതകോശം) ആയിത്തീരുന്നു. ഈ മഹത്തായ മനശ്ശക്തിയാണു വാസ്തവത്തിൽ യോഗിക്കുവേണ്ടതു. അതുകൊണ്ടു ഇതു ശ്വാസോച്ഛ്വാസത്തിന്റെ ഒരു ശരീരശാസ്ത്രീയമായ വിവരണമാകുന്നു. ശ്വാസോച്ഛ്വാസം ശരീരത്തിൽ ഒരു സമസ്ഥിതിയിലുള്ള വ്യാപാരത്തെ ഉണ്ടാക്കാൻ പ്രേരിപ്പിക്കയും ശ്വാസസ്ഥാനം വഴിയായി മററുള്ള സ്ഥാനങ്ങളെ നിയമനം ചെയ്യുന്നതിൽ നമ്മെ സഹായിക്കയും ചെയ്യുന്നു. ഇവിടെ പ്രാണായാമത്തിന്റെ ഉദ്ദേശ്യം കുണ്ഡലിനി എന്നു പറയുന്ന മൂലാധാരത്തിൽ ചുററിക്കിടക്കുന്ന ശക്തിയെ ഉൽബോധിപ്പിക്കയാകുന്നു.

നാം കാണുകയൊ, ഊഹിക്കയൊ, സങ്കല്പിക്കയൊ, ചെയ്യുന്ന എല്ലാവും നാം ഒരു ഇടത്തിൽ അതായതു ആകാശത്തിൽ വച്ചു ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഇതു മഹാകാശം എന്നു പറയുന്ന സാധാരണ ഇടമാകുന്നു. ഒരു യോഗി മററുള്ളവരുടെ വിചാരങ്ങളെ കാണുകയൊ അല്ലെങ്കിൽ അതീന്ദ്രിയ വിഷയങ്ങളെ ഗ്രഹിക്കയൊ ചെയ്യുമ്പോൾ അയാൾ അവയെ ചിത്താകാശം എന്നുപറയുന്ന മററൊരു വിധമായ ഇടത്തിൽ വച്ചു കാണുകയാകുന്നു. ഗ്രഹണം അല്ലെങ്കിൽ സാക്ഷാൽകാരം വിഷയരഹിതമായിത്തീരുകയും ആത്മാവു അതിന്റെ സഹജസ്ഥിതിയിൽതന്നെ പ്രകാശിക്കയും ചെയ്യുമ്പോൾ അതിന്നു ചിദാകാശം അല്ലെങ്കിൽ ജ്ഞാനാകാശം എന്നു പറയുന്നു. കുണ്ഡലിനി ഉൽബോധിച്ചു സുഷുമ്നാ മാർഗ്ഗത്തിൽ

പ്രവേശിക്കുമ്പോൾ ഉള്ള സാക്ഷാൽകാരങ്ങൾ എല്ലാം ചിത്താകാശത്തിൽ ഉള്ളവയാകുന്നു. അതു തലച്ചോറിലേക്കു തുറക്കപ്പെട്ടിരിക്കുന്ന ആ പ്രണാളിയുടെ അററത്തു എത്തുമ്പോൾ ഉള്ള വിഷയരഹിതമായ സാക്ഷാൽകാരം ചിദാകാശത്തിലുള്ളതാകുന്നു. വിദ്യുച്ഛക്തിയുടെ സാദൃശ്യത്തെ എടുക്കുമ്പോൾ മനുഷ്യൻ ഒരുകമ്പിയിൽകൂടിമാത്രമേ ഒരു ചലനധാരയെ അയയ്ക്കാവൂ എന്നു കാണുന്നു. എന്നാൽ പ്രകൃതിക്കു തന്റെ ശക്തിയേറിയ ചലനധാരകളെ കടത്തിക്കൊണ്ടുപോവാൻ കമ്പികളുടെ ആവശ്യമേ ഇല്ല. ഇതുകൊണ്ടു വാസ്തവത്തിൽ കമ്പിയുടെ ആവശ്യകതയില്ലെന്നും എന്നാൽനമുക്കു അതിനെ വിട്ടുകളവാനുള്ള ശക്തിയില്ലാത്തതിനാൽ നാം അതിനെ ഉപയോഗിപ്പാൻ നിർബ്ബന്ധിക്കപ്പെടുകയാണെന്നും വിശദമാകുന്നു.

അതുപോലെ ശരീരത്തിലുള്ള എല്ലാ ഇന്ദ്രിയ ബോധങ്ങളും ചലനങ്ങളും തലച്ചോറിലേക്കും അവിടെനിന്നു വെളിയിലേക്കും ഈ സിരാതന്തുക്കളാകുന്ന കമ്പികൾ വഴിയായി അയയ്ക്കപ്പെടുകയാകുന്നു. തണ്ടെല്ലിലെ സിരാപാശത്തിലുള്ള ജ്ഞാനവാഹിനികളും ക്രിയാവാഹിനികളുമായ തന്തുസംഹതികളാണ് യോഗികളുടെ ഇഡയും പിംഗളയും. ആരോഹികകളും അവരോഹികകളുമായ ചലനധാരകൾ സഞ്ചരിക്കുന്നതായ പ്രധാന പ്രണാളികൾ ഇവയാണ്. എന്നാൽ എന്തുകൊണ്ട് മനസ്സു ഒരു കമ്പികൂടാതെതന്നെ സമാചാരങ്ങളെ അയയ്ക്കയോ കമ്പികൂടാതെതന്നെ പ്രത്യാനയിക്കയോ ചെയ്യയില്ല? പ്രകൃതിയിൽ അതു അപ്രകാരം തന്നെ ചെയ്യപ്പെടുന്നതായി നാം കാണുന്നു. നിങ്ങൾക്കു അങ്ങിനെ ചെയ്വാൻ സാധിച്ചു എങ്കിൽ ജഡപദാർത്ഥത്തിന്റെ ബന്ധത്തിൽ നിന്നു നിങ്ങൾ മുക്തരായെന്നാണ് യോഗിപറയുന്നതു. അതെങ്ങിനെസാധിക്കും? നിങ്ങൾക്കു ഈ ചലനധാരയെ തണ്ടെല്ലിന്റെമദ്ധ്യേയുള്ള പ്രണാളിയായ സുഷുമ്നയിലൂടെ കടത്തിവിടാമെങ്കിൽ ഈ സന്ദേഹത്തെ നിങ്ങൾ ഉടനെ നിവർത്തിച്ചു. മനസ്സാണ് സിരാസംഹതികളെക്കൊണ്ടു വലകെട്ടിയുണ്ടാക്കിയതു; തനിക്കു വ്യാപരിപ്പാൻ കമ്പികളുടെ അപേക്ഷ ഉണ്ടാകാതിരിക്കത്തക്കവണ്ണം അതുതന്നെ ആ വലയെ പൊട്ടിച്ചു കളയേണ്ടതുമാണ്. അപ്പോൾ മാത്രമേ എല്ലാ ജ്ഞാനങ്ങളും നമുക്കുണ്ടാവൂ. പിന്നെ ശരീരബന്ധമില്ല. അതുകൊണ്ടാണ് നിങ്ങൾ സുഷുമ്നയെ സ്വാധീനമാക്കണം എന്നുള്ളതു അത്ര പ്രധാനമായിരിക്കുന്നതു. നിങ്ങൾക്കു മാനസ ചലനധാരയെ ആ അന്തശ്ശൂന്യമായ പ്രണാളിയിൽകൂടി കമ്പിയുടെ സ്ഥാനത്തിലുള്ള ഒരു സിരാതന്തുവിന്റേയും സഹായ

ന്തോട്ടുകൂടാതെ അയയ്പാൻ കഴിഞ്ഞു. എങ്കിൽ നിങ്ങളുടെ സന്ദേഹത്തിനു നിവൃത്തികിട്ടിക്കഴിഞ്ഞു എന്നു യോഗി പറയുന്നു. അതു സാദ്ധ്യമാണെന്നും അയാൾ പറയുന്നു.

സാധാരണ മനുഷ്യർക്കു ഈ സുഷുമ്നയുടെ അടിയിലത്തെ അററം മൂടപ്പെട്ടിരിക്കുന്നു. അതുവഴിയായി ഒരു വ്യാപാരവും നടക്കുന്നില്ല. യോഗി ഒരു അഭ്യാസത്തെ നിർദ്ദേശിക്കുന്നു. അതുകൊണ്ടു അതു തുറക്കപ്പെടും. സിരാചലനധാരകൾ അതുവഴി സഞ്ചരിക്കയും ചെയ്യും. ഇന്ദ്രിയബോധം ഒരു സ്ഥാനത്തേക്കു നയിക്കപ്പെടുമ്പോൾ ആ സ്ഥാനം പ്രതികരിക്കുന്നു. ഈ പ്രതിക്രിയയെ സ്വയം ചലിതമായ സ്ഥാനങ്ങളിൽ ചലനം പിന്തുടരുന്നു. സബോധമായ സ്ഥാനങ്ങളിൽ ആദ്യം പ്രത്യക്ഷജ്ഞാനവും രണ്ടാമതു ചലനവും പിന്തുടരുന്നു. പ്രത്യക്ഷജ്ഞാനങ്ങൾ എല്ലാം വെളിയിൽനിന്നുള്ള ക്രിയകളുടെ പ്രതിക്രിയകളത്രെ. എന്നാൽ സ്വപ്നത്തിൽ പ്രത്യക്ഷം എങ്ങിനെ ഉണ്ടാവാം? അപ്പോൾ വെളിയിൽ നിന്നു ക്രിയകൾ വരുന്നില്ലല്ലോ. ക്രിയാവഹങ്ങളായ ചലനങ്ങൾ പല സ്ഥാനങ്ങളിലും ചുററിക്കെട്ടി കിടക്കുന്നതായി അറിയപ്പെട്ടിരിക്കുന്നതുപോലെ ജ്ഞാനവഹ ചലനങ്ങളും ഏതൊ ഒരു ദിക്കിൽ ചുററികെട്ടി കിടക്കുന്നുണ്ട്. ദൃഷ്ടാന്തം പറയാം. ഞാൻ ഒരു നഗരം കാണുന്നു. ആ നഗരത്തിൻെറ പ്രത്യക്ഷം ആ നഗരമായി പരിണമിച്ച ബാഹ്യവിഷയങ്ങളിൽനിന്നു ആനയിക്കപ്പെട്ട ഇന്ദ്രിസാക്ഷാൽകാരങ്ങളുടെ പ്രതിക്രിയയിൽനിന്നുണ്ടായതാണ്. അതായതു സാക്ഷാൽ കാരങ്ങളെ ഉള്ളിലേക്കു കൊണ്ടുവരുന്ന സിരകൾ തലച്ചോറിൻെറ അണുക്കളിൽ ഒരു ചലനത്തെ ഉണ്ടാക്കി; ആ സിരകൾ നഗരത്തിലുള്ള ബാഹ്യവിഷയങ്ങളാൽ ചലിപ്പിക്കപ്പെട്ടും ഇരുന്നു. എന്നാൾ ദീർഘകാലം കഴിഞ്ഞശേഷവും ആ നഗരത്തെ എനിക്കു ഓർമ്മിപ്പാൻ കഴിയുന്നല്ലൊ. ഈ ഓർമ്മ ശരിയായും ആ വസ്തു തന്നെ ആകുന്നു. കുറെ കൂടി ശാന്തമായ രൂപത്തിൽ ഇരിക്കുന്നു എന്നെയുള്ളു. ഈ ശാന്തതരമായ രൂപത്തെ എങ്കിലും ആവിഷ്കരിച്ച തുല്യമായ വിസ്ഫുരണങ്ങളെ തലച്ചോറിൽ ഉണ്ടാക്കിയ ക്രിയ എവിടെനിന്നുണ്ടായി? നിശ്ചയമായും ആദ്യത്തെ ഇന്ദ്രിയ സാക്ഷാൽകാരങ്ങളിൽ നിന്നല്ല. അതുകൊണ്ടു ഇന്ദ്രിയസാക്ഷാൽകാരങ്ങൾ ഏതൊ ഒരു ദിക്കിൽ ചുററിക്കെട്ടി കിടക്കുകയും അവയുടെക്രിയയിൽനിന്നു സ്വപ്ന പ്രത്യക്ഷം എന്നു പറയുന്ന ശാന്തമായ പ്രതിക്രിയയെ ഉത്ഭവിപ്പിക്കയും ചെയ്യുന്നതായിരിക്കണം. സ്ഥായികളായ ഇന്ദ്രിയ സാക്ഷാൽകാരങ്ങൾ എല്ലാം എവിടെ സംഭരിച്ചുകൂട്ടപ്പെട്ടപോലെ

ഇരിക്കുന്നതോ ആ സ്ഥാനത്തിനു മൂലാധാരമെന്നും ചുററികെട്ടി അടങ്ങികിടക്കുന്ന ക്രിയാശക്തിക്കു (ചുററികെട്ടികിടക്കുന്ന) കുണ്ഡലിനിയെന്നും പറയുന്നു. അടങ്ങിയിരിക്കുന്ന ക്രിയാശക്തിയും, ആ സ്ഥാനത്തിൽതന്നെ സംഭൃതമായിരിക്കും എന്നുള്ളതുവളരെ സംഭാവ്യമാണ്. എന്തുകൊണ്ടെന്നാൽ വളരെ ബുദ്ധിപതിപ്പിട്ടുള്ള വായനക്കും ബാഹ്യപദാർത്ഥങ്ങളെപ്പററിയുള്ള ധ്യാനത്തിനും ശേഷം ശരീരത്തിൽ മൂലാധാരസ്ഥാനം സ്ഥിതിചെയ്യുന്നതായ ഭാഗത്തു (ഹൃദ്യസിരാഗ്രന്ഥിയിൽആയിരിക്കാം) ചൂടുപിടിക്കുന്നുണ്ട്. എന്നാൽ ഈ കുണ്ഡലിനി (ചുററിക്കിടക്കുന്ന)ശക്തിയെ ഉൽബോധിപ്പിച്ചു വ്യാപരിപ്പിക്കയും, എന്നിട്ടു ബുദ്ധിപൂർവ്വമായി സുഷുമ്നാപ്രണാളിയിലേക്കു സഞ്ചരിപ്പാൻ അയക്കയും ചെയ്താൽ അതുസ്ഥാനങ്ങൾ തോറും എത്തി വ്യാപരിക്കുമ്പോൾ ഒരു ശക്തിയേറിയ പ്രതിക്രിയ ഉള്ളിൽ സംഭവിക്കും. ക്രിയാശക്തിയുടെ അല്പമായ ഒരംശം ഒരു സിരാതന്തുവിൽകൂടി സഞ്ചരിക്കുകയും സ്ഥാനങ്ങളിൽ (ആധാരങ്ങളിൽ) നിന്നു പ്രതിക്രിയയെ ഉത്ഭവിപ്പിക്കയും ചെയ്യുമ്പോൾ ആ പ്രത്യക്ഷം സ്വപ്നമൊ അല്ലെങ്കിൽ മനോരാജ്യമൊ ആകുന്നു. എന്നാൽ ദീർഘകാലത്തെ ആദ്ധ്യാത്മധ്യാനബലത്താൽ സഞ്ചയിക്കപ്പെട്ട ഈ ശക്തിയുടെ മഹത്തായ സംഘാതം സുഷുമ്നാമാർഗ്ഗമായി സഞ്ചരിക്കയും, ആ സ്ഥാനങ്ങളെ സമ്മർദ്ദിക്കയും ചെയ്യുമ്പോൾ പ്രതിക്രിയ വളരെ ശക്തിയേറിയതാകുന്നു. സ്വപ്നത്തിന്റെയൊ മനോരാജ്യത്തിന്റെയൊ പ്രതിക്രിയയെക്കാൾ എത്രയൊ അധികം ഉയർന്നതായിരിക്കുന്നു. ഇന്ദ്രിയപ്രത്യക്ഷത്തിന്റെ പ്രതിക്രിയയെക്കാൾ എത്രയൊ അധികം തീക്ഷ്ണമായും ഇരിക്കുന്നു. അതു അതീന്ദ്രിയ പ്രത്യക്ഷമാകുന്നു. ആ സ്ഥിതിയിൽ ഉള്ള മനസ്സിനു സ്വബോധാതീതം എന്നും പറയുന്നു. അത് എല്ലാ ഇന്ദ്രിയബോധങ്ങളുടെയും മഹാനഗരിയായ തലച്ചോററിൽ എത്തുമ്പോൾ തലച്ചോറുമുഴുവൻ പ്രതികരിക്കുന്നുപോലെ ആകുകയും ശരീരത്തിലുള്ള പ്രത്യക്ഷീകരിക്കുന്ന എല്ലാ അണുക്കളും പ്രതികരിക്കുന്ന പോലെ ആകുകയും അതിന്റെ ഫലമായി ജ്ഞാനത്തിന്റെപൂർണ്ണമായ പ്രകാശധാരണ', അതായതു ആത്മപ്രത്യക്ഷം ഉണ്ടാകുകയും ചെയ്യുന്നു. ഈ കുണ്ഡലിനി ശക്തി സഞ്ചരിച്ചു ഓരോ സ്ഥാനങ്ങളെ(ആധാരങ്ങളെ)കടന്നുചെല്ലുമ്പോൾ മനസ്സിന്റെ അടുക്കുകൾ ഒന്നിനുശേഷംഒന്നായി തുറക്കപ്പെട്ടതുപോലെ ആകുകയും യോഗിക്കു ഈമുഴുവൻ ബ്രഹ്മാണ്ഡവും അതിന്റെ സൂക്ഷ്മമൊ സ്ഥൂലമൊ ആയ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്യും. ഈ പ്രപഞ്ചത്തിന്റെ കാരണങ്ങളായഇന്ദ്രിയസാക്ഷാൽകാരം, പ്ര

തിക്രിയ എന്നിരണ്ടും അപ്പോൾ മാത്രം അവയുടെ പരമാൎത്ഥരൂപത്തിൽ അറിയപ്പെടും. അതിൽ നിന്നു എല്ലാ ജ്ഞാനവും ഉണ്ടാകയും ചെയ്യും. കാരണങ്ങൾ അറിയപ്പെട്ടാൽ കാൎയ്യങ്ങളെപ്പററിയ അറിവു നിശ്ചയമായും അതിനെ പിന്തുടരുന്നതാണല്ലോ.

ഇപ്രകാരം കുണ്ഡലിനിയെ ഉൽബോധിപ്പിക്കുന്നതാണ് ദിവ്യവിജ്ഞാനത്തെയും സ്വബോധാതീത പ്രത്യക്ഷം അല്ലെങ്കിൽ ആത്മസാക്ഷാൽകാരത്തെയും സമ്പാദിക്കുന്നതിനുള്ള ഏകോപായം. ഇതു പലമാൎഗ്ഗത്തിൽ സിദ്ധിച്ചെന്നുവരാം. ഈശ്വരഭക്തികൊണ്ടും സിദ്ധന്മാരായ ഋഷികളുടെ കാരുണ്യംകൊണ്ടും തത്വശാസ്ത്രജ്ഞന്മാരുടെ പദാൎത്ഥവിവേചനപരമായ മനസ്സിന്റെ ശക്തികൊണ്ടും സാധിക്കാം. എവിടെ എങ്കിലും സാധാരണ അതിശയമായി പ്രായപ്പെടുന്ന ശക്തിയുടെയൊ വിജ്ഞാനത്തിന്റെയൊ ആവിൎഭാവം ഉണ്ടെങ്കിൽ സുഷുമ്നാമാൎഗ്ഗത്തിൽ കടന്ന കുണ്ഡലിനിയുടെ ഒരു ചെറിയ ചലനധാര അവിടെ ഉണ്ടായിരുന്നിരിക്കണം. അതിമാനുഷശക്തികളെ സംബന്ധിച്ച സംഗതികളുടെ വലിയൊരു ഭൂരിഭാഗത്തിലും അതുള്ളവർ കുണ്ഡലിനിയുടെ കെട്ടിന്റെ അത്യല്പമായ ഒരു ഭാഗത്തെ അഴിച്ചുവിടുന്ന ഏതോ അഭ്യാസത്തിന്മേൽ അറിയാതെ കാൽതെററിവീഴുകയാൽ വന്നതാകുന്നു. ബുദ്ധിപൂൎവ്വമായൊ അബുദ്ധിപൂൎവ്വമായൊ ഉള്ള എല്ലാ ആരാധനകളും ഈ ലക്ഷ്യത്തിൽ എത്തിക്കുന്നതാണ്. തന്റെ പ്രാൎത്ഥനകൾക്കു തനിക്കു ഫലം കിട്ടിവരുന്നു എന്നു വിചാരിക്കുന്ന മനുഷ്യൻ ആ ഫലസിദ്ധികൾ വന്നതു തന്നിൽ നിന്നുതന്നേയാണെന്നും, പ്രാൎത്ഥനയിലുള്ള മനസ്സിന്റെ സ്ഥിതിഭേദത്താൽ തന്നിൽ തന്നെ കുണ്ഡലിതയായി കിടക്കുന്ന അവധിയില്ലാത്ത ശക്തിയുടെ ഒരു ലേശത്തെ ഉൽബോധിപ്പാൻ തനിക്കു സാധിച്ചതാണെന്നും അറിയുന്നില്ല. അതുകൊണ്ടു മനുഷ്യൻ ഭയംഹേതുവായിട്ടും അരിഷ്ടത ഹേതുവായിട്ടും പലേ നാമങ്ങളിൽ ആരെ ആരാധിക്കുന്നുവൊ അതെല്ലാം എല്ലാ ജീവികളിലും കുണ്ഡലിതയായി കിടക്കുന്നതും നമുക്കു ഉപാസിപ്പാൻ അറിയാമെങ്കിൽ നിത്യാനന്ദത്തിന്റെ ജനയിത്രിയും ആയ ആ വാസ്തവശക്തിയെ ആണെന്നു യോഗി ലോകസമക്ഷം പ്രസ്താവിക്കുന്നു. മതത്തിന്റെ ശാസ്ത്രം അതായതു എല്ലാ ആരാധനകളുടെയും, എല്ലാ പ്രാൎത്ഥനകളുടെയും പ്രതിമകളുടെയും ഉപവാസചൎയ്യകളുടെയും, സിദ്ധികളുടെയും തത്വപ്രതിപാദകപ്രമാണം രാജയോഗവുമാകുന്നു.

———

# അദ്ധ്യായം ൫.

## അദ്ധ്യാത്മപ്രാണനിയമനം.

ഇനി നാം പ്രാണായാമത്തിലുള്ള അഭ്യാസങ്ങളെപ്പററി പ്രതിപാദിക്കേണ്ടിയിരിക്കുന്നു. യോഗികളുടെ അഭിപ്രായപ്രകാരം ആദ്യത്തെ പടി ശ്വാസകോശചലനത്തെ നിയമനംചെയ്കയാകുന്നു. ഇതു നാം കണ്ടുവല്ലോ. ശരീരത്തിനുള്ളിൽ നടന്നുകൊണ്ടിരിക്കുന്ന സൂക്ഷ്മചലനങ്ങളെ ഗ്രഹിക്കുകയാണ് നമുക്കു ചെയ്യേണ്ടിയുള്ളത്. നമ്മുടെ മനസ്സ് ബഹിർമ്മുഖമായിപ്പോകയും ഉള്ളിലത്തെ സൂക്ഷ്മചലനങ്ങളുടെ ജ്ഞാനം നമ്മിൽനിന്നു മറഞ്ഞുപോകയും ചെയ്തു. നമുക്കു അവയെ ഗ്രഹിക്കുന്നതു സാദ്ധ്യമാണെങ്കിൽ അവയെ നിയമനംചെയ്യുന്നതും സാദ്ധ്യംതന്നെ. ഈ സിരാചലനധാരകൾ ശരീരംമുഴുവൻ വ്യാപിച്ചുകൊണ്ടു സഞ്ചരിക്കയും ഓരോ മാംസപേശിയിലും ജീവിതത്തേയും ചൈതന്യത്തേയും ഉണ്ടാക്കുകയും ചെയ്യുന്നു. എന്നാൽ നാം അവയെ ഗ്രഹിക്കുന്നില്ല. അവയെ ഗ്രഹിപ്പാൻ നമുക്കു പഠിക്കാമെന്നു യോഗി പറയുന്നു. എങ്ങിനെ? ശ്വാസകോശചലനത്തിൽനിന്നു തുടങ്ങി പ്രാണന്റെ ഈ ചലനങ്ങളെ എല്ലാം സംഗ്രഹിച്ചു നിയമനംചെയ്തിട്ട്; അതിനെ നാം വേണ്ടിടത്തോളം കാലംചെയ്തുകഴിഞ്ഞാൽ ആ സൂക്ഷ്മചലനങ്ങളേയും നിയമനംചെയ്യുന്നതിനു നാം ശക്തരായിത്തീരുന്നതാണ്.

നാം ഇപ്പോൾ പ്രാണായാമത്തിലുള്ള അഭ്യാസങ്ങളിലാണ എത്തിയിരിക്കുന്നത്. നിവർന്നിരിക്കുവിൻ! ശരീരം ഋജുവാക്കിവെച്ചുകൊള്ളുവിൻ. തണ്ടെല്ലിലെ സിരാപാശം അതിന്റെ ഘടകാസ്ഥിപംക്തികളുടെ ഉള്ളിൽ ഇരിക്കയാണെങ്കിലും അതിനോടു ചേർന്നിരിക്കയല്ല. നിങ്ങൾ കുനിഞ്ഞിരുന്നാൽ ആ സിരാപാശത്തിന്നുപദ്രവംതട്ടും; അതുകൊണ്ടു അതു നിർബ്ബാധമായിരിക്കട്ടെ. നിങ്ങൾ കുനിഞ്ഞിരുന്നു ധ്യാനിപ്പാൻ ശ്രമിക്കുമ്പോളൊക്കെ നിങ്ങൾ നിങ്ങളെത്തന്നെ ഉപദ്രവിക്കയാകുന്നു. ശരീരത്തിൽ ഹൃദയം, കണ്ഠം, ശിരസ്സു, ഈ മൂന്നുഭാഗങ്ങളെയും എപ്പോഴും ഒരേനിരപ്പിൽ ഋജുവാക്കിവെച്ചുകൊള്ളണം. അല്പം പരിചയിച്ചാൽ ഇതു നിങ്ങൾക്കു ശ്വാസോച്ഛ്വാസംപോലെ സ്വാധീനമായി വരുന്നതാണ്. രണ്ടാമത്തെ സംഗതി സിരകളെ സ്വാധീനമാക്കുകയാകുന്നു. ശ്വാസകോശാവയവങ്ങളെ നിയമനം ചെയ്യുന്ന സിരാസ്ഥാനങ്ങൾക്കു

മററുള്ള സിരകളുടെ മേലും ഒരുവിധം നിയാമകശക്തിയുണ്ടെന്നുള്ളതും, അതുകൊണ്ടു സമീകൃതമായ ശ്വാസോച്ഛ്വാസം ആവശ്യമാണെന്നും കാണിക്കുന്നുവല്ലോ. നാം സാധാരണ ചെയ്തു വരുന്ന ശ്വാസോച്ഛ്വാസത്തെ ശ്വാസോച്ഛ്വാസമെന്നു പറവാൻ തന്നെ പാടില്ലാത്തതാണു. അതു വളരെ വ്യവസ്ഥകെട്ടതായിരിക്കുന്നു. കൂടാതെ സ്ത്രീകളുടെയും പുരുഷന്മാരുടെയും ശ്വാസോച്ഛ്വാസങ്ങൾക്കു തമ്മിൽ സ്വാഭാവികമായി ചില വ്യത്യാസവുമുണ്ടു.

ആദ്യത്തെ പാഠം മാത്രകളെ അനുസരിച്ചു ഒരു രീതിയിൽ ശ്വസിക്കുകയും ഉച്ഛ്വസിക്കുകയും ചെയ്യുകയാകുന്നു. ഇതു ശരീരബന്ധത്തെ മുഴുവൻ അനുശീലിപ്പിക്കുന്നതാണ്. ഇതിനെ സ്വല്പകാലം പരിശീലിച്ചശേഷം അതോടുചേർത്തു ഒരു ശബ്ദത്തെ ഉരുവിട്ടുകൊണ്ടാൽ നന്നു. ഓം എന്നോ വേറെ ഏതെങ്കിലും മന്ത്രമോ ആയാൽ മതി. ആ ശബ്ദം ശ്വാസത്തോടുകൂടി ഉള്ളിലേക്കും വെളിയിലേക്കും സമമായും അനുലോമമായും പ്രവഹിക്കട്ടെ. അപ്പോൾ ശരീരം മുഴുവൻ ഒരു സമസ്ഥിതിയെ പ്രാപിക്കുന്നതായി നിങ്ങൾ കാണും. വിശ്രമം എന്നാൽ എന്താണെന്നു അപ്പോൾ നിങ്ങൾക്കു മനസ്സിലാകും. അതോടുതാരതമ്യപ്പെടുത്തിയാൽ ഉറക്കം വിശ്രമമല്ല. ഈ വിശ്രമത്തെ ഒരിക്കൽ അനുഭവിച്ചാൽ ഏററവും പരിശ്രാന്തമായ സിരകൾക്കുപോലും ആശ്വാസമുണ്ടാകയും ഇതിനു മുമ്പൊരിക്കലും നിങ്ങൾ വാസ്തവത്തിൽ വിശ്രമിച്ചിട്ടില്ലെന്നു തോന്നുകയും ചെയ്യും. ഒന്നു, രണ്ടു, മൂന്നു, നാലു എന്നു എണ്ണുന്നതിനു പകരം ഇന്ത്യയിൽ ഞങ്ങൾ ചില അർത്ഥവത്തുകളായ ശബ്ദങ്ങളെ ഉപയോഗിക്കുന്നു. അതുകൊണ്ടാണു പ്രാണായാമത്തോടു ചേർത്തു ഓം എന്നോ മററോ ഉള്ള മന്ത്രാക്ഷരങ്ങളെ ഉരുവിട്ടുകൊള്ളുവാൻ ഞാൻ നിങ്ങളോടുപദേശിക്കുന്നതു്.

ഈ അഭ്യാസത്തിന്റെ ആദ്യത്തെഫലം മുഖത്തു മാററമുണ്ടാകുന്നതാണ്. പരുഷമായ വലികൾ മാഞ്ഞുപോകും. ഈ ശാന്തമായ വിചാരത്തോടുകൂടി മുഖത്തിൽ ഒരു ശാന്തത പ്രത്യക്ഷമാകും. പിന്നെ സ്വരം മധുരമായിത്തീരും. ഒരു പരുഷസ്വരമുള്ള യോഗിയെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ഏതാനം മാസങ്ങളിലെ അഭ്യാസം കൊണ്ടു ഈ ലക്ഷണങ്ങൾ ഉണ്ടാകും. ഈ ആദ്യത്തെ ശ്വാസാഭ്യാസം ഏതാനം ദിവസങ്ങൾ അഭ്യസിച്ച ശേഷം ഇതിനേക്കാൾ ഉൽകൃഷ്ടതരമായ ഒന്നിനെ ആരംഭിക്കണം. ശ്വാസത്തെ

കൊണ്ടു ഇഡയിൽ അതായതു ഇടത്തെമൂക്കിന്റെ ദ്വാരത്തിൽകൂടി ശ്വാസകോശത്തെ മന്ദമായി പൂരിപ്പിക്കയും, അതോടൊന്നിച്ചുതന്നെ മനസ്സിനെ സിരാചലന ധാരയിന്മേൽ ഏകാഗ്രപ്പെടുത്തുകയും ചെയ്യണം. നിങ്ങൾ അപ്പോൾ സിരാചലനധാരയെ തണ്ടെല്ലിന്റെ അടിയിലേക്കു നയിക്കയും കുണ്ഡലിനിയുടെ ഇരിപ്പിടവും ആകൃതിയിൽ ത്രികോണവുമായ മൂലാധാരപത്മത്തെ താഡിക്കയും ചെയ്യുമാറാകുന്നു. എന്നിട്ടു ആ ചലനധാരയെ കുറെനേരത്തേക്കു അവിടത്തന്നെ നിറുത്തിക്കൊള്ളണം. പിന്നെ, മറെറവശത്തുകൂടെ ആ ചലനധാരയെ ആകർഷിക്കുന്നു എന്നു സങ്കല്പിക്കയും, എന്നിട്ടു അതിനെ വലത്തെമൂക്കിന്റെ ദ്വാരത്തിൽകൂടി പുറത്തേക്കു കളയുകയും ചെയ്യുവിൻ. ഇതിനെ ശീലിപ്പാൻ സ്വല്പം പ്രയാസമുള്ളതായി നിങ്ങൾക്കു തോന്നാം. ഏററവും എളുപ്പമായ സമ്പ്രദായം വലത്തെമൂക്കിന്റെ ദ്വാരത്തെ പെരുവിരൽകൊണ്ടടച്ചിട്ടു ഇടത്തെദ്വാരത്തിൽകൂടി ശ്വാസത്തെ അകത്തേക്കു വലിക്കുകയും, എന്നിട്ടു രണ്ടുദ്വാരവും പെരുവിരലും, ചൂണ്ടുവിരലും കൊണ്ടടച്ചിട്ടു, ആ ചലനധാരയെ താഴത്തേക്കു നയിക്കയും സുഷുമ്നയുടെ അററത്തെ താഡിക്കയാണെന്നു സങ്കല്പിക്കയും പിന്നെ വിരലുകൾ എടുത്തുകളഞ്ഞിട്ടു വലത്തെദ്വാരത്തിൽകൂടി ശ്വാസത്തെ പുറത്തേക്കു വിട്ടുകളകയും ചെയ്യുകയാകുന്നു. ഉടനെ മറെറദ്വാരത്തെ വിരൽകൊണ്ടു അടച്ചു ആ ദ്വാരത്തിൽകൂടി ശ്വാസത്തെ മന്ദമായി അകത്തേക്കു വലിച്ചിട്ടു മുമ്പിലത്തെപ്പോലെ രണ്ടുദ്വാരങ്ങളേയും അടയ്ക്കണം. ഹിന്ദുക്കൾ ഇതിനെ അഭ്യസിക്കുന്നക്രമം ഈ രാജ്യത്തിൽ (അമേരിക്കയിൽ) വളരെ കഷ്ടമായിത്തോന്നും; എന്തുകൊണ്ടെന്നാൽ അവർ ഇതിനെ തങ്ങളുടെ ശൈശവംമുതൽ പരിചയിക്കുന്നു. അവരുടെ ശ്വാസകോശം ഇതിനു സന്നദ്ധമായുമിരിക്കുന്നു. ഇവിടെ നാലുമാത്രകൾ (സെക്കണ്ടുകൾ) കൊണ്ടുതുടങ്ങി ക്രമേണ വർദ്ധിപ്പിക്കുന്നതു ഉത്തമമായിരിക്കും. നാലുമാത്രകൾകൊണ്ടു ശ്വാസത്തെ വലിക്കുകയും പതിനാറു മാത്രകൾ ഉള്ളിൽനിറുത്തുകയും എന്നിട്ടു എട്ടുമാത്രകൾ കൊണ്ടു പുറത്തേക്കു വിടുകയും ചെയ്യുവിൻ. ഇതു ഒരു പ്രാണായാമമായി. അതോടുകൂടിത്തന്നെ ആ ത്രികോണസ്ഥാനത്തെ വിചാരിക്കുകയും, ആ സ്ഥാനത്തിൽ മനസ്സിനെ ഏകാഗ്രീകരിക്കയും ചെയ്യുവിൻ. ഈ സങ്കല്പം വളരെ ഉപയുക്തമായിരിക്കുന്നതാണ്. അടുത്ത ശ്വാസാഭ്യാസം മന്ദമായി ശ്വാസത്തെ ഉള്ളിലേക്കു വലിച്ചു, ഉടനെതന്നെ മന്ദമായി പുറത്തേക്കു വിട്ടു, ശ്വാസത്തെ വെളിയിൽ തടഞ്ഞു നിറുത്തിക്കൊള്ളുകയാകുന്നു. മാത്രകൾ എല്ലാം മുമ്പിലത്തേതുതന്നെ; ഒ

വ്യത്യാസമാണുള്ളതു്; എന്തെന്നാൽ മുമ്പിലത്തേ സമ്പ്രദായത്തിൽ ശ്വാസത്തേ ഉള്ളിൽ തടഞ്ഞുനിൎത്തിയിരുന്നു. ഇപ്പോഴത്തേതിൽ വെളിയിൽ തടഞ്ഞുനിൎത്തുന്നു. ഒടുവിൽ പറഞ്ഞതാണ് ഏററവും എളുപ്പമായിട്ടുള്ളതു്. ശ്വാസകോശത്തിൽ ശ്വാസത്തെ തടഞ്ഞുനിൎത്തുന്ന വിധത്തിലുള്ള ശ്വാസാഭ്യാസത്തേ ക്രമത്തിലധികമായി ശീലിപ്പാൻ പാടില്ല. അതിനേ കാലത്തു നാലാവൎത്തിയും വൈകുന്നേരം നാലാവൎത്തിയും മാത്രം ചെയ്യാം; എന്നിട്ടു ക്രമേണ മാത്രയേയും ആവൎത്തിയേയും വൎദ്ധിപ്പിക്കാം. നിങ്ങൾക്കങ്ങിനെ ചെയ്വാൻ ശക്തിയുണ്ടെന്നും, നിങ്ങൾക്കതിൽ സന്തോഷമുണ്ടെന്നും നിങ്ങൾ കാണും. അതുകൊണ്ടു വളരേ സാവധാനമായും സൂക്ഷ്മമായും വിചാരിച്ചു നിങ്ങൾക്കു ശക്തിയുണ്ടെന്നു കാണുമ്പോൾ നാലിനു പകരം ആറു മാത്രയാക്കി വൎദ്ധിപ്പിച്ചുകൊള്ളുവിൻ. ക്രമംതെററി അഭ്യസിച്ചാൽ അതു നിങ്ങൾക്കു് ഉപദ്രവത്തെ ഉണ്ടാക്കിഎന്നുംവന്നേക്കാം. നാഡിശോധനം, അന്തഃകുംഭകം (ശ്വാസത്തെ ഉള്ളിൽ തടുത്തുവയ്ക്കുക) ബാഹ്യകുംഭകം (ശ്വാസത്തെ പുറത്തു തടുത്തുനിൎത്തുക) ഈ മൂന്നു സമ്പ്രദായങ്ങളിലും വെച്ചു ആദ്യത്തേതും, ഒടുവിലത്തേതും പ്രയാസമുള്ളതോ അപായമുള്ളതോ ആയിരിക്കയില്ല. ആദ്യത്തേതു നിങ്ങൾ എത്രയധികം അഭ്യസിക്കുമോ അത്രയധികം നിങ്ങൾക്കു ശാന്തതയുണ്ടാകും. ഓം എന്നു ധ്യാനിച്ചുംകൊണ്ടു പ്രവൃത്തികളിൽ ഏൎപ്പെട്ടിരിക്കുമ്പോൾകൂടി നിങ്ങൾക്കതിനെ ശീലിക്കാം. തീവ്രമായി അഭ്യസിക്കയാണെങ്കിൽ ഒരു ദിവസം കുണ്ഡലിനിയുടെ ഉൽബോധമുണ്ടാകും. ദിവസം ഒരിക്കലൊ രണ്ടുപ്രാവശ്യമൊ അഭ്യസിച്ചുകൊണ്ടിരിക്കുന്നവൎക്കു ശരീരത്തിന്നും മനസ്സിന്നും സ്വല്പമായ ഒരു ശാന്തതയും സ്വരമാധുൎയ്യവുമുണ്ടാകും. അതിനേക്കാൾ അധികം അഭ്യസിക്കുന്നവൎക്കു മാത്രം ഈ കുണ്ഡലിനിയുൽബോധിക്കയും, മുഴുവൻ ലോകത്തിലും മാററം സംഭവിക്കയും ജ്ഞാനമാകുന്ന പുസ്തകം തുറക്കപ്പെടുകയും ചെയ്യും. അതിനാശേഷം ജ്ഞാനസമ്പാദനത്തിനായി നിങ്ങൾ പുസ്തകങ്ങളെ അന്വേഷിച്ചു പോകേണ്ടആവശ്യകതയില്ല. അപരിമേയജ്ഞാനത്തിന്നിരിപ്പിടമായ നിങ്ങളുടെ സ്വന്തമനസ്സുതന്നെ നിങ്ങളുടെ പുസ്തകമായിത്തീരും. തണ്ടെല്ലിന്റെ രണ്ടുപാൎശ്വങ്ങളിലായി പ്രവഹിക്കുന്ന ഇഡ, പിംഗല ഈ ചലനധാരകളേയും, സിരാപാശത്തിന്റെ മദ്ധ്യത്തിലൂടെയുള്ള പ്രണാളികയായ സുഷുമ്നയേയും പററി ഞാൻ ഇതിന്നുമുമ്പുതന്നെ പറഞ്ഞിരിക്കുന്നുവല്ലോ. ഇതു മൂന്നും എല്ലാജന്തുക്കൾക്കുമുണ്ടു്. തണ്ടെല്ലുള്ളതിനെല്ലാമുണ്ടോ അവയ്ക്കൊക്കെയും ക്രിയാൎത്ഥമായുള്ള ഈ മൂന്നു പന്ഥാക്കളുമുണ്ടു്. സാധാരണ മനു

ഷ്യന്റെ സുഷുമ്ന മൂടപ്പെട്ടിരിക്കയാണെന്നും, അതിന്റെ ക്രിയനടക്കുന്നതായി പറവാൻ തെളിവില്ലെന്നും, എന്നാൽ മറെറരണ്ടിലും ശക്തികളെ ശരീരത്തിന്റെ ശേഷഭാഗങ്ങളിലും നയിക്കുന്നതായ ക്രിയ നടന്നുകൊണ്ടിരിക്കുന്നതായി തെളിയുന്നുണ്ടെന്നും യോഗി പറയുന്നു.

യോഗിക്കുമാത്രമേ സുഷുമ്ന തുറന്നിരിക്കുന്നുള്ളു. സുഷുമ്നാമാർഗ്ഗം തുറക്കുകയും വിചാരം അതുവഴിയായി ഉദിക്കുകയും ചെയ്യുമ്പോൾ നാം ഇന്ദ്രിയങ്ങളെ അതിക്രമിക്കയും, നമ്മുടെമനസ്സ് ഇന്ദ്രിയാതീതമായും, ബോധാതീതമായും തീരുകയും, നാം ബുദ്ധിയേയും ഊഹം എത്താത്തടിക്കിനേയും കൂടി അതിക്രമിച്ചുചെല്ലുകയും ചെയ്യുന്നു. ആ സുഷുമ്നയെത്തുറക്കുന്നതാണു യോഗിയുടെമുഖ്യഉദ്ദേശ്യം. യോഗിയുടെ മതപ്രകാരം ഈസുഷുമ്നാമാർഗ്ഗത്തിലൂടെ ആറു് വിഭാഗസ്ഥാനങ്ങൾ അല്ലെങ്കിൽ കുറേക്കൂടി രൂപകഭാഷയിൽ പറഞ്ഞാൽ "ആധാരപത്മങ്ങൾ "പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ഏററവും അടിയിലത്തേതു് തണ്ടെല്ലിലെ സിരാപാശത്തിന്റെ താഴത്തെ അററത്താണു്. അതിന്നു മൂലാധാരം എന്നുപറയുന്നു. അടുത്തതിന്നു സ്വാധിഷ്ഠാനം എന്നുപറയുന്നു. അതിന്നടുത്തതു മണിപൂരവും അതിന്നടുത്തതു, അനാഹതവും അതിനടുത്തതു് വിശുദ്ധിയും അതിന്നടുത്തതു് ആജ്ഞയും, ഒടുവിലത്തേതു.തലച്ചോറിലുള്ളസഹസ്രാരം അല്ലെങ്കിൽ ആയിരംഇതളുള്ളപത്മവുമാകുന്നു. ഇവയിൽ നാം ഇപ്പോൾഗ്രഹിക്കേണ്ടിയുള്ളതു് അടിയിലത്തെമൂലാധാരവും മുകളിലത്തെ സഹസ്രാരവുമാകുന്ന ഈ രണ്ടുസ്ഥാനങ്ങളേമാത്രമാണു്. അടിയിലത്തെ സ്ഥാനത്തിലാണു് എല്ലാശക്തികളും സംഭരിക്കപ്പെട്ടിരിക്കുന്നതു്. ആശക്തികളെഅവിടെനിന്നു ഉദ്ധരിച്ചു ഒടുവിലത്തേതായ തലച്ചോറിലുള്ള സ്ഥാനത്തേക്കുകൊണ്ടുവരേണ്ടതാണു്. മനുഷ്യശരീരത്തിൽ അടങ്ങിയ എല്ലാശക്തികളിലും വച്ചുഏററവും ഉൽകൃഷ്ടമായതു് ഓജസ് എന്നുപറയുന്നഒന്നാണെന്നുയോഗിപറയുന്നു. ഓജസ് തലച്ചോററിലാണ് സംഭരിക്കപ്പെട്ടിരിക്കുന്നതു്. ഒരുമനുഷ്യന്റെതലയിൽ എത്രയധികംഓജസ്സുണ്ടോ അവൻ അത്രയധികം ശക്തിയും അത്രയധികംബുദ്ധിയും അത്രയധികംമതസംബന്ധമായ ധാർഢ്യവുമുള്ളവനായിരിക്കുന്നു. ഇതാണു് ഓജസ്സിന്റെപ്രവൃത്തി. ഒരുത്തൻരമണീയമായഭാഷയിലും രമണീയമായ അർത്ഥങ്ങളോടുകൂടിയുംപ്രസംഗിക്കാം. എന്നാൽ അതു ജനങ്ങളിൽ പതിയുന്നില്ല. മറെറാരുത്തൻ രമണീയമായ ഭാഷയിലാകട്ടേരമണീയമായ അർത്ഥത്തിലാകട്ടെ അല്ല പ്രസംഗംചെയ്യുന്നതു്. എങ്കിലും അവന്റെ വാക്കുകൾ ജനങ്ങളെ ആകർഷിക്കുന്നു. അതു

വെളിയിലേക്കു പുറപ്പെടുന്ന ഓജസ്സിന്റെ ശക്തിയാണ്. അങ്ങിനെയുള്ളവനിൽനിന്നു വരുന്ന ഏതുപ്രവൃത്തിയും ശക്തിമത്തായിരിക്കും.

എല്ലാമനുഷ്യരിലും ഏറെക്കുറെ ഈ ഓജസ്സ് സംഭരിക്കപ്പെട്ടിരിക്കുന്നുണ്ട്. ശരീരത്തിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന എല്ലാശക്തികളും അതിന്റെ ഉയർന്നതരമായ രൂപത്തിൽ ഓജസ്സായിപരിണമിക്കയും ആകുന്നു. ഇതെല്ലാം കേവലം ഒരു രൂപാന്തരീഭാവം മാത്രമാണെന്നുള്ള സംഗതി നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കണം. വിദ്യുച്ഛക്തിയായോ അയസ്കാന്തശക്തിയായോ വെളിയിൽകാണുന്ന അതേശക്തികൾതന്നേ അകത്തുള്ള ശാരീരശക്തികളായിമാറും. മാനസികശക്തിയായി വ്യാപരിക്കുന്ന അതേശക്തികൾ തന്നെ ഓജസ്സായിട്ടുമാറും. സ്ത്രീപുരുഷ സംയോഗങ്ങളിലും തത്സംബന്ധമായ വിചാരം മുതലായതിലും വെളിപ്പെട്ടുകാണുന്ന മനുഷ്യശക്തിയുടെ ആഭാഗത്തെ തടുക്കയും നിയമിക്കയും ചെയ്താൽ അതു് എളുപ്പത്തിൽ ഓജസ്സായി പരിണമിക്കുമെന്നു യോഗിപറയുന്നു. അടിയിലത്തെ ആധാരം ഈ വ്യാപാരങ്ങളെ പ്രവൎത്തിപ്പിക്കുന്ന ഒന്നാണ്. അതുകൊണ്ട് ആസ്ഥാനത്തേപ്പറ്റി യോഗിപ്രത്യേകം ശ്രദ്ധിക്കയും ചെയ്യണം. ഈ എല്ലാ പുംസ്ത്വ (അല്ലെങ്കിൽ സ്ത്രീത്വ) ശക്തിയേയും ഉദ്ധരിച്ച് ഓജസ്സാക്കുവാൻ യോഗിശ്രമിക്കുന്നു. ചാരിത്രനിഷ്ഠയുള്ള പുരുഷനോ സ്ത്രീക്കോമാത്രമെ ഈ ഓജസ്സിനെ ഉദ്ധരിച്ചു തലച്ചോറിൽ സംഭരിക്കാൻ കഴിയൂ. അതുകൊണ്ടാണ് ചാരിത്രനിഷ്ഠ ഉത്കൃഷ്ടതമമായ സദാചാരമായി ഗണിക്കപ്പെടുന്നതു്. മനുഷ്യൻ ബ്രഹ്മചര്യം തെറ്റിയാൽ തനിക്കു വ്രതഭംഗം വന്നു എന്നു വിചാരിക്കുന്നു. അവനു തന്റെ മാനസികമായ ബലത്തിനും സദാചാരസംബന്ധമായ ദൃഢനിർബന്ധങ്ങൾക്കും ശൈഥില്യമുണ്ടാകുന്നു. അതുകൊണ്ടാണ് ലോകത്തിൽ ദൈവികമഹാപുരുഷന്മാർ അവതരിച്ചിട്ടുള്ള എല്ലാമതങ്ങളിലും തീവ്രമായ ബ്രഹ്മചര്യവ്രതം നിർബ്ബന്ധിക്കപ്പെട്ടിരിക്കുന്നതായി നിങ്ങൾകാണുന്നതു്. അതുകൊണ്ടാണ് വിവാഹംചെയ്യാത്ത സന്യാസികൾ ലോകത്തുണ്ടായതു്. വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും പൂൎത്തിയായ ചാരിത്രനിഷ്ഠ ഉണ്ടായിരിക്കണം. അതുകൂടാതെ രാജയോഗാഭ്യാസം അപായകരവും ഉന്മാദത്തെ ഉണ്ടാക്കാവുന്നതും ആകുന്നു. ജനങ്ങൾ രാജയോഗം അഭ്യസിക്കയും എന്നാൽ അശുദ്ധമായി ജീവിതത്തേ നയിക്കയും ചെയ്താൽ എങ്ങിനെ അവർ യോഗികളാവാൻ ആശിക്കാം?

## അദ്ധ്യായം ൫.

### പ്രത്യാഹാരവും, ധാരണയും.

അടുത്തപടിക്കു പ്രത്യാഹാരം എന്നു പേർ പറയുന്നു. അതു് എന്തായിരിക്കും? പ്രത്യക്ഷജ്ഞാനം ഉണ്ടാകുന്നതെങ്ങിനെയാണെന്നു നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലൊ. ഒന്നാമതായി ബാഹ്യോപകരണങ്ങൾ ഉണ്ടു്. പിന്നെ തലച്ചോറിലെ സ്ഥാനങ്ങൾ വഴിയായി ശരീരത്തിൽ വ്യാപരിക്കുന്ന ആന്തരങ്ങളായ ഇന്ദ്രിയങ്ങളുമുണ്ടു്. മനസ്സുമുണ്ടു്. ഈ മൂന്നും ഏകോപിച്ചു ഏതെങ്കിലും ഒരു ബാഹ്യപദാർത്ഥത്തോടു സംയോഗിക്കുമ്പോളാണ് ആ വസ്തുവിനെ നാം ഗ്രഹിക്കുന്നതു അല്ലെങ്കിൽ പ്രത്യക്ഷീകരിക്കുന്നതു. എന്നാൽ മനസ്സിനെ ഏകാഗ്രപ്പെടുത്തുന്നതും ഒരേ ഇന്ദ്രിയത്തോടുതന്നെ സംയോഗിപ്പിച്ചുകൊള്ളുന്നതും വളരെ പ്രയാസമുള്ള ഒരു സംഗതിയുമാകുന്നു; മനസ്സ് ഒരു അടിമയാണ്.

'നല്ലവരായിരിക്കു, 'നല്ലവരായിരിക്കു, 'നല്ലവരായിരിക്കു, എന്നു ലോകം മുഴുവൻ ഉപദേശിച്ചുവരുന്നതായി നാം കേൾക്കുന്നു. ലോകത്തുള്ള ഏതെങ്കിലും രാജ്യത്തിൽ ജനിച്ചിട്ടുള്ളതിൽ "കക്കൊല്ല" "കള്ളം പറകൊല്ല" എന്നു ഉപദേശിക്കപ്പെടാത്ത ഒരു കുട്ടി ദുർല്ലഭമാണ്. എന്നാൽ ആ കുട്ടിക്കു അതെങ്ങിനെ ചെയ്യാതിരിപ്പാൻ കഴിയുമെന്നു പറഞ്ഞുകൊടുക്കുന്നവരായി ആരുംതന്നെ ഇല്ല. പ്രലപിച്ചതുകൊണ്ടു മതിയാകുന്നതല്ല. എന്തുകൊണ്ടു അവനു ഒരു കള്ളനായിത്തീർന്നുകൂടാ? കക്കാതിരിപ്പാൻ നാം അവനെ പഠിപ്പിക്കുന്നില്ലല്ലൊ, നാം അവനോടു കേവലം കക്കരുതെന്നു മാത്രമെ പറയുന്നുള്ളു. അവന്റെ മനസ്സിനെ നിയമനം ചെയ്വാൻ നാം അവനെ പഠിപ്പിക്കുമ്പോഴാണ് അവനെ വാസ്തവത്തിൽ നാം സഹായിക്കുന്നതു. ആഭ്യന്തരമൊ ബാഹ്യമൊ ആയ എല്ലാ ക്രിയകളും ഉണ്ടാകുന്നതു മനസ്സു ചില സ്ഥാനങ്ങളോടു സംയോഗിക്കുമ്പോളാണ്; ആ സ്ഥാനങ്ങളെ ഇന്ദ്രിയങ്ങൾ എന്നു പറയുന്നു. താൽപര്യത്തോടുകൂടിയൊ കൂടാതെയൊ മനസ്സു ഇന്ദ്രിയങ്ങളോടു സംബന്ധിപ്പാനായി ആകർഷിക്കപ്പെടുന്നു; അതുകൊണ്ടാണ് ജനങ്ങൾ അബദ്ധങ്ങൾ പ്രവർത്തിക്കയും, ദുഃഖിക്കയും ചെയ്യുന്നതു: മനസ്സു വരുതിയിൽനിന്നിരുന്നുവെങ്കിൽ അവർ ഒരിക്കലും അങ്ങിനെ ചെയ്യുന്നു

തല്ല. മനസ്സിനെ സ്വാധീനമാക്കിയാൽ ഉണ്ടാകാവുന്ന ഫലമെന്താണ്? അതു പിന്നെ സ്വാഭാവികമായി പ്രത്യക്ഷജ്ഞാനകരണങ്ങളായ ഇന്ദ്രിയങ്ങളോടു സംബന്ധിപ്പാൻ പോകുന്നില്ല. അനുഭവവും ഇച്ഛയും സ്വാഭാവികമായിത്തന്നെ നമ്മുടെ വരുതിയിൽ നിൽക്കയും ചെയ്യും. ഇത്രയും സ്പഷ്ടമാണ്: എന്നാൽ അതു സാദ്ധ്യമാണോ? പൂർണ്ണമായും സാദ്ധ്യമാണ്. പുതിയ പരിഷ്കാരകാലത്തുതന്നെ നിങ്ങൾ അതിനെ കാണുന്നില്ലയൊ? വിശ്വാസചികിത്സകന്മാർ അരിഷ്ടത, വേദന, ദുർവൃത്തി ഇവയെ നിഷേധിപ്പാൻ ജനങ്ങളെ പഠിപ്പിക്കുന്നു. അവരുടെ തത്വശാസ്ത്രം കുറേ ചുററിവളഞ്ഞത ഒന്നാണ്; എന്നാൽ അതു യോഗത്തിൻെറ ഒരു ഭാഗംതന്നെ ആകുന്നു. അവർ അതിൽ എങ്ങിനെയൊ കാലിടറി വീണിരിക്കുന്നു. ഒരുത്തനെ അവൻെറ സുഖക്കേടിനെ നിഷേധിക്കുന്നതുകൊണ്ടു അതിൽനിന്നവനെ മുക്തനാക്കാൻ സാധിച്ചിട്ടുള്ളതായ ദൃഷ്ടാന്തങ്ങളിൽ വാസ്തവത്തിൽ അവർ അവനെ "പ്രത്യാഹാര"ത്തിൻെറ ഒരു ഭാഗത്തെ പഠിപ്പിക്കയാണ് ചെയ്തിരിക്കുന്നതു. എന്തുകൊണ്ടെന്നാൽ അവർ ഇന്ദ്രിയങ്ങളുടെ സാക്ഷ്യങ്ങളെ വേണ്ടുംവണ്ണം ശക്തിയോടുകൂടി നിഷേധിപ്പാൻ ആ മനുഷ്യൻെറ മനസ്സിനെ പഠിപ്പിച്ചിരിക്കയാകുന്നു. മാസ്മരനിദ്രാവേദികളും അതുപോലെ തന്നെ അവരുടെ ശപഥങ്ങളെക്കൊണ്ടു രോഗിയിൽ തൽക്കാലത്തേക്കു ഒരുവിധം ക്ലിഷ്ടമായ പ്രത്യാഹാരത്തെ അങ്കുരിപ്പിക്കയാകുന്നു. മാസ്മരനിദ്രീയശപഥങ്ങൾ എന്നു പറയുന്നവയു രോഗയുക്തമായ ശരീരത്തിലും ആവിലമായ മനസ്സിലും മാത്രമെ പ്രവർത്തിപ്പാൻ കഴിയുന്നുള്ളു. തന്നെയല്ല പ്രയോക്താവിനു പ്രയോജ്യൻെറ മനസ്സിനെ സ്ഥിരമായ ദൃഷ്ടിവിക്ഷേപമോ മററോ ആയ ഉപായങ്ങളെക്കൊണ്ടു ഒരുവിധം ഉദാസീനവും ക്ലിഷ്ടവുമായ സ്ഥിതിയിൽ കൊണ്ടുവരാൻ സാധിക്കുന്നതുവരെ അയാളുടെ ശപഥങ്ങൾ ഫലിക്കുന്നുമില്ല. മാസ്മരനിദ്രാപ്രയോഗം കൊണ്ടോ വിശ്വാസചികിത്സകൊണ്ടോ ഒരു രോഗിയിൽ സാധിക്കപ്പെടുന്ന താൽകാലികമായ അന്തഃകരണനിയമനം കേവലം ആക്ഷേപയോഗ്യമായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ ഒടുവിൽ അതു നാശത്തിലേക്കു നയിക്കുന്നു. അതു തലച്ചോറിലുള്ള സ്ഥാനങ്ങളെ ഒരുത്തൻെറ സ്വന്തമനസ്സുകൊണ്ടു നിയമനം ചെയ്യുകയല്ല. പിന്നെയോ സ്വല്പനേരത്തേക്കു മററൊരുത്തൻെറ മനസ്സുതി പ്രയോഗിക്കുന്ന പെട്ടെന്നുള്ള പ്രഹാരങ്ങളെക്കൊണ്ടു രോഗിയുടെ മനസ്സിനെ മൂർഛിപ്പിക്കുന്നതുപോലെ ആവുകയാകുന്നു. ഇതു ഒരു പായു

ന്ന കുതിരയുടെ പ്രമത്തമായ ഗതിയെ കടിഞ്ഞാണുകൊണ്ടോ കയ്യുകൾകൊണ്ടോ ക്രമപ്പെടുത്തുകയല്ല. പിന്നെയോ കുതിരയെ സ്വല്പനേരത്തേക്കു ബോധക്ഷയമുണ്ടാക്കി ശാന്തസ്ഥിതിയിൽ കൊണ്ടുവരാനായി അതിന്റെ തലയിൽ വലിയ തല്ലുകൾ തല്ലാൻ മറെറാരുത്തനോടു ആവശ്യപ്പെടുകയാകുന്നു. ഈ സമ്പ്രദായങ്ങളിൽ ഓരോ പ്രാവശ്യവും പ്രയോജ്യനായ മനുഷ്യന്റെ മാനസശക്തിയുടെ ഓരോ അംശം നശിച്ചുപോകയും ഒടുവിൽ മനസ്സു പൂർണ്ണമായ നിയമനത്തെ സമ്പാദിക്കുന്നതിനു പകരം രൂപവും ശക്തിയുംകെട്ട ഒരു കുഴഞ്ഞ ഭാണ്ഡമായിത്തീരുകയും ചെയ്യുന്നു. ആ രോഗികൾ ഒടുവിൽ ഭ്രാന്താശുപത്രിതന്നെ ഏകശരണമായും തീരുന്നു.

നിയമനത്തിനായിട്ടുള്ള ഏതു ശ്രമവും ഇച്ഛാപൂർവമായിട്ടുള്ളതല്ലെങ്കിൽ അതായതു നിയാമകന്റെ സ്വന്തമനസ്സാലെ ചെയ്യപ്പെടുന്നതല്ലെങ്കിൽ അപായകരമായിട്ടുള്ളതാണെന്നു മാത്രമല്ല ഉദ്ദേശ്യത്തെ തെററിക്കുന്നതുമാകുന്നു. ഓരോ ആത്മാവിന്റെയും ഉദ്ദേശ്യം സ്വാതന്ത്ര്യമാണ്, അതായത് സ്വാധീനത, വസ്തുക്കളുടെയും വിചാരങ്ങളുടെയും ദാസ്യത്തിൽ നിന്നുള്ള മോക്ഷം; ബാഹ്യവും ആഭ്യന്തരവുമായ ലോകത്തിന്റെ സ്വാധീനത. അതിലേക്കു നയിക്കുന്നതിനു പകരം അന്യനിൽ നിന്നു വരുന്ന മനഃശക്തിയുടെ ഓരോധാരയും അതു ഏതു രൂപത്തിൽ എന്റെ നേരെ വന്നാലും— അതായതു ഒരു സമയം എന്റെ ഇന്ദ്രിയങ്ങളുടെ സാക്ഷാൽ നിയമനമായോ അല്ലെങ്കിൽ ഒരു ക്ലിഷ്ടമായ അവസ്ഥയിലാക്കി ഞാൻതന്നെ അവയെ സ്വയമേവ നിയമനം ചെയ്യാൻ പ്രേരിതനാകത്തക്കവണ്ണമോ പ്രയോഗിക്കപ്പെട്ടതായാലും— കഴിഞ്ഞ വിചാരങ്ങളുടെ അല്ലെങ്കിൽ കഴിഞ്ഞ മൂഢവിശ്വാസങ്ങളുടെ ബന്ധമാകുന്ന ഇപ്പോഴത്തന്നെയുള്ള മഹാശൃംഖലയിൽ ഒരു കണ്ണികൂടി ഉണ്ടാക്കിച്ചേർക്കയേ ആകുന്നുള്ളു. അതുകൊണ്ടു അന്യന്മാരുടെ പ്രയോഗങ്ങൾക്കു നിങ്ങളെ വിഷയമാക്കാൻ സമ്മതിച്ചുകൊടുക്കുന്നതിനെപ്പററി വളരെ സൂക്ഷിച്ചുകൊള്ളുവിൻ! നിങ്ങൾ അറിവുകൂടാതെ മറെറാരുത്തനെ നാശപ്പെടുത്തുന്നതിനെപ്പററിയും സൂക്ഷിച്ചുകൊള്ളുവിൻ! വളരെപ്പേർക്കു തങ്ങളുടെ മനോഗതികളിൽ സ്വല്പകാലത്തേക്കു ഒരു പുതിയ പരിവർത്തനത്തെ ഉണ്ടാക്കി നന്മചെയ്യുന്നതിനു ചിലരാൽ സാധിച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ. എന്നാൽ അതോടുകൂടി തന്നെ തങ്ങൾ ചുററും പ്രയോഗിക്കുന്ന ബോധപൂർവമല്ലാത്ത മാസ്മരനിദ്രീയ ശാപങ്ങൾകൊണ്ടു സ്ത്രീപുരുഷന്മാർ തങ്ങളെ ഒടുവിൽ മിക്കവാറും ആ

ത്മശൂന്യരായിത്തീരത്തക്കവണ്ണമുള്ള ക്ലിഷ്ടവും ഉദാസീനവുമായ മാനസ്ഥാനഭ്രംശാവസ്ഥയെ ഉണ്ടാക്കിത്തീൎത്തവരിൽ എത്രയോലക്ഷംപേരെ അവർനശിപ്പിക്കയും ചെയ്യുന്നുണ്ട്. അതുകൊണ്ടു കണ്ണും പൂട്ടിവിശ്വസിപ്പാൻപറകയോ അല്ലെങ്കിൽതന്റെ അതിശയിതമായ മനഃശക്തികൊണ്ടു നിയമനം ചെയ്തിട്ടു മനുഷ്യവൎഗ്ഗത്തെ തന്റെ പിന്നാലെ ആകൎഷിക്കയോ ചെയ്യുന്ന ഏവനും, താൻ മനഃപൂൎവ്വമായി ദ്രോഹംചെയ്യാൻ വിചാരിച്ചിട്ടില്ലെങ്കിൽക്കൂടിയും ഒരു മനുഷ്യദ്രോഹിയാകുന്നു.

ഇതുകൊണ്ടു നിങ്ങളുടെസ്വന്തമനസ്സുകളെത്തന്നെഉപയോഗിക്കിൻ; മനസ്സിനേയുംശരീരത്തേയും നിങ്ങൾതന്നെനിയമനംചെയ്യിൻ; നിങ്ങൾ രോഗികളായി തീരുന്നതുവരെ വെളിയിലുള്ള യാതൊരു മനശ്ശക്തിയും നിങ്ങളുടെമേൽ ഫലിക്കുന്നതല്ലെന്നു ഓൎമ്മിക്കുവിൻ, കണ്ണുംപൂട്ടിവിശ്വസിപ്പാൻ പറയുന്നഒരുവൻ എത്രതന്നെമഹാനും സൽപുരുഷനുമായിരുന്നാലും അയാളെവിട്ടൊഴിക്കയും ചെയ്യുവിൻ. ലോകംമുഴുവൻ ആടുകയും, തുള്ളുകയും നിലവിളിക്കുകയും ചെയ്യുന്നസംഘങ്ങൾ ഉണ്ടാകയും അവ പാടാനും ആടാനും പ്രസംഗിക്കാനും തുടങ്ങീട്ടു വിഷബീജങ്ങൾപോലെ എങ്ങും പരക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അവരും മേൽപറഞ്ഞ കൂട്ടത്തിൽ ഉൾപ്പെട്ടവരാണ്. അവർ തൽക്കാലത്തേക്കു സുകുമാരബുദ്ധികളായ ചിലരുടേമേൽ ഒരു വിലക്ഷണമായ നിയമനശക്തിയെ പ്രയോഗിക്കുന്നു. കഷ്ടം ഒടുവിൽ പലപ്പോഴും ആ വൎഗ്ഗത്തെമുഴുവൻ അവർ അധോഗതിയിലേക്കു ചാടിക്കയും ചെയ്യുന്നു. അതേ, ഒരുമനുഷ്യനോ ഒരു വൎഗ്ഗമോ ഈപ്രകാരമുള്ള വെളിയിൽനിന്നുവരുന്ന ക്ലിഷ്ടമായ നിയമനംകൊണ്ടു കാഴ്ചയിൽ നല്ലതെന്നു നടിക്കുന്നതിനേക്കാൾ ചീത്തയായിത്തന്നെ ഇരുന്നുകൊള്ളുന്നതു ഭേദമാകുന്നു. നല്ല വിചാരത്തോടുകൂടിയാണെങ്കിലും അനുത്തരവാദികളായ അപ്രകാരമുള്ള മതഭ്രാന്തന്മാർ മനുഷ്യവൎഗ്ഗത്തിനു ചെയ്യുന്ന ദോഷങ്ങളുടേ കണക്കുനോക്കിയാൽ ഒരുത്തന്റെ ഹൃദയം മങ്ങിപ്പോകും. സംഗീതവും പ്രാൎത്ഥനയും കൊണ്ടുള്ള അവരുടേ സൂചനകളാൽപെട്ടെന്നു മതസംബന്ധമായഒരു ഉയൎന്ന അവസ്ഥയിൽ കൊണ്ടുവരപ്പെടുന്ന മനസ്സു സ്വയമേവ ഉദാസീനങ്ങളും, ക്ലിഷ്ടങ്ങളും ശക്തിഹീനങ്ങളും ആയിത്തീരുകയും വേറേ സൂചനകൾക്കും അവ എത്രതന്നെ ചീത്തകളായിരുന്നാലും കീഴ്പ്പെടത്തക്കവണ്ണം ആഴ്ത്തിപ്പെടുകയും ചെയ്യുമെന്നുള്ളതിനെപ്പററി അവർ അറിയുന്നില്ല.

ഓം.

# ധർമ്മം

(ഇ. കെ. അയ്യാക്കുട്ടി ബി. എ.)

## ൧-ാം അദ്ധ്യായം.

### നാം ആര്?

നമ്മുടെ ധർമ്മം എന്താണെന്നു നാം ആലോചിക്കുന്നതിന്നു മുമ്പ് നാം അറിയേണ്ടതു നാം ആരാണെന്നും നമ്മുടെ പഴയതായുള്ള സ്ഥിതി എന്താണെന്നും ആ സ്ഥിതിക്കു വല്ല മാററവും വന്നിട്ടുണ്ടോ എന്നും മാററം വന്നിട്ടുണ്ടെങ്കിൽ നമ്മുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും ആണ്. ഈ വിവരങ്ങൾ അറിഞ്ഞാൽ നമ്മുടെ ധർമ്മം എന്താണെന്നു നമുക്കു എളുപ്പത്തിൽ അറിയാവുന്നതാണ്.

നാം ആരാണെന്നു ആദ്യം നോക്കുക. ലോകത്തിൽ സൂക്ഷ്മതകൊണ്ടോ, ദൂരം കൊണ്ടോ സാധാരണ ജനങ്ങളുടെ കണ്ണുകളാൽ കാണുവാൻ കഴിയാത്തവയായ സാധനങ്ങളെ കാണുന്നതിന്നു സൂക്ഷ്മദർശിനി (മൈക്രോസ്കോപ്പ്) ദൂരദർശിനി (ടെലിസ്കോപ്പ്) എന്നിങ്ങിനെ ഓരോതരം കണ്ണാടികൾ ഈ കാലങ്ങളിൽ കണ്ടുപിടിച്ചിട്ടുണ്ടെങ്കിലും നമ്മെ എളുപ്പത്തിൽ കാണുന്നതിനുള്ള കണ്ണാടി ഇതുവരെ ആരും കണ്ടുപിടിച്ചിട്ടില്ല. നമ്മെ കണ്ടുപിടിക്കുന്നതിന്നു നമുക്കു പണ്ടു പണ്ടെ ഉള്ളതായ ഒരു കണ്ണാടിമാത്രമെ ഉള്ളു. ആ കണ്ണാടി നമ്മുടെ മനസ്സാകുന്നു. അഴുക്കും കോറലും കൂടാതെയുള്ള ആ കണ്ണാടി ഇളക്കാതെ പിടിച്ചു അതിൽ കൂടെ നമ്മുടെ ബുദ്ധിയുടെ സഹായത്തോടുകൂടി നോക്കുന്നതായാൽ ക്രമേണ നമുക്കു നമ്മെ കാണാറായിവരും. ഞാൻ ഈ പറഞ്ഞതിന്റെ സാരം, നാം ശുദ്ധവും ശാന്തവും ആയ മനസ്സിനെ നമ്മുടെ ഉള്ളിലേക്കു തിരിച്ചു ബുദ്ധിയുടെ സഹായത്തോടുകൂടി ആലോചിക്കുന്നതായാൽ നമുക്കു നമ്മെ ക്രമേണ അറിയാറായിവരും എന്നാണ്.

നാം അങ്ങിനെ ആലോചിക്കുക. നാം ഒന്നാമതായി കാണുന്നതു നമ്മുടെ ദേഹമാണ്. ഈ ദേഹം നാമാണോ? ദേഹം എ

ല്ലായ്പോഴും മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ ദേഹത്തിന്റെ ഓരോ അംശങ്ങൾ നിമിഷന്തോറും നശിച്ചു പലെ പ്രകാരത്തിൽ നമ്മുടെ ദേഹത്തിൽ നിന്നു പോകുന്നു. നാം ഇന്നു ഭക്ഷിക്കുന്ന സാധനങ്ങളിൽ ഏതാനും ഭാഗം ദഹിച്ച് ഇന്നല്ലെങ്കിൽ അടുത്തകാലത്തു നമ്മുടെ ദേഹത്തിൽ ഓരോ ഭാഗങ്ങളിൽ ചേരുന്നു. ഏഴുകൊല്ലമൊ മറ്റൊ കഴിഞ്ഞാൽ നമ്മുടെ ദേഹത്തിൽ ഇന്നുള്ള യാതൊന്നും അന്നുണ്ടാകുന്നതല്ലെന്നും ശരീരശാസ്ത്രജ്ഞന്മാർ പറയുന്നു. ഇങ്ങിനെ ദേഹം നിമിഷന്തോറും മാറിക്കൊണ്ടിരിക്കുന്നു എങ്കിലും നാം അങ്ങിനെ മാറുന്നതായി നാം വിചാരിക്കുന്നില്ല. അതിനാൽ നാം നമ്മുടെ ദേഹമല്ലെന്നു വരുന്നു. ദേഹം നാമല്ലെന്നുവരുമ്പോൾ ദേഹത്തിൽ ഉൾപ്പെട്ടവയായ നമ്മുടെ ഇന്ദ്രിയങ്ങളും നാമല്ലെന്നു വരുന്നു. പിന്നെ കാണുന്നതു മനസ്സാണ്. മനസ്സ് പ്രകൃത്യാ ചാപല്യത്തോടും അസ്ഥിരതയോടും കൂടിയും ബുദ്ധിക്കു അധീനമായും കാണുന്നു. അതിനാൽ മനസ്സും നാമല്ല. പിന്നെ കാണുന്നതു ബുദ്ധിയാണ്. ബുദ്ധിയും ഒരിക്കൽ കാണുന്നമാതിരിയല്ല പിന്നെ ഒരിക്കൽ കാണുന്നതു. അതുകൊണ്ടു ബുദ്ധിയും നാമല്ല. പിന്നെ നാം എന്താണ്? സൂക്ഷിച്ചുനോക്കുമ്പോൾ ഇവ എല്ലാററിന്റെയും പിന്നിൽ എന്തൊ ഒന്നു നാം കാണുന്നു. അതിനെപ്പററി അതു "ഇതല്ല ഇതല്ല" എന്നു പറവാനല്ലാതെ നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയിൽ അതു ഇന്നതാണെന്നു പറയാൻ നമ്മാൽ സാധിക്കുന്നതല്ല. ജ്ഞാനികൾക്കും അതു ഇന്നതാണെന്നു ശരിയായറിവാനൊ അതിന്നു ശരിയായ ഒരു പേരുകൊടുപ്പാനൊ നിവൃത്തിയില്ലാതെ അവർ അതിനെ "തത്" എന്നു പറയുന്നു. "തത്" എന്നുവെച്ചാൽ "അതു" എന്നർത്ഥമാകുന്നു. ആ "അതിന്റെ" പടിവാതിൽ വരെ മാത്രമെ ബുദ്ധിക്കു പോകു. എന്നാൽ ബുദ്ധിയുടെ സഹായത്താൽ നാം അതിന്റെ പടിവാതുക്കൽ എത്തിയാൽ യത്നം കൊണ്ടു ആ "അതിന്റെ" സന്നിധിയിൽ നമുക്കു പ്രവേശിക്കാം. ആ പ്രവേശനത്തെ സമാധി എന്നു പറയുന്നു. സമാധിയിൽ എത്തുന്നവർ അനുഭവം കൊണ്ടു ആ "അതിനെ" അറിയുന്നു. എങ്കിലും അവർ തിരികെ വരുമ്പോൾ അതിനെ ശരിയായി വിവരിക്കുന്നതിനൊ അതിന്നു ശരിയായ ഒരു പേരു കൊടുക്കുന്നതിനൊ അവരാൽ സാധിക്കുന്നില്ല. എങ്കിലും അതു എന്നും നിലനില്ക്കുന്നതാണെന്നും അതുകൊണ്ടു അതു സത് ആണെന്നും അതു ജ്ഞാനമയമാണെന്നും അതുകൊണ്ടു അതു "ചിത്" ആണെന്നും അതു സുഖദുഃഖങ്ങളില്ലാത്തതാണെന്നും അതുകൊണ്ടു അതു ആനന്ദമാണെന്നും അവർ പറയുന്നു. ഇങ്ങിനെ അതു സത്തും ചിത്തും ആ

നന്ദവും ആയതുകൊണ്ട ജ്ഞാനികൾ അതിനെ സച്ചിദാനന്ദം എന്നു പറയുന്നു. ഇങ്ങിനെ വാസ്തവത്തിൽ നാം എന്നുള്ളതു സച്ചിദാനന്ദം എന്നുള്ളതു മാത്രമാണെന്നു വരുന്നു. ഈ സച്ചിദാനന്ദത്തെ ആത്മാവു എന്നു പറയുന്നു. വിശ്വത്തിലുള്ള സകല ചരാചരങ്ങളിലും ആത്മാവുള്ളതായി ഹിന്ദുമതം ഘോഷിക്കുന്നു.

എല്ലാ മനുഷ്യരിലും ആത്മാവുണ്ടെന്നു ലേശം ആലോചനയുള്ളവർ സമ്മതിക്കാതിരിക്കയില്ല. മനുഷ്യരിൽ ഏറ്റവും താണനിലയിലുള്ളവരും മൃഗങ്ങളും തമ്മിൽ വലിയ വ്യത്യാസം ഇല്ലെന്നും എത്രയോ സൂക്ഷ്മമായും കണ്ണിന്നു അഗോചരമായും ഉള്ള കൃമികൾ ക്രമേണ ഉയർന്നു മനുഷ്യരാകുന്നു എന്നും ചില താണതരം ജീവികളെയും സസ്യങ്ങളെയും തമ്മിൽ തിരിച്ചറിവാൻ പാടില്ലെന്നും പാശ്ചാത്യപണ്ധിതന്മാർ സമ്മതിക്കുന്നുണ്ടല്ലൊ. സസ്യാദികൾക്കു ജീവനുള്ളതായി വിദ്വാന്മാർ സമ്മതിക്കുന്നു. ലോഹങ്ങൾക്കു ജീവനുള്ളതായി പ്രൊഫെസർ ബോസ് എന്ന മഹാൻ വിസ്മയകരമാംവണ്ണം തെളിയിച്ചിരിക്കുന്നു. ഇതിൽനിന്നു സകല ചരാചരങ്ങളിലും ആത്മാവുണ്ടെന്നുള്ള ഹിന്ദുക്കളുടെ വിശ്വാസം എത്രയോ അടിസ്ഥാനമുള്ളതാണെന്നു പ്രത്യക്ഷപ്പെടുന്നു.

---

## ൮-ാം അദ്ധ്യായം.

---

## നമ്മുടെ സ്വതെയുള്ള സ്ഥിതിയും തൽക്കാലസ്ഥിതിയും.

---

ആത്മാവു സുഖദുഃഖങ്ങളില്ലാത്തതാണെന്നു ഞാൻ പ്രസ്താവിച്ചുവല്ലൊ. ആകയാൽ സുഖം തോന്നണമെങ്കിൽ ദുഃഖം അനുഭവിച്ചിട്ടുണ്ടായിരിക്കേണം. ദുഃഖം തോന്നണമെങ്കിൽ സുഖം അനുഭവിച്ചിട്ടുണ്ടായിരിക്കേണം. ഇങ്ങിനെ യാതൊന്നു സുഖവും ദുഃഖവും അനുഭവിച്ചുകൊണ്ടിരിക്കുന്നുവൊ അതിന്റെ സ്ഥിതി അസ്ഥിരമായിരിക്കുന്നു. ആ സ്ഥിതിയെ ഭ്രാന്തി എന്നു പറയുന്നു. സുഖവും ദുഃഖവും അതുമൂലം ഭ്രാന്തിയും ഇല്ലാതെയുള്ള സ്ഥിതിയെ ശാന്തി എന്നു പറയുന്നു. ഇതാണ് ആത്മാവിന്റെ സ്വതെയുള്ള സ്ഥിതി.

ഇനി നമ്മുടെ തൽക്കാല സ്ഥിതി എന്താണെന്നു നോക്കുക. ആത്മാക്കൾ എണ്ണമില്ലാത്ത തരത്തിലുള്ള ചരങ്ങളും അച

രങ്ങളും ആയ ബന്ധനങ്ങളിൽ പെട്ടുകിടക്കുന്നു. വൃക്ഷങ്ങളിലും അതിലും താണ ലോഹാദികളിലും ഉള്ള ആത്മാക്കളുടെ സ്ഥിതി നമുക്കറിവാൻ തരമില്ല. അതുകളുടെ മീതെയുള്ള മത്സ്യങ്ങളും പക്ഷികളും മൃഗങ്ങളും മററുതാണ ജീവികളും തങ്ങളുടെ സുഖത്തെ മാത്രം നോക്കി മററുള്ളവയുടെ സുഖദുഃഖങ്ങളെപ്പററി വിചാരിക്കാതെയും വിചാരിപ്പാൻ കഴിയാതെയും ബലം കൂടിയവ ബലം കുറഞ്ഞവയെ പിടിച്ചു പീഡിപ്പിച്ചു കൊന്നു തിന്നുന്നു. മൃഗപ്രായത്തിലുള്ള മനുഷ്യരുടെ പ്രവൃത്തി ഇതിലും കഠിനമാണ്. താണ ജീവികൾ സ്വജാതികളെ കൊന്നു തിന്നുന്നതു കുറെ ചുരുക്കമാണ്. എന്നാൽ മൃഗപ്രായത്തിൽ ഉള്ള ചില മനുഷ്യജാതി അന്യരെ എന്നു തന്നെയല്ല സ്വജനങ്ങളെക്കൂടി ഹിംസിച്ചു ഭക്ഷിച്ചിട്ടുള്ളതായി നാം കേൾക്കുന്നു. ഇതിലും കുറെ ഉയർന്നവരെങ്കിലും സമസൃഷ്ടിസ്നേഹം തീരെ ഇല്ലാത്തവരായ ചില മനുഷ്യർ ഇപ്പോൾ പറഞ്ഞ നരഭക്ഷകന്മാരെക്കാൾ വലിയ പാപികളാണ്. ആദ്യം പറഞ്ഞവർ ഒരാളെ പിടിച്ചുകൊന്നു തിന്നുന്നതായാൽ ആ ആൾക്കു തന്നെ പിടിച്ചു താൻ മരിക്കുന്നതുവരെ അല്പനേരത്തെ ദുഃഖമെ ഉണ്ടാകു. എന്നാൽ സമസൃഷ്ടിസ്നേഹം ഇല്ലാതെയും സ്വാർത്ഥതല്പരത മുഴുത്തും ഉള്ളവർ ചതികൊണ്ടും കളവുകൊണ്ടും തങ്ങളുടെ ഇതരമായ സമസൃഷ്ടത്തെ പിടിച്ചു അതിന്റെ രക്തം അല്പാല്പമായി കുടിച്ചു കൊല്ലാതെ കൊന്നു കൊന്നു ഇടവിടാതെയും ദീർഘമായും ഉള്ള കായികവും മാനസികവും ആയ പീഡകൾ ഏല്പിച്ചു അതിന്റെ ആയുസ്സിനെ അവസാനിപ്പിക്കുന്നു. മനുഷ്യർ തങ്ങളുടെ സുഖത്തിനു വേണ്ടി മററു ജീവികളെ ദുഃഖിപ്പിക്കുന്നതിനു അററമില്ല. ഏററവും സാധുക്കളായ ജീവികളെ മാത്രമെ മാംസഭുക്കുകളായ മനുഷ്യർക്ക് ഭക്ഷിക്കേണ്ടു. ഇനി സാധാരണ മനുഷ്യരുടെ സ്ഥിതി എന്താണ്. ജനനം മുതൽ മരണംവരെ മനുഷ്യരുടെ സ്ഥിതി സൂക്ഷിച്ചുനോക്കുന്നതായാൽ വളരെ ശോചനീയമാണ്. ഒരു പശു പ്രസവിച്ചാൽ അല്പനേരംകൊണ്ടു അതിന്റെ കുട്ടി എഴുന്നീററു നിൽക്കുന്നു. അതു അല്പദിവസങ്ങൾക്കുള്ളിൽ അതിന്റെ ഇരതേടിതിന്നുന്നു. ഒരു മനുഷ്യശിശു തന്നത്താൻ എഴുന്നീററു നിൽക്കുന്നതിനു എത്ര മാസങ്ങൾ കഴിയണം. അതുതന്നത്താൻ രക്ഷിക്കാറാകണമെങ്കിൽ എത്ര കൊല്ലങ്ങൾ കഴിയണം. രോഗം, അശക്തി, ഭയം, വ്യസനം, ചാപല്യം, കൊതി ഇങ്ങിനെയുള്ള ദോഷങ്ങൾ ശൈശവത്തിനു സഹജമാണ്. ശൈശവംകഴിഞ്ഞാൽ മനുഷ്യർക്ക് യൌവനമായി. യൌവനത്തിൽ പ്രവേശിച്ച സ്ത്രീപുരുഷന്മാർക്ക് എത്രതന്നെ പഠിപ്പും ബുദ്ധിയും ഉണ്ടായി

രുന്നാലും അവർ സാധാരണ കാമ ക്രോധ ലോഭ മോഹ മദ മാത്സൎയ്യങ്ങൾക്കു അധീനരായി ഭവിക്കുന്നു. അന്യോന്യം എല്ലാ സംഗതികളിലും ചേരുന്നതായ ഗുണങ്ങളോടു കൂടിയ ഭാൎയ്യാഭൎത്താക്കന്മാർ വളരെ ദുർല്ലഭമാണ്. ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ ചേരുന്നില്ലെങ്കിൽ അവരുടെ ഗൃഹം നരകമാണ്. അവർ തമ്മിൽ ചേരുന്നവരാണെങ്കിൽ അവരുടെ ഹൃദയമാർദ്ദവംകൊണ്ടു അവൎക്കു ഒരു കാലത്തും സ്വൈരമുണ്ടാകുന്നതല്ല. ഇതോടു കൂടി ദാരിദ്ര്യം, സന്താനനാശം മുതലായ ദുഃഖങ്ങൾ നേരിട്ടാൽ പിന്നെ പറയേണമെന്നില്ലല്ലോ. യൌവനം കഴിഞ്ഞു വാർദ്ധക്യത്തിൽ പ്രവേശിച്ചാൽ മനുഷ്യരുടെ സ്ഥിതി ഇതിലും കഷ്ടമായി. ശൈശവത്തിനുള്ള സകല ദോഷങ്ങൾക്കും പുറമെ ഭ്രാന്തി, കോപം ഇങ്ങിനെയുള്ള പല ദോഷങ്ങളും വാർദ്ധക്യത്തെ പ്രാപിക്കുന്നു. തന്റെ സ്വന്ത സന്താനങ്ങളുംകൂടി വാർദ്ധക്യകാലത്തുതന്നെ വെറുക്കുന്നു. ഒരു സമയവും സുഖമില്ല. എല്ലാ സമയവും ഓരോ രോഗങ്ങളാൽ കഷ്ടപ്പെടുന്നു. ഇതിനെല്ലാററിനും മീതെ ഇതാ ഘോരരാക്ഷസനെപ്പോലെ മരണം അടുത്തുവരുന്നു. താൻ മുമ്പു അനുഭവിച്ച സുഖങ്ങളൊക്കെയും മറന്നുപോകുന്നു. വല്ലതും ഓൎമ്മയുണ്ടെങ്കിൽ അതുകൾ ഇനി അനുഭവിപ്പാൻ നിവൃത്തിയില്ലല്ലോ എന്നുള്ള സന്താപത്തെ ഉണ്ടാക്കുവാൻ മാത്രമാണ് ഓൎമ്മവരുന്നതു. താൻ ചെയ്തിട്ടുള്ള ദുഷ്കൎമ്മങ്ങളൊക്കെയും ഓൎമ്മവരുന്നു. മരണശേഷം ഇതുകൾക്കു എന്തു നരകമാണ് അനുഭവിക്കേണ്ടിവരുന്നതു്. എന്നുള്ള ഭയവും വന്നു തന്നെ ബാധിക്കുന്നു. ഇങ്ങിനെ എല്ലാംകൊണ്ടും നോക്കുന്നതായാൽ സകല ജീവജാലങ്ങളുടെയും ജീവിതം ഏററവും ദുഃഖകരമായിട്ടുള്ളതാകുന്നു.

---

## ൯-ാം അദ്ധ്യായം.

---

### നമ്മുടെ പരമധൎമ്മവും സ്നേഹവും

---

സർവ്വജീവികളും സൂക്ഷ്മത്തിൽ ആത്മാക്കളാണെന്നും അവയുടെ സ്വന്തയുള്ള സ്ഥിതി ശാന്തിയാണെന്നും ആ ജീവകളെല്ലാം ഇപ്പോൾ എത്രയോ കഷ്ടാവസ്ഥയിൽ ഇരിക്കുന്നു എന്നും നാം കണ്ടുവല്ലോ. ഈ നിലയിൽ നമ്മുടെ പരമമായ ധൎമ്മം എന്താണ്? സകല ജീവജാലങ്ങളെയും ഈ ദുഃഖസമുദ്രത്തിൽ നിന്നു കരകേ

ററി നങ്ങളുടെ പൂർവ്വപദമായ ശാന്തിയിലേക്കു കൊണ്ടുപോകുന്നതാണ് ആ ധർമ്മം എന്നു പറയേണ്ടതില്ലല്ലോ.

ഈ ധർമ്മത്തെ നമ്മെക്കൊണ്ടനുഷ്ഠിപ്പിക്കുന്നതായി വല്ലതും ഉണ്ടോ ഉണ്ടെങ്കിൽ അതു എന്താണ്? ചന്ദ്രികക്കു ശൈത്യം ഏതുവിധമോ അതുപോലെയാണ് സത്തുക്കൾക്കു സ്നേഹം. സ്നേഹം സത്തുക്കളുടെ പ്രകൃതിയാണ്. സ്നേഹം സത്തുക്കളുടെ അടയാളമാണ്. ഈ സ്നേഹമാണ് നമ്മുടെ പരമധർമ്മത്തെ നമ്മെക്കൊണ്ടു അനുഷ്ഠിപ്പിക്കുന്നതു്.

ശ്രീവിവേകാനന്ദസ്വാമി "ഒരുസ്നേഹിതന്" എന്നു തന്റെ കൃതിയിൽ ഇങ്ങിനെ പറയുന്നു– "പഠിപ്പിനായി പണയം വെച്ചു എന്റെ ആയുസ്സു ഞാൻ പകുതി കളഞ്ഞു. പ്രണയംകൊണ്ടു ഭ്രാന്തനെപ്പോലെ ജീവനില്ലാത്ത നിഴലുകളെ മുറുകി പിടിച്ചുകൊണ്ടും നടന്നു; സഹായമില്ലാതെ കീറത്തുണിയുടുത്തു വാതിൽതോറും തെണ്ടി; കഠിന വ്രതങ്ങളാൽ ദേഹം ക്ഷയിപ്പിച്ചും ഞാൻ നടന്നു. ഇതുകൊണ്ടു എന്തു ധനമാണ് ഞാൻ സമ്പാദിച്ചതു്? ഇതാ കേട്ടുകൊൾക എന്റെ ഉള്ളു് ഞാൻ നിന്നോടു പറയാം. "എന്റെ ആയുസ്സിൽ ഈ പരമമായ തത്വം ഞാൻ കണ്ടുപിടിച്ചിരിക്കുന്നു. തിരകളാൽ അടിക്കപ്പെട്ടുന്ന ഈ ആയുസ്സാകുന്ന ചുഴിയെ ഒരു ഓടം കടത്തിക്കൊണ്ടു പോകുന്നു. മന്ത്രങ്ങളും, ശ്വാസമടക്കലും, ശാസ്ത്രവും, തത്വജ്ഞാനവും, നാനാമതങ്ങളും, ത്യാഗവും, സമ്പത്തും, മനസ്സിന്റെ മോഹങ്ങളാകുന്നു. സ്നേഹം സ്നേഹം ഇതൊന്നുമാത്രമെയുള്ളൂ. ജീവൻ, ബ്രഹ്മം, മനുഷ്യൻ, ഈശ്വരൻ, ഭൂതങ്ങൾ, പ്രേതങ്ങൾ, പിശാചങ്ങൾ, ദേവകൾ, മൃഗങ്ങൾ, പക്ഷികൾ, പ്രാണികൾ, കൃമികൾ ഇവ എല്ലാററിന്റെയും ഉള്ളിൽ സ്നേഹം കുടിയിരിക്കുന്നു. ദേവദേവൻ വേറെ ആർ? പറയുക. എല്ലാറേറയും നടത്തുന്നതു് ആർ? പറയുക. മാതാവു ശിശുവിന്നു വേണ്ടി മരിക്കുന്നു... സ്നേഹബലം! വാക്കിന്നും മനസ്സിന്നും എത്താത്തവിധത്തിൽ അതു സുഖത്തിലും ദുഃഖത്തിലും അധിവസിക്കുന്നു." സ്നേഹം സത്തുക്കളുടെ ലക്ഷണമാണെന്നുപുരാണങ്ങളും ചരിത്രങ്ങളും നമ്മുടെ അനുഭവവും തെളിയിക്കുന്നു. ശ്രീരാമൻ, ശ്രീകൃഷ്ണൻ, ശ്രീബുദ്ധൻ, ശ്രീരാമകൃഷ്ണ പരമഹംസൻ, ശ്രീവിവേകാനന്ദസ്വാമി, ശ്രീനാരായണ ഗുരുസ്വാമി ഇവരുടെ കഥകളും ചരിത്രവും ജീവിതവും നോക്കുക. ഇവരെല്ലാവരും സ്നേഹംമൂർത്തീകരിച്ചവരാണ്.

---

൭-ാം അദ്ധ്യായം

# ബന്ധം.

സംസാരദുഃഖത്താൽ വലയുന്ന ആത്മാക്കൾക്കു ശാന്തിയെ ഉണ്ടാക്കുന്നതാണ് നമ്മുടെ പരമധർമ്മം എന്നു നാം കണ്ടുവല്ലൊ. ഈ കാൎയ്യസാദ്ധ്യത്തിനു സുഖദുഃഖങ്ങൾ ആത്മാക്കൾക്കു എങ്ങിനെ ഉണ്ടായെന്നും അതുകളിൽനിന്നു ആത്മാക്കളെ മോചിപ്പിക്കുന്നതിനു വല്ല മാൎഗ്ഗവും ഉണ്ടോ എന്നും ഉണ്ടെങ്കിൽ എന്താണെന്നും അവശ്യം അറിയേണ്ടതാണ്. ശ്രീകൃഷ്ണൻ ഭഗവദ്ഗീതയിൽ അൎജ്ജുനനോടു ഇപ്രകാരം പറഞ്ഞിരിക്കുന്നു. „പ്രകൃതിയും പുരുഷനും രണ്ടും ആദിയില്ലാത്തവയാകുന്നു. വികാരങ്ങളും ഗുണങ്ങളും പ്രകൃതിയിൽ നിന്നുണ്ടായവയാകുന്നു. പ്രകൃതി കാൎയ്യകാരണങ്ങൾ ഉത്ഭവിക്കുന്നതിനുള്ള ഹേതു ആണെന്നു പറയപ്പെടുന്നു. പുരുഷൻ സുഖദുഃഖങ്ങളുടെ അനുഭവത്തിനുള്ള ഹേതു എന്നു പറയപ്പെടുന്നു. പുരുഷൻ പ്രകൃതിയിൽനിന്നും കൊണ്ടു പ്രകൃതിയിൽനിന്നുണ്ടാകുന്ന ഗുണങ്ങളെ ഭുജിക്കുന്നു. ഗുണങ്ങളോടുള്ള ബന്ധമാകുന്നു നല്ലയോനികളിലും ഹീനയോനികളിലും ജനിക്കുന്നതിനുള്ള കാരണം. സത്വം, രജസ്സ്, തമസ്സ് ഇതുകളാണ് പ്രകൃതിയിൽനിന്നുണ്ടായിട്ടുള്ള ഗുണങ്ങൾ. ഇവ അവ്യയനായ ദേഹിയെ ദേഹത്തിൽ ബന്ധിക്കുന്നു. ഇവയിൽ നിൎമ്മലത്വംകൊണ്ടു പ്രകാശകമായും അനാമയമായും ഉള്ള സത്വം സുഖസംഗത്താലും ജ്ഞാനസംഗത്താലും ബന്ധിക്കുന്നു. രാഗാത്മകമായ രജസ്സു തൃഷ്ണാസംഗത്തെ ഉണ്ടാക്കുന്നതും കൎമ്മസംഗംകൊണ്ടു ദേഹിയെ ബന്ധിക്കുന്നതും ആകുന്നു. അജ്ഞാനത്തിൽ നിന്നുണ്ടായ തമസ്സ് ദേഹികളെ മോഹിപ്പിക്കുന്നതും പ്രമാദം, ആലസ്യം, നിദ്ര ഇതുകളാൽ ബന്ധിക്കുന്നതും ആകുന്നു." (ഭ: ഗീ: അ: ൧൩. ശ്ലോകം ൨൦—൨൨. അ: ൧൪ ശ്ലോ ൫—൮.)

മേല്പറഞ്ഞ തത്വങ്ങളുടെ സാരം ചുരുക്കമായി പറയാം. രണ്ടു രണ്ടു വസ്തുക്കളെ ഉള്ളു. അതുകൾ പ്രകൃതിയും പുരുഷനും ആണ് പുരുഷൻ എന്നു പറയുന്നതു ആത്മാവാകുന്നു. പ്രകൃതി ആത്മാവൊഴികെ ശേഷമുള്ളതു മുഴുവനും ആകുന്നു. ഇങ്ങിനെ പ്രകൃതി എന്നതിൽ ബുദ്ധി, മനസ്സു, ഇന്ദ്രിയങ്ങൾ, ദേഹം മുതലായി വിശ്വത്തിലുള്ള സകല ജഡവസ്തുക്കളും ഉൾപ്പെടുന്നു. ഈ പ്രകൃതിക്കു സത്വം, രജസ്സ്, തമസ്സ് എന്ന മൂന്നു ഗുണങ്ങളുണ്ട്. സത്വം നിൎമ്മലമായിട്ടുള്ളതാണ്. അതിനാൽ അതു സുഖത്തെയും ജ്ഞാനത്തെയും ഉണ്ടാക്കുന്നു. രജസ്സ് രാഗസ്വഭാവത്തോടുകൂടി

താണ്. അതിനാൽ അതു ആശയെ ഉണ്ടാക്കുന്നതും ആശയെ സാധിപ്പിക്കുന്നതിനു കർമ്മത്തെ ചെയ്യിക്കുന്നതും ആകുന്നു. തമസ്സ് അജ്ഞാനത്തിൽ നിന്നുണ്ടായതാകുന്നു. അതിനാൽ അതു ജ്ഞാനത്തെ മറപ്പിച്ചു പ്രമാദം, ആലസ്യം, ഉറക്കം ഇതുകളെ ഉണ്ടാക്കുന്നു. ആത്മാവായ പുരുഷൻ ദേഹമായ പ്രകൃതിയിൽ ഇരിക്കുമ്പോൾ പ്രകൃതിയുടെ ഗുണങ്ങൾ പുരുഷനെ ബാധിക്കുകയും പുരുഷൻ തന്നെ ബാധിക്കുന്ന ഗുണങ്ങളെ അനുഭവിക്കുകയും ചെയ്യുന്നു. തന്നെ ബാധിക്കുന്നതു സത്വഗുണമാകുന്നെങ്കിൽ താൻ സുഖവാനും ജ്ഞാനിയും ആയ്ത്തീരുന്നു. തന്നെ ബാധിക്കുന്നതു രജോഗുണമാണെങ്കിൽ താൻ ആശയോടുകൂടിയവനായും ആശയെ സാധിപ്പിക്കുന്നതിനു വേണ്ടുന്ന പ്രവൃത്തികളെ ചെയ്തുകൊണ്ടും ഇരിക്കുന്നു. തന്നെ ബാധിക്കുന്നതു തമോഗുണമാണെങ്കിൽ താൻ മൂഢനായും പ്രമാദം, ആലസ്യം, ഉറക്കം ഇതുകളോടുകൂടിയവനായും ഇരിക്കുന്നു. ഇങ്ങിനെ പ്രകൃതി സുഖദുഃഖങ്ങളെ ഉണ്ടാക്കുകയും പുരുഷൻ അതുകളെ അനുഭവിക്കുകയും ചെയ്യുന്നു. തന്നെ ബാധിക്കുന്ന പ്രകൃതിയുടെ ഗുണങ്ങളെ അനുസരിച്ചു പുരുഷൻ സത്തായൊ അസത്തായൊ ജനിക്കുകയും ചെയ്യുന്നു.

---

## ൭-ാം അദ്ധ്യായം

---

## മോക്ഷം

---

ആത്മാക്കൾക്കു സുഖദുഃഖങ്ങൾ ഉണ്ടായതു പ്രകൃതിയോടുള്ള ചേർച്ചകൊണ്ടാണെന്നു വന്നു. എന്നാൽ സച്ചിദാനന്ദമാത്രമായ ആത്മാക്കൾ ജഡവും അപൽകരവും ആയ പ്രകൃതിയാകുന്ന ബന്ധനത്തിൽ എങ്ങിനെ ചെന്നു ചാടി? ഈ ചോദ്യത്തിനു ചില സമാധാനങ്ങൾ ചിലർ പറയുന്നുണ്ടു എങ്കിലും യുക്തിക്കനുസരണമായി ആരും യാതൊരു സമാധാനവും പറഞ്ഞിട്ടുള്ളതായി ഞാനറിയുന്നില്ല. "എനിക്കറിഞ്ഞുകൂടാ" എന്നാണു ഈ ചോദ്യത്തിനു ശരിയായിട്ടുള്ള സമാധാനം എന്നു വിവേകാനന്ദസ്വാമി പറയുന്നു. പ്രകൃതിയാകുന്ന കാരാഗൃഹത്തിൽ നാം എങ്ങിനെ ചെന്നു പെട്ടു എന്നു നമുക്കറിവാൻ നിവൃത്തിയില്ലെങ്കിലും അതിൽനിന്നു പുറത്തുകടപ്പാൻ ഉള്ള ഉപായം നമുക്കു കണ്ടു

പിടിപ്പാൻ മാൎഗ്ഗമുണ്ട്. നമ്മുടെ ഈ ജീവകാലത്തിൽ ഒരു പ്രവൃത്തി ആവൎത്തിക്കുന്നതിൽ നിന്നു വാസന ജനിക്കുന്നതായി നാം കാണുന്നു. ഒരുവൻ ഒരിക്കൽ അല്പം മദ്യം സേവിക്കുന്നു. അതിൽ നിന്നു അയാൾക്ക് അല്പാല്പം ഹരിശവും രസവും ഉണ്ടാകുന്നു. അതിനാൽ പിറ്റേദിവസവും അല്പം കഴിച്ചാൽ കൊള്ളാമെന്നു വിചാരിക്കുന്നു. തന്റെ ആഗ്രഹം സാധിക്കുന്നതിൽ തടസ്ഥം ഉണ്ടായില്ലെങ്കിൽ ആയാൾ ആ ആഗ്രഹത്തെ സാധിപ്പിക്കുന്നു. ഇപ്രകാരം പലെ ദിവസങ്ങളും തന്റെ വൎദ്ധിച്ചുവരുന്ന ആഗ്രഹത്തെ സാധിപ്പിക്കുന്നതുകൊണ്ടു അയാൾക്കു മദ്യപാനത്തിൽ വാസനയുണ്ടാകുന്നു. ഇങ്ങിനെ ഒരാൾക്കു മദ്യപാനത്തിൽ വാസന കണ്ടാൽ അയാൾ ആ കൎമ്മം ആവൎത്തിച്ചിട്ടുണ്ടെന്നു വിചാരിക്കാം. ഇങ്ങിനെ ജീവികൾക്കു കാണുന്ന വാസനകളെല്ലാം ഈ ജന്മത്തിലൊ പൂൎവ്വജന്മങ്ങളിലൊ ആവൎത്തനം കൊണ്ടുണ്ടായിട്ടുള്ളതാണെന്നു വിചാരിക്കാം. സൂക്ഷിച്ചു നോക്കുന്നതായാൽ ദേഹികൾ അനുഭവിക്കുന്ന സുഖദുഃഖങ്ങൾക്കു ഹേതുവായ കൎമ്മങ്ങളെല്ലാം ഓരോ വാസനകളാൽ ചെയ്യുന്നതാണെന്നും കാണാം. പ്രഥമദൃഷ്ടിയിൽ നാം വാസനകൾക്കു അധീനരാണെന്നും അതുകൊണ്ട് നമുക്കു സ്വാതന്ത്ര്യമില്ലെന്നും നമുക്കു തോന്നുമെങ്കിലും വാസ്തവത്തിൽ നാം സ്വാതന്ത്ര്യമില്ലാത്തവരല്ല. ഈ വിഷയത്തെപ്പറ്റി ശ്രീ വസിഷ്ഠമഹൎഷി ജ്ഞാനവാസിഷ്ഠത്തിൽ ശ്രീരാമനോടുപദേശിച്ചതിന്റെ സാരം താഴെ ചേൎക്കുന്നു. "നാം നമ്മുടെ വാസനകൾക്കു ഏതാനും അധീനരാണെങ്കിലും നമ്മുടെ പൌരുഷമാകുന്ന ശക്തികൊണ്ട് ആ വാസനകളെ ജയിക്കാം. പൌരുഷം ശാസ്ത്രീയമെന്നും അശാസ്ത്രീയമെന്നും രണ്ടുവിധമുണ്ട്. ശാസ്ത്രീയം ശുഭത്തെയും അശാസ്ത്രീയം അശുഭത്തെയും ഉണ്ടാക്കുന്നു. ശാസ്ത്രീയമായ പൌരുഷം ശരിയായി പ്രയോഗിച്ചാൽ ക്രമേണ ശ്രേയസ്സുണ്ടാകും. വാസനകൾ ശുദ്ധം മലിനം ഇങ്ങിനെ രണ്ടുവിധം ഉണ്ട്. ശുദ്ധമായ വാസനകളോടുകൂടിയവനു ക്രമേണ മുക്തിസിദ്ധിക്കും. മലിനമായ വാസനകളോടു കൂടിയവനു മഹാദുഃഖവും വന്നുകൂടും. മലിനമായ വാസനകളെ പൌരുഷംകൊണ്ടു ജയിക്കണം. വാസനയാകുന്ന നദി നല്ലമാൎഗ്ഗത്തിൽ കൂടിയും ചീത്തമാൎഗ്ഗത്തിൽ കൂടിയും ഒഴുകും. പൌരുഷംകൊണ്ടു വാസനയെ നല്ലമാൎഗ്ഗത്തിൽ കൂടെകൊണ്ടുപോകണം. മനസ്സ് ദോഷങ്ങളിൽ ചെന്നാൽ പൌരുഷംകൊണ്ടതിനെ ശുഭങ്ങളിലേക്കു തിരിക്കണം. അശുഭത്തിൽനിന്നു മനസ്സിനെ ഇളക്കിയാൽ അതു ശുഭത്തിൽ ചെന്നു ചേരും. പിന്നെ അവിടന്നിളക്കിയാൽ

വേറൊന്നിൽ ചെന്നു ചാടും. ജന്തുക്കളുടെ മനസ്സ് കുട്ടികളെപ്പോലെയാണ്. അതിനെ പൌരുഷം കൊണ്ടു വേണ്ടപോലെ തിരിക്കണം. നയത്തോടുകൂടി മെല്ലമെല്ലെ മനസ്സിനെ അശുഭമാർഗ്ഗത്തിൽ നിന്നു ശുഭമാർഗ്ഗത്തിലേക്കു തിരിക്കണം. ഇങ്ങിനെ കഴിഞ്ഞ ജന്മങ്ങളിൽ ഉണ്ടായിട്ടുള്ള ചീത്തവാസനകളെ നീക്കി നല്ലവാസനയെ എന്നു ഉദിപ്പിക്കുന്നുവൊ അന്നു അഭ്യാസത്തിൽ നിന്നുള്ള ഫലം സിദ്ധിക്കുന്നു. സംശയങ്ങൾ ഉണ്ടായാലും ശുഭവാസനയെ അംഗീകരിക്കണം. ശുഭവാസന എത്ര വർദ്ധിച്ചാലും ദോഷമില്ല. പരബ്രഹ്മസ്വരൂപം അറിയുന്നതുവരെ ശുദ്ധമനസ്സോടുകൂടി ഗുരുവാക്യവും സൽപ്രമാണങ്ങളും അനുസരിക്കണം. രാഗം മുതലായ ദോഷങ്ങൾ മുഴുവനും നീങ്ങി ദുഃഖം നശിച്ച് തത്വജ്ഞാനിയായാൽ നല്ല വാസനകളേയും ഉപേക്ഷിക്കാം. സജ്ജനങ്ങൾ ചെയ്യുന്ന സൽകർമ്മങ്ങൾ ശുദ്ധമനസ്സിനെ ദുഃഖമില്ലാത്തതായ ബ്രഹ്മപദത്തിൽ ചേർത്തതിന്റെ ശേഷം ആ സൽകർമ്മങ്ങളേയും ഉപേക്ഷിച്ച് നിഷ്ക്രിയനായി പ്രപഞ്ചവിചാരം വെടിഞ്ഞു വീണ്ടും സംസാരബന്ധം ഉണ്ടാകാത്ത വിധത്തിൽ ഉൽകൃഷ്ടമായ ബുദ്ധിയോടും പൂർണ്ണമായ സന്തോഷത്തോടും ശാന്തിയോടും കൂടിയിരിക്കാം" (ജ്ഞാ: വാ: ഭാഗം ൨൯–൩൦)

ശ്രീകൃഷ്ണൻ ഭഗവദ്ഗീതയിൽ അർജ്ജുനനോട് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഭയമില്ലായ്മ, ആത്മശുദ്ധി, ജ്ഞാനയോഗത്തിൽ സ്ഥിരത, ദാനം, ദമം, യജ്ഞം, സ്വാധ്യായം. തപം, പരമാർത്ഥത, അഹിംസ, സത്യം, കോപമില്ലായ്മ, ത്യാഗം, ശാന്തി, കുടിലത ഇല്ലായ്മ, ഭൂതദയ, ലോഭമില്ലായ്മ, സൌമ്യത, താഴ്മ, ചാപല്യമില്ലായ്മ, തേജസ്സ്, ക്ഷമ, ധൈര്യം, ശൌചം, ദ്രോഹമില്ലായ്മ, ഡംഭമില്ലായ്മ ഇവകൾ ദൈവ സമ്പത്തുകളാകുന്നു. കപടത, അഹംഭാവം, അഭിമാനം, കോപം, മാർദ്ദവമില്ലായ്മ അജ്ഞാനം ഇതുകൾ ആസുരസമ്പത്തുകളാകുന്നു. ദൈവസമ്പത്തുകൾ മോക്ഷത്തേയും ആസുരസമ്പത്തുകൾ ബന്ധത്തേയും ഉണ്ടാക്കുന്നു." (ഭ: ഗീ: അ: ൧൬– ശ്ലോ: ൧–൫)

ദൈവസമ്പത്തുകളിൽ ചിലതുകളെപ്പററി ഞാൻ അല്പം വിസ്താരമായി പ്രസ്താവിക്കാം.

അഭയം അല്ലെങ്കിൽ ഭയമില്ലായ്മ— നാം പേടിക്കുന്നത് നാം ആരാണെന്നറിയാത്തതു കൊണ്ടാണ്; നാം ഈ കാണുന്ന ദേഹമല്ല. നാം ആത്മാവാണ്; എന്നുള്ള ബോധം നമുക്കു നല്ലവണ്ണം ഉണ്ടായാൽ നാം പേടിക്കുന്നതല്ല. ശ്രീകൃഷ്ണൻ ഗീതയിൽ

ഇപ്രകാരം അർജ്ജുനനോടു പറഞ്ഞിരിക്കുന്നു. "ആത്മാവ് കൊല്ലുന്നവനാണെന്ന് വിചാരിക്കുന്നവനും കൊല്ലപ്പെടുന്നവനാണെന്നു വിചാരിക്കുന്നവനും രണ്ടാളും അറിവില്ലാത്തവരാകുന്നു. ആവൻ കൊല്ലുകയോ കൊല്ലപ്പെടുകയോ ചെയ്യുന്നില്ല. അവൻ ജനിക്കുന്നില്ല. അവൻ മരിക്കുന്നില്ല. അവൻ ഉണ്ടായതിന്റെ ശേഷം ഇല്ലാതെയാകുന്നില്ല. അവൻ ജനനമില്ലാത്തവനും, നിത്യനും, എന്നും നിലനിൽക്കുന്നവനും, പണ്ടേയുള്ളവനും, ദേഹം കൊല്ലപ്പെട്ടാലും കൊല്ലപ്പെടാത്തവനും ആകുന്നു. അർജ്ജുന! അവൻ നാശമില്ലാത്തവനും നിത്യനും ജനനമില്ലാത്തവനും ക്ഷയമില്ലാത്തവനും ആണെന്നറിയുന്നവൻ എങ്ങിനെ ആരെ കൊല്ലും എങ്ങിനെ കൊല്ലപ്പെടും. ഒരുവൻ പഴയവസ്ത്രങ്ങളെ ത്യജിച്ചു പുതിയതുകളെ ധരിക്കുന്നതുപോലെ ആത്മാവ് ജീർണ്ണശരീരങ്ങളെ ഉപേക്ഷിച്ചു പുതിയതുകളിൽ പ്രവേശിക്കുന്നു. അവനെ ആയുധങ്ങൾ ഛേദിക്കുന്നില്ല. അവനെ തീ ദഹിപ്പിക്കുന്നില്ല. ജലങ്ങൾ അവനെ നനക്കുന്നില്ല. കാററവനെ ഉണക്കുന്നില്ല. അവൻ ഛേദിക്കപ്പെടുവാൻ പാടില്ലാത്തവനും നനക്കപ്പെടുവാൻ പാടില്ലാത്തവനും ഉണക്കപ്പെടുവാൻ പാടില്ലാത്തവനും ആകുന്നു. അവൻ നിത്യനും എങ്ങും നിറഞ്ഞവനും സ്ഥിരനും ഇളക്കമില്ലാത്തവനും പണ്ടേയുള്ളവനും ആകുന്നു. അവൻ തിരിച്ചറിയപ്പെടുവാൻ പാടില്ലാത്തവനും ചിന്തിക്കപ്പെടുവാൻ പാടില്ലാത്തവനും മാററമില്ലാത്തവനും ആണെന്നു പറയപ്പെടുന്നു. അതിനാൽ അവൻ അപ്രകാരമുള്ളവനാണെന്നറിഞ്ഞു നീ ഖേദിക്കാതിരിക്കുക." (ഭ: ഗീ: അ: ൨. ശ്ലോ. ൧൯-൨൫) ഭഗവാന്റെ ഈ ഉപദേശം കൊണ്ടു നമുക്കു മരണവ്യസനിപ്പാനോ ഭയപ്പെടുവാനോ സംഗതിയില്ലെന്നു തെളിവാകുന്നു.

### ആത്മശുദ്ധിയും ശൌചവും

നമ്മുടെ ദേഹവും മനസ്സും, വാക്കും, പ്രവൃത്തിയും ശുദ്ധമായിരിക്കേണ്ടതാണ്. ദേഹം അശുദ്ധമായിരുന്നാൽ ആ അശുദ്ധി മനസ്സിനെ ബാധിക്കുന്നു. മനസ്സിന്റെ അശുദ്ധി വാക്കിനെയും പ്രവൃത്തിയേയും ബാധിക്കുന്നു. ദേഹം, മനസ്സ്, വാക്ക്, പ്രവൃത്തി ഇതുകൾ നാലുമോ ഇതുകളിൽ ഏതെങ്കിലുമൊ അശുദ്ധമായിരുന്നാൽ ആ അശുദ്ധി ദേഹത്തിൽ സ്ഥിതിചെയ്യുന്ന ആത്മാവിനെ ബാധിക്കുന്നു. ഇവ നാലും ശുദ്ധമായിരുന്നാൽ ആ ശുദ്ധി ആത്മാവിന്നു ശാന്തിയെ ഉണ്ടാക്കുന്നു.

### ജ്ഞാനയോഗത്തിൽ സ്ഥിരത

യോഗം എന്നു വെച്ചാൽ ചേർച്ചയാണ്. അതായതു നമ്മുടെ സ്വതന്ത്രതയുള്ള നിലയാകുന്ന ശാന്തിയെ വിട്ടു ഭ്രാന്തിയിൽ കിട

ന്നുഴലുന്ന നാം നമ്മുടെ സ്വതേയുള്ള നിലയിൽ വീണ്ടും ചെന്നു ചേരുന്ന ചോച്ച്യയാണ്. യോഗങ്ങൾ പ്രധാനമായി കർമ്മയോഗം, ഭക്തിയോഗം, രാജയോഗം, ജ്ഞാനയോഗം, ഇങ്ങിനെ നാലാണ്. ഫലത്തെ ആഗ്രഹിക്കാതെ നൽകർമ്മങ്ങളെ ചെയ്തു ശാന്തിയെ പ്രാപിക്കുന്നത് കർമ്മയോഗവും, ഫലത്തെ ആഗ്രഹിക്കാതെ സച്ചിദാനന്ദസ്വരൂപനെ ഭജിച്ചു ശാന്തിയെ പ്രാപിക്കുന്നത് ഭക്തിയോഗവും, യമം, നിയമം, ആസനം, പ്രാണായാമം പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി ഇതുകളാൽ ശാന്തിയെ പ്രാപിക്കുന്നത് രാജയോഗവും ആകുന്നു. മനസ്സിനെ ഉള്ളിലേക്കതിരിച്ചു ബുദ്ധിയുടെ സഹായത്തോടുകൂടി ആലോചിച്ച് ഞാൻ ഈ ദേഹമല്ല, ഞാൻ ഇന്ദ്രിയങ്ങളല്ല, ഞാൻ മനസ്സല്ല, ഞാൻ ബുദ്ധിയല്ല, ഞാൻ സച്ചിദാനന്ദനായ ആത്മാവാകുന്നു എന്നറിഞ്ഞു ശാന്തിയെ പ്രാപിക്കുന്നതാണ് ജ്ഞാനയോഗം; ഈ യോഗം അഭ്യസിക്കുന്നതിന് യാതൊരു കായക്ലേശവും വേണ്ടിവരുന്നതല്ല; ഇങ്ങിനെയുള്ള ജ്ഞാനയോഗത്തിൽ സ്ഥിരത വേണമെന്നു ഭഗവാൻ ഉപദേശിക്കുന്നു.

## ദാനം.

ദാനത്തെപ്പറ്റി ഭഗവാൻ ഇങ്ങിനെ പറയുന്നു. "ദാനം തക്കസ്ഥലത്തും കാലത്തും ആൾക്കും ചെയ്യേണ്ടതാണെന്നുള്ള വിശ്വാസത്തോടുകൂടി യാതൊരു പ്രത്യുപകാരവും ചെയ്യാത്തവന്നു ചെയ്യുന്ന ദാനം സാത്വികമാണെന്നു ഗണിക്കപ്പെടുന്നു. പ്രത്യുപകാരത്തിന്നായൊ ഫലത്തെ ആഗ്രഹിച്ചൊ ക്ലേശത്തോടുകൂടിയൊ ചെയ്യുന്ന ദാനം രാജസമാണെന്നു പറയപ്പെടുന്നു. തക്കതല്ലാത്ത സ്ഥലത്തും കാലത്തും ആളുകൾക്കും നിന്ദയോടും പുച്ഛത്തോടും കൂടി ചെയ്യുന്ന ദാനം താമസം എന്നു പറയപ്പെടുന്നു." (ഭ: ഗീ; അ ൧൭ ശ്ലോ; ൨൦—൨൨)

ഇവിടെ തക്ക അല്ലെങ്കിൽ തക്കതല്ലാത്ത സ്ഥലം കാലം ആൾ എന്നു പറഞ്ഞിട്ടുള്ളതു ഭൂമിയുടെ വല്ല ഭാഗത്തെയൊ രാപ്പകലുകളുടെ വല്ല ഭാഗത്തെയൊ മനുഷ്യരുടെ വല്ല ജാതിയെയൊ ഉദ്ദേശിച്ചല്ല. ദാനം തീർത്ഥസ്ഥലങ്ങളിൽവെച്ചു മാത്രമെ ചെയ്യക്കൂട എന്നില്ല. സന്ധ്യാസമയത്തിൽ ദാനം ചെയ്യാൻ പാടില്ലെന്നില്ല. ബ്രാഹ്മണർക്കു മാത്രമെ ദാനം ചെയ്യാവു എന്നില്ല. ന്യായമായ ആവശ്യങ്ങൾക്കു വേണ്ടുന്നതു ഇല്ലാതെ കഷ്ടപ്പെടുന്നവർ നമ്മുടെ ശക്തിപോലെ പൂർണ്ണമനസ്സോടും പ്രതിഫലം ഇച്ഛിക്കാതെയും

ദാനം ചെയ്യുന്നമെന്നും ന്യായമായ ആവശ്യങ്ങൾക്കു വേണ്ടുന്നതിൽ അധികം ഉള്ളവർക്കും അന്യായമായ ഉദ്ദേശ്യങ്ങൾക്കു സഹായമായും നാം ദാനം ചെയ്യരുതെന്നും ആണ് ഭഗവാൻ ഉപദേശിച്ചതിന്റെ സാരം.

ദമം അല്ലെങ്കിൽ തന്നെത്താൻ കീഴടക്കൽ. നമ്മെ നന്നാക്കുവാൻ നാം തന്നെ വിചാരിച്ചാലെ സാധിക്കു. നമുക്കു നന്നാകുവാനുള്ള വിചാരവും ശക്തിയും ഉണ്ടാകുന്നതുവരെ മററുള്ളവർ എത്രതന്നെ യത്നിച്ചാലും നാം നന്നാകുന്നതല്ല. നാം മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമ്മംകൊണ്ടും ചെയ്യുന്നതും ചെയ്വാൻ തുടങ്ങുന്നതും നാംതന്നെ സൂക്ഷിച്ചുനോക്കി അതിൽ തെററായി വല്ലതും ഉണ്ടെങ്കിൽ ചെയ്യാതെ സൂക്ഷിക്കണം. നമ്മുടെ മനസ്സും, വാക്കും, കർമ്മവും എല്ലായ്പോഴും നമ്മുടെ വിവേകത്തിനു അധീനങ്ങളായിരിക്കണം.

യജ്ഞം. അല്ലെങ്കിൽ യാഗം. യജ്ഞത്തെപ്പററി ഭഗവാൻ ഇപ്രകാരം പറയുന്നു. "യജ്ഞം ധർമ്മമാണെന്നുള്ള വിശ്വാസത്തോടുകൂടി ശാസ്ത്രവിധിപ്രകാരം ഫലം ഇച്ഛിക്കാതെ ചെയ്യുന്ന യജ്ഞം സാത്വികമാകുന്നു. ഫലത്തെ ഇച്ഛിച്ചും മാനത്തിന്നായും ചെയ്യുന്ന യജ്ഞം രാജസമാണെന്നറിഞ്ഞാലും. വിധിക്കു വിരോധമായും അന്നദാനം ചെയ്യാതെയും മന്ത്രങ്ങൾ കൂടാതെയും ദക്ഷിണ കൂടാതെയും ശ്രദ്ധകൂടാതെയും ചെയ്യുന്ന യജ്ഞം താമസമാകുന്നു." (ഭ: ഗീ: അദ്ധ്യായം ൧൭ ശ്ലോ. ൧൧—൧൩)

സ്വാദ്ധ്യായം അല്ലെങ്കിൽ വേദപാഠം. നമ്മുടെ ഭ്രാന്തിയെ ഇല്ലായ്മചെയ്തു ശാന്തിയെ ഉണ്ടാക്കുന്ന എല്ലാ ഗ്രന്ഥങ്ങളുടെ പഠനവും ഇതിൽ ഉൾപ്പെടുന്നതാകുന്നു.

തപസ്സ്. തപസ്സിനെപ്പററി ഭഗവാൻ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "ദേവന്മാരുടെയും ബ്രഹ്മജ്ഞാനികളുടെയും ഗുരുക്കന്മാരുടെയും അറിവുള്ളവരുടെയും പൂജയും, ശുദ്ധിയും, നേരും, ബ്രഹ്മചര്യവും, അഹിംസയും ശരീരസംബന്ധമായ തപസ്സെന്നു പറയപ്പെടുന്നു. മററുള്ളവരെ വേദനപ്പെടുത്താത്തതും സത്യമായും സന്തോഷകരമായും ഉപകാരപ്രദമായും ഉള്ള വാക്കും, ശാസ്ത്രപഠനവും വാക്കുകൊണ്ടുള്ള തപസ്സാകുന്നു. മനഃപ്രസാദവും സൌമ്യതയും മൌനവും തന്നെത്താൻ കീഴടക്കലും സ്വഭാവശുദ്ധിയും മനസ്സുകൊണ്ടുള്ള തപസ്സാകുന്നു. പൂർണ്ണമായ വിശ്വാസത്തോടും ഫലം ഇച്ഛിക്കാതെയും ശാന്തിയോടും ചെയ്യുന്ന ഈ മൂന്നു തരത്തിലുള്ള തപസ്സ് സാത്വികമാണെന്നു പറയപ്പെടുന്നു. സൽക്കാരവും, മാനവും

പൂജയും സിദ്ധിപ്പാനും അന്യരെ കാണിപ്പാനും ചെയ്യുന്ന തപസ്സ് രാജസവും അസ്ഥിരമായും നിലനില്ക്കാത്തതായും ഉക്തമാകുന്നു. മൂഢതയോടുകൂടിയോ ആത്മാവിനെ പീഡിപ്പിച്ചോ അന്യനെ നശിപ്പിക്കുന്നതിനോ ചെയ്യുന്ന തപസ്സ് താമസമാകുന്നു. (ഭ: ഗീ. അ. ൧൭. ശ്ലോ. ൧൮—൧൯)

അഹിംസ— സകലജീവികളും ആത്മാക്കളാണെന്നും ആ ആത്മാക്കൾ ഒരു സച്ചിദാനന്ദ സമുദ്രത്തിലെ തുള്ളികളാണെന്നും എങ്ങിനെയൊ ആത്മാക്കൾക്കു പ്രകൃതിയായി ബന്ധമുണ്ടായെന്നും ഈ ബന്ധംകൊണ്ടു ആത്മാക്കൾ പ്രകൃതിയിൽനിന്നുണ്ടാകുന്ന സത്വരജസ്തമോഗുണങ്ങളാൽ ബന്ധിക്കപ്പെടുന്നുഎന്നും തങ്ങളെ ബന്ധിക്കുന്ന ഗുണങ്ങളും അതുമൂലം ഉള്ള തങ്ങളുടെ കർമ്മങ്ങളും അനുസരിച്ചു തങ്ങൾ പരലോകത്തിലുള്ള മനുഷ്യരും, മൃഗങ്ങളും, പക്ഷികളും, മത്സ്യങ്ങളും, കൃമികളും മററുജീവികളും ആയി വേർപ്പെട്ടിരിക്കുന്നുഎന്നും ഒരു ജീവിയുടെ ദേഹത്തെയൊ മനസ്സിനെയൊ പീഡിപ്പിക്കുന്നതുകൊണ്ടു വാസ്തവത്തിൽ ആത്മാവിനു യാതൊരു ഹാനിയും പററുന്നതല്ലെങ്കിലും ആത്മാവു് ദേഹത്തിൽ ഇരിക്കുമ്പോൾ ദുഃഖങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുമെന്നും നാം ആലോചിച്ചാൽ നാം യാതൊരുജീവിയെയും ഉപദ്രവിക്കുന്നതല്ല. മനുഷ്യർ തങ്ങളുടെ ഭക്ഷണത്തിന്നും മററുമായി എത്രയൊ സാധുക്കളായ ജീവികളെ കൊല്ലുന്നു. എന്നാൽ അവയും നാമും തമ്മിലുള്ള ബന്ധം ശരിയായി ആലോചിക്കുകയും അറിയുകയും ചെയ്താൽ നാം അവയെ കൊല്ലുന്നതല്ല. ഇതിനു ഞാൻ ഒരു ഉദാഹരണം പറയാം. ഒരാൾക്കു രണ്ടു സഹോദരന്മാരുണ്ടെന്നു വിചാരിക്കുക. ഇതാ ഒരു ഇന്ദ്രജാലക്കാരൻവരുന്നു. അവൻ അവന്റെ ശക്തികൊണ്ടു ആ സഹോദരന്മാരിൽ ഒരുവനെ ഒരു കോഴിയും ഒരാളെ ഒരു ആടും ആക്കിത്തീർക്കുന്നു. ജ്യേഷ്ഠൻ ഈ രണ്ടുതരത്തിലുള്ള ജീവികളെയും ഭക്ഷിക്കുന്നവനാണ്. എന്നാൽ അയാൾ തന്റെ അനുജന്മാരുടെ തൽക്കാലസ്ഥിതിയെപ്പററി വ്യസനിക്കുകയും അവരെ പൂർവ്വസ്ഥിതിയിലാക്കുന്നതിനു യത്നിക്കുകയും ചെയ്യുന്നതല്ലാതെ അവർ വാസ്തവത്തിൽ ഇന്നവരാണെന്നറിയുന്നതുകൊണ്ടു അയാൾ അവരെ കൊന്നു തിന്നുമൊ? ഒരിക്കലും അയാൾ അവരെ കൊന്നു തിന്നുകയില്ലെന്നു തന്നെയല്ല അവർക്കു യാതൊരു വിധത്തിലും ദുഃഖമുണ്ടാകാതെ അവരിൽ അസാമാന്യമായ കനിവോടുകൂടി ഇരിക്കുന്നതാണ്. അഹിംസ എന്നതിനു കൊല്ലാതെയിരിക്കുക എന്നുതന്നെയല്ല യാതൊരുപദ്രവവും ചെയ്യാതിരിക്കുക എന്നുകൂടി അർത്ഥമുള്ളതാണ് ഇങ്ങിനെ എല്ലാ ജീവികളുടെയും യഥാർത്ഥസ്ഥിതിയും നാം

അവയും തമ്മിലുള്ള ബന്ധവും നാം അറിഞ്ഞാൽ നാം യാതൊന്നിനെയും ഉപദ്രവിക്കുന്നതല്ല.

സത്യം. സത്യത്തിന്റെ മഹിമക്കും അതിന്റെ വിപരീതമായ അസത്യത്തിന്റെ ഹീനതക്കും അളവില്ല. സത്യവാനായ മനുഷ്യനിൽ സകലഗുണങ്ങളും അധിവസിക്കുന്നു. അസത്യവാനിൽ സകലദോഷങ്ങളും കുടികൊള്ളുന്നു.

കോപമില്ലായ്മ. കോപം എന്നുള്ളതു തന്നെ ഭ്രാന്തിയാണ്. കോപം നമ്മുടെ വിവേകത്തെ മറയ്ക്കുന്നതും അതുമൂലം നമ്മെക്കൊണ്ടു മഹാപാതകങ്ങളെ ചെയ്യിക്കുന്നതും ആകുന്നു. അതിനാൽ കോപം ഒരുകാലത്തും നമ്മെ തീണ്ടാതെ നാം രക്ഷിക്കേണ്ടതാണ്. കോപത്തെ ജയിച്ചവൻ തൽക്ഷണം ശാന്തിയെ പ്രാപിക്കുന്നു. കോപമില്ലാത്തവൻ പൂർണ്ണചന്ദ്രനെപ്പോലെ എല്ലാവർക്കും എന്നും സന്തോഷത്തെ ഉണ്ടാക്കുന്നു.

ത്യാഗം. ത്യാഗത്തെപ്പററി ഭഗവാൻ ഇപ്രകാരം പറയുന്നു. "കാമത്തോടുകൂടിയുള്ള കർമ്മങ്ങളെ ഉപേക്ഷിക്കുന്നതു സന്ന്യാസമാണെന്നു കവികൾ അറിഞ്ഞിരിക്കുന്നു. എല്ലാ കർമ്മങ്ങളുടെയും ഫലത്തെ ത്യജിക്കുന്നതു ത്യാഗമാണെന്നു ജ്ഞാനികൾ പറയുന്നു. കർമ്മം ഒരു ദോഷമായി തള്ളേണ്ടതാണെന്നു ചില വിദ്വാന്മാർ പറയുന്നു. യജ്ഞം, ദാനം, തപം ഈവക കർമ്മങ്ങൾ ഉപേക്ഷിക്കരുതെന്നു മററു ചിലരും പറയുന്നു. ഹേ ഭരതശ്രേഷ്ഠ! ത്യാഗത്തെസംബന്ധിച്ചുള്ള എന്റെ നിശ്ചയത്തെക്കേട്ടാലും. ഹേ പുരുഷവ്യാഘ്ര! ത്യാഗം മൂന്നുവിധമായി പറയപ്പെടുന്നു. യജ്ഞം, ദാനം, തപം ഈ കർമ്മങ്ങൾ ത്യജിക്കേണ്ടവയല്ല. ചെയ്യേണ്ടവയാണ്. യജ്ഞം, ദാനം, തപം ഇതുകൾ ബുദ്ധിമാന്മാരെ ശുദ്ധീകരിക്കുന്നവയാകുന്നു. എന്നാൽ ഹേ പാർത്ഥ! ഈ കർമ്മങ്ങളും ചെയ്യേണ്ടതു സംഗവും ഫലങ്ങളും ത്യജിച്ചിട്ടാണ്. ഇതാണ് എന്റെ നിശ്ചിതമായും ശരിയായും ഉള്ള അഭിപ്രായം. വിധിച്ചിട്ടുള്ള കർമ്മങ്ങളെ ഉപേക്ഷിക്കുന്നതു ശരിയല്ല. മൂഢതകൊണ്ടു അതു ഉപേക്ഷിക്കുന്നതു താമസമായിട്ടുള്ളതാകുന്നു. "ദുഃഖം" എന്നുപറഞ്ഞു കായക്ലേശത്തെ ഭയപ്പെട്ടു കർമ്മത്തെ ആരു് ഉപേക്ഷിക്കുന്നുവോ, അയാൾ രാജസമായ ത്യാഗത്തെ ചെയ്യുന്നതിനാൽ അയാൾക്കു ത്യാഗത്തിന്റെ ഫലം ലഭിക്കുന്നില്ല. ഹേ അർജ്ജുന "ചെയ്യേണ്ടതാണ്" എന്നു പറഞ്ഞു വിധിച്ച കർമ്മത്തെ സംഗവും ഫലവും ത്യജിച്ചു ചെയ്യുന്നതു സാത്വികമായ ത്യാഗമാകുന്നു. സത്വത്താൽ വ്യാപ്തനാം ബുദ്ധി

മാനും സംശയമററവനും ആയ ത്യാഗി സുഖകരമല്ലാത്ത കർമ്മത്തെ വെറുക്കുകയോ സുഖകരമായ കർമ്മത്തിൽ സന്തോഷിക്കുകയോ ചെയ്യുന്നില്ല. ദേഹത്തോടുകൂടിയവർക്കു കർമ്മത്തെ മുഴുവനും ഉപേക്ഷിക്കുവാൻ വഹിയാ; കർമ്മഫലത്തെ ആരു് ത്യജിക്കുന്നുവോ അവൻ ത്യാഗിയാകുന്നുഎന്നു പറയപ്പെടുന്നു. ത്യാഗികളല്ലാത്തവർക്കു് മേലിൽ കർമ്മഫലം അനിഷ്ടം, ഇഷ്ടം, മിശ്രം ഇങ്ങിനെ മൂന്നുവിധമാണു്. എന്നാൽ സന്ന്യാസികൾക്കു ഒരിക്കലും ഒന്നും ഇല്ല.” (ഭ: ഗീ അ. ൧൮ ശ്ലോ. ൧൦—൧൨)

ദൈവസമ്പത്തുകൾ മോക്ഷത്തെ ഉണ്ടാക്കുന്നതാണെന്നു ഞാൻ പറഞ്ഞുവല്ലോ. നമ്മുടെ ബന്ധം വേർപെട്ടു നമ്മുടെ സ്വതെയുള്ള സ്ഥിതിയായ ശാന്തിയിൽ എത്തുന്നതാണു് മോക്ഷം എന്നു പറയുന്നതു്. ആ മോക്ഷം നമ്മിൽ തന്നെയാണു്. അതു ആകാശത്തിലും മററും അല്ല. ശാന്തിഎന്ന നിലയെ തുര്യം എന്നു പറയുന്നു. ആ പദത്തിൽ എത്തിയ ആത്മാവുതന്നെയാണു് ബ്രഹ്മം. തുര്യാവസ്ഥയെ പ്രാപിച്ച വീതഹവ്യമഹർഷിയെപ്പററി ശ്രീവസിഷ്ഠമഹർഷി ജ്ഞാനവാസിഷ്ഠത്തിൽ ശ്രീരാമനോടു ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

“ആയവസ്ഥയിൽ നിരാനന്ദനും സാനന്ദനുമായി തന്മുനിസത്തുമസത്തുമായിത്തീർന്നു, ചിന്മയനായോന, ചിന്മയനാസ്സുന്നീടിനോന, മുനിചൊല്ലത്തക്കതൊന്നുമല്ലാതെയായി; മന്നിടത്തിങ്കലുള്ള ശൂന്യവാദികൾക്കൊക്കെ ശൂന്യമായ് ബ്രഹ്മവിത്തുകൾക്കഹോ ബ്രഹ്മമായി; സുമതേ! വിജ്ഞാനമെന്നോതീടുന്നവർക്കെല്ലാമ, മലാസ്പദമായറിജ്ഞാനമാത്രമായി; സാംഖ്യദൃഷ്ടികളായോർക്കൊക്കെയും പുരുഷനായ് ചൊൽക്കൊണ്ടീടുന്ന യോഗവാദികൾക്കീശ്വരനായ്, കാലൈകവാദികളാസ്ഥിതിയ്ക്കുന്നവർക്കെല്ലാം കാലനായ്, ശൈവന്മാരായോർക്കഹോ ശിവനായി; മാദ്ധ്യമികർക്കു മദ്ധ്യമാ,യഹോ പരം സമചിത്തന്മാരായുള്ളവർക്കൊക്കെസ്സർവ്വവുമായി; അല്പവും വാക്കിന്നെത്തീടാത്തതായിട്ടും, പരമാത്മസ്വരൂപമായി ബ്ഭവിച്ചു വീതഹവ്യൻ.” (ജ്ഞാ: വാ: ഭാഗം. ൨൨൭)

ശാന്തിയായതുര്യ പദത്തിന്നു് വീതഹവ്യനെപ്പോലെ സകലചരാചരങ്ങളും അവകാശികളാകുന്നു. സകല ചരാചരങ്ങളും ശാന്തിയെ പ്രാപിക്കട്ടെ. ഓം ശാന്തി ശ്ശാന്തി ശ്ശാന്തിഃ

# ആത്മോപദേശശതകം

[തുടർച്ച]

പലമതസാരവുമേകമെന്നു പാരാ
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ
രലവതു കണ്ടലയാതമർന്നിടേണം ൪൪

ഒരുമത മന്യനനിന്ദ്യമൊന്നിലോതും
കുറവപരന്റെ കണക്കിനൂനമാകും
ധരയിലിതിന്റെ രഹസ്യമൊന്നതാണെ
ന്നറിവളവും ഭ്രമമെന്നറിഞ്ഞിടേണം ൪൫

പൊരുതു ജയിപ്പതസാദ്ധ്യമൊന്നിനോടൊ
ന്നൊരുമതവും പൊരുതാലൊടുങ്ങുവീല
പരമത വാദിയിതോർത്തിടാതെ പാഴേ
പൊരുതു പൊലിഞ്ഞിടുമെന്ന ബുദ്ധിവേണം ൪൬

ഒരുമതമാകുവതിന്നുരപ്പതെല്ലാ
വരുമിതു വാദികളാരുമോർക്കുകില്ല
പരമത വാദമൊഴിഞ്ഞ പണ്ഡിതന്മാ
രറിയുമിതിന്റെ രഹസ്യമിങ്ങശേഷം ൪൭

തനുവിലമർന്ന ശരീരിതന്റെ സത്താ
തനുവിലതെന്റേതിതെന്റേതെന്നു സർവ്വം
തനതുയൊഴിഞ്ഞു ധരിച്ചിടുന്ന സാക്ഷാ
ലനുഭവശാലികളാമിതോർക്കിലാരും ൪൮

ഒരുവിലമാരും സുഖത്തിനായ് പ്രയത്നം
സകലവുമിങ്ങു നടത്തിയെത്തിടുന്നു
ജഗതിയിലിമ്മതമേകമെന്നു നീതി
ച്ചുഴലണയാതകതാരമർന്നിടേണം ൪൯

നിലമൊടു നീരതുപോലെ കാറ്റുതീയും
വെളിയുമഹംകൃതി വിദ്യയും മനസ്സും
അവകളുമാഴിയുമെന്നുവേണ്ടയെല്ലാ
മലയുമുയർന്നറിവായി മാറിടുന്നു ൫൦

അറിവിലിരുന്നൊരഹന്ത യാദ്യമുണ്ടാ
ണ്ടതിനൊടെതിരന്ത വാസനയാലും
വരുമിവരണ്ടുലകങ്ങൾപോലെ മായാ
മരമഖിലം മറയപ്പടർന്നിടുന്നു ൫൧

# പത്രാധിപക്കുറിപ്പുകൾ.

## സ്കൂൾപ്രവേശനങ്ങൾ.

കഴിഞ്ഞ ശ്രീമൂലംപ്രജാസഭയിൽ യോഗംപ്രതിനിധിക്കു ഗവർമ്മെൻറിൽനിന്നു കൊടുത്ത മറുവടിയുടേയും, തിരുവിതാംകൂറിലെ പുതിയ വിദ്യാഭ്യാസചട്ടത്തിൻെറയും മററും ഫലമായി ഈയിടെ വിശേഷാൽ പല സ്കൂളുകളിലും ഈഴവർക്കു പ്രവേശനം അനുവദിച്ചിരിക്കുന്ന വിവരം ഞങ്ങൾ സന്തോഷപൂർവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. നെയ്യാററുംകര, കൊല്ലംമുതലായ താലൂക്കുകളിലെ തടസ്സപ്പെട്ടിരുന്ന പ്രധാന പെൺപള്ളിക്കൂടങ്ങൾ മിക്കവാറും ഈ രണ്ടുമാസങ്ങൾക്കുള്ളിൽ തുറക്കപ്പെട്ടിരിക്കുന്നു. ഇതു ഹേതുവായിട്ടു ജനങ്ങളുടെയിടയിൽ യാതൊരുവിധം കലഹവും വൈരസ്യവും ഉണ്ടായിട്ടില്ലെന്നുള്ള വസ്തുതയും ഞങ്ങൾക്കു ചാരിതാർത്ഥ്യഹേതുവാണ്. എന്നാൽ മഹാരാജാവു തിരുമനസ്സിലെ കൊട്ടാരത്തിൻെറ മുൻവശത്തുള്ള തെക്കെത്തെരുവുപെൺപള്ളിക്കൂടത്തിൽ ഏതാനും ഈഴവപ്പെൺകുട്ടികളെ ഈയിടെ പ്രവേശിപ്പിച്ചു എങ്കിലും പ്രവേശിപ്പിച്ചു രണ്ടുവാരംകഴിഞ്ഞശേഷം ഇപ്പോൾ അവരെ അതിൽനിന്നു ഒഴിച്ചുവിട്ടിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ വ്യസനിക്കയും കുറെ ആശ്ചര്യപ്പെടുകയും ചെയ്യുന്നു. ഈ സാധുപ്പെൺകിടാങ്ങളോടു ഇങ്ങിനെ പ്രവൃത്തിച്ചതു അനൌചിത്യമായിട്ടുപോയി എങ്കിലും ഞങ്ങളുടെ സമുദായത്തിൻെറ അഭിവൃദ്ധിയിൽ കാണിയുന്ന ആനുകൂല്യം ചെയ്വാൻ എപ്പോഴും ഒരുങ്ങിയിരിക്കയാണെന്നു ഞങ്ങൾക്കുതന്നെ വിശ്വാസമുള്ള ഇപ്പോഴത്തെ തിരുവിതാംകൂർ ഗവർമ്മെൻറിൻെറ ഈ നടപടിയെ എങ്ങിനെ ആക്ഷേപിക്കേണ്ടു എന്നു അറിയാതെ ഞങ്ങൾ കുഴങ്ങുന്നു. ഗവർമ്മെൻറിനുതന്നെ അറിയത്തക്ക വല്ല കാരണവും കാണുമായിരിക്കാം. എങ്കിലും ആദ്യം ഇവർക്കു പ്രവേശം കൊടുക്കുകയും ഒടുവിൽ പുറത്തുനിന്നു യാതൊരു തടസ്സവും ഉണ്ടാകാതിരുന്നിട്ടും പെട്ടെന്നു പുറത്താക്കുകയും ചെയ്തതു എങ്ങിനെ നീതീകരിക്കപ്പെടും? പുതിയ വിദ്യാഭ്യാസകോഡിൻെറ ൩൪-ാംവകുപ്പുപ്രകാരം എല്ലാവർക്കും എല്ലാ സ്കൂളുകളിലും പ്രവേശം അനുവദിക്കപ്പെട്ടിരിക്കുന്നു. ആ വകുപ്പിലെ താൽപര്യത്തിൽ നിന്നു പ്രസ്തുതസ്കൂൾ ഒഴിച്ചുവച്ചിരിക്കയായിരുന്നു എങ്കിൽ ഇവർക്കു ആദ്യം പ്രവേശം കൊടുക്കേണ്ടുന്ന ആവശ്യകതതന്നെ ഉണ്ടായിരുന്നില്ല. അങ്ങിനെയല്ലാതെ പ്രവേശം നൽകുകയും ഒന്നുരണ്ടു ആഴ്ചകഴിഞ്ഞശേഷം സാധുകുട്ടികളെ ഇറങ്ങിപ്പോവാൻ പറകയും ചെയ്തതു ഒരു വ്യവസ്ഥിതമായ ഗവർമ്മെണ്ടിനു പററിയ നടപടിയല്ലെന്നു പറയേണ്ടതില്ലല്ലോ. ഈ ദൃഷ്ടാന്തത്തെ ഗവർമ്മെൻറ് ഇനി എങ്കിലും അനുവർത്തിക്കാതിരുന്നാൽ മതി.

## ആലപ്പുഴ സനാതനധൎമ്മ ഹൈസ്കൂൾ

ഈഴവരുടേ പ്രവേശനത്തിന്ന ആദ്യംമുതൽക്കേ തടസ്സമുണ്ടായിരുന്ന ഈ വിദ്യാലയത്തിൽ ഇപ്പോൾ ആ തടസ്സം തീൎന്നിരിക്കുന്നതായറിയുന്നത് ഞങ്ങൾക്ക ഏററവും സന്തോഷകരമായ ഒരു സംഗതിയാകുന്നു. മലയാളത്തിലും ഇംഗ്ലീഷിലുംഉള്ള പല വൎത്തമാന പത്രങ്ങളിലും ഇന്ത്യൻറിവ്യു മുതലായ ഇംഗ്ലീഷുമാസികകളിലും മററും ഇതിൽ തീയൎക്കപ്രവേശം നൽകാതിരുന്നതിനെപ്പററി ബലമായ ആക്ഷേപങ്ങൾ അടുത്തകാലത്തുതന്നെ നടന്നിട്ടുണ്ട്. പൂജ്യയായ ആനിബെസൻറ മദാമ്മയെത്തന്നെയും ഇതു സംബന്ധമായി പലരും ആക്ഷേപിച്ചിട്ടുണ്ട്. ഏതെങ്കിലും കാരണത്താൽ ഇപ്പോൾ ഈ വിദ്യാലയത്തിൽ തീയൎക്ക പ്രവേശം അനുവദിപ്പാൻ സൽബുദ്ധി തോന്നിയ ഭാരവാഹികളുടേ ഉചിതജ്ഞതയെ ഞങ്ങൾ ഹൃദയപൂൎവ്വം ശ്ലാഘിക്കുകയും, അതിനെപ്പററി സമുദായത്തിനു വേണ്ടി ഞങ്ങൾ അവൎക്ക നന്ദിപറകയും ചെയ്യുന്നു. മതം സദാചാരം മുതലായ സംഗതികളിൽ പ്രത്യേകം ദൃഷ്ടിവച്ചു വിദ്യാൎത്ഥികളേ സാത്വികന്മാരും വാസ്തവയോഗ്യന്മാരുമാക്കി തീൎക്കാനായുള്ള പാവനമായ ഉദ്ദേശ്യത്തോടെ സ്ഥാപിച്ചു സ്തുത്യൎഹമാംവണ്ണം നടത്തിവരുന്ന ഈ സനാതനധൎമ്മ വിദ്യാശാലയിൽ പ്രവേശം അനുവദിച്ചതു ഞങ്ങളുടെ സമുദായക്കാർ വേറെയുള്ള ഹൈസ്കൂളുകളിലെ പ്രവേശലാഭത്തിനെക്കാൾ ശ്രേയസ്കരമായി വിചാരിക്കുമെന്നും അനേക തീയ്യയുവാക്കന്മാർ ഈ വിദ്യാലയത്തിൽ പ്രവേശിച്ചു പ്രതീക്ഷിതമായ വിധത്തിൽ അചിരേണ യോഗ്യന്മാരായി തീരുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

### ഒരു ദുൎഘോഷണം.

“ബ്രഹ്മശ്രീനാരായണഗുരുസ്വാമി അവർകൾ മലബാറിൽ പ്രതിഷ്ഠിച്ച ക്ഷേത്രം പ്രതിഷ്ഠ കഴിഞ്ഞഉടൻതീകത്തിപ്പോയി” എന്നു ഒരു ലേഖകൻ ഒരു മാന്യപത്രത്തിനു അറിവുകൊടുക്കയും മററുചില മാന്യപത്രങ്ങൾ അതിനെ പകൎത്തുകയും ചെയ്തിരിക്കുന്നതായി കാണുന്നു. സ്വാമി മലബാറിൽ പ്രതിഷ്ഠകഴിച്ചിട്ടുള്ള ക്ഷേത്രം തലശ്ശേരിയിലെ “ജഗന്നാഥ” ക്ഷേത്രമാണ്. അതു ഭാഗ്യവശാൽ ഇപ്പോഴും ഉത്തരോത്തരം അഭിവൃദ്ധിയിലാണ്. എന്നാൽ കണ്ണൂരിൽ ഈയിടെ ഒരു ക്ഷേത്രത്തിന്ന ആരംഭിച്ചു ഷഡാധാരപ്രതിഷ്ഠ ചെയ്തിട്ടുണ്ട്. അതിനടുത്തു ഭജനം നടത്തിവന്നതായ ഒരു ഓലപ്പുര ഷഡാധാരപ്രതിഷ്ഠ കഴിഞ്ഞ ഉടനെ എങ്ങിനേയോ തീപിടിക്കുകയും അതു കത്തിപ്പോകയും ചെയ്തിട്ടുള്ളതു ശരിയാണ്. അതിൽവച്ചു ഭാരവാഹികൾക്കുള്ള നഷ്ടവും നിസ്സാരമത്രെ. ഇങ്ങിനേയുള്ള നിസ്സാരസംഗതികളെ വേണ്ടത്ര വിചാരത്തോടുകൂടാതെയും

തെററിദ്ധാരണക്കിടയാവുന്ന വിധത്തിലും പൊതുജനങ്ങളെ ധരിപ്പിക്കുന്നതിൽവച്ചു ചിലപ്പോൾ ചില കുഴപ്പങ്ങൾ ഉണ്ടാവാനിടയുണ്ടെന്നുള്ളതാണ്.

## പുസ്തകാഭിപ്രായങ്ങൾ.

സൂതികാമൃതം— ഇതു ആരോഗ്യരക്ഷയെ ഉദ്ദേശിച്ചു ഗർഭിണികൾ, അമ്മമാരാവാൻ പോകുന്നവരുമായ സ്ത്രീജനങ്ങൾ അറിഞ്ഞിരിക്കേണ്ട സകല സംഗതികളെയും പററി പ്രതിപാദിക്കുന്ന ഒരു പുതിയ ഉത്തമപദ്യഗ്രന്ഥമാകുന്നു. ഇതിന്റെ കർത്താവായ കായിക്കരെ പി. എം. ഗോവിന്ദൻ വൈദ്യനവർകൾ 'ധന്വന്തരി'യിൽ പ്രസിദ്ധപ്പെടുത്തുന്ന തന്റെ അഷ്ടാംഗഹൃദയ തർജ്ജമകൊണ്ടു [illegible] ലേഹമാണ്. പ്രകൃതപുസ്തകം അഷ്ടാംഗഹൃദയം, ചരകം, സുശ്രുതം മുതലായ വൈദ്യഗ്രന്ഥങ്ങളിൽ നിന്നു യുക്തമെന്നു തോന്നിയ ഭാഗങ്ങളെ തിരഞ്ഞെടുത്തു തർജ്ജിമചെയ്തും ചിലേടത്തു സ്വാതന്ത്ര്യമായും പ്രായേണ അനുഷ്ടുപ്പുവൃത്തത്തിൽ നല്ല മലയാളഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നു. ഇതിനെ ദിനചര്യ, ദോഷാദിവിജ്ഞാനം, പുത്രകാമീയം, ഗർഭോൽപത്തി, ഗർഭരക്ഷ, പ്രസവപദ്ധതി, ഗർഭവ്യാപത്തു, പ്രസവവൈഷമ്യം, ബാലപരിപാലനം, ബാലരോഗചികിത്സ, വാത്സല്യാദിഗണം, ഔഷധകല്പനം, എന്നു അന്വർത്ഥനാമങ്ങളായ പന്ത്രണ്ടു അദ്ധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. പ്രസിദ്ധവിദ്വാനായ പുന്നശ്ശേരി നീലകണ്ഠശർമ്മ അവർകൾ ഗ്രന്ഥകർത്താവിനെപ്പററി "വൈദ്യശാസ്ത്രത്തിൽ താല്പര്യ സാരഗ്രാഹിതയും, സരളമായി കവിതയുണ്ടാക്കുന്നതിലുള്ള വാസനയും ഇതുകൊണ്ടു നല്ലവണ്ണം തെളിയുന്നുണ്ടെന്നു,, അഭിപ്രായം പറഞ്ഞിരിക്കുന്നതിൽ ഒട്ടും അതിശയോക്തിയുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഗ്രന്ഥകർത്താവിന്റെ വന്ദ്യഗുരുഭൂതരും ഇന്നത്തെ ആയുർവേദ പണ്ഡിതന്മാരുടെ പങ്ക്തിയിൽ മുമ്പനുമായ അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ഈ കൃതിയെപ്പററി 'ഇതു വൈദ്യശാസ്ത്രപരിചയമില്ലാത്തവർക്കു വളരെ ഉപകാരകവും, വൈദ്യന്റെ യശസ്സിനെ അനശ്വരമായ ഒരു സ്മാരകവുമായിരിക്കുമെ,ന്നു പ്രശംസിച്ചിരിക്കുന്നതും ഒട്ടും അസ്ഥാനത്തിലല്ലെന്നാണ് ഞങ്ങളുടെ വിശ്വാസം. പുസ്തകത്തിനു ഡമി എട്ടുപ്പത്തിൽ തൊണ്ണൂറോളം ഭാഗങ്ങൾ ഉണ്ട്. തിരുവനന്തപുരം ആനന്ദപ്രസ്സിൽ അച്ചടിച്ചതാണ്. അച്ചടിയും കടലാസും കെട്ടും എല്ലാം നന്നായിട്ടുണ്ട്. ഒരുപ്രതിക്കു പന്ത്രണ്ടണ വിലകൊടുത്താൽ ഗ്രന്ഥകർത്താവിൽനിന്നോ ഈ വിവേകോദയം ആപ്പീസിൽനിന്നോ കിട്ടുന്നതാണ്. പി. എം. ഗോവിന്ദൻ വൈദ്യരവർകൾ ഈ മാതിരി ഗ്രന്ഥംകൊണ്ടു മലയാളികൾക്കും മലയാളഭാഷയ്ക്കും മേല്ക്കുമേൽ സ്മരണീയമായ ഉപകാരങ്ങൾ ചെയ്തുകൊണ്ടിരിക്കണമെന്നു ഞങ്ങൾ നിർവ്യാജം ആഗ്രഹിക്കുന്നു.

അഞ്ജനനിദാനം;— ഇതു ഒരു വൈദ്യഗ്രന്ഥത്തിന്റെ ഭാഷാവ്യാഖ്യാനമാണ്. വൈദ്യശാസ്ത്രപ്രകാരം നിദാനം എന്നുവച്ചാൽ രോഗങ്ങളുടെ ലക്ഷണങ്ങളെയും ഹേതുക്കളെയും പററി പ്രതിപാദിക്കുന്ന ഗ്രന്ഥമാകുന്നു. ഈ പ്രസ്ഥാനത്തിൽ മാധവനിദാനത്തെയാണ് വൈദ്യന്മാർ പ്രധാനമായി ഗണിക്കുന്നത്. "നിദാനേ മാധവഃ ശ്രേഷ്ഠഃ" എന്ന വാക്യം പ്രസിദ്ധമാണല്ലോ. അഞ്ജനനിദാനം ആയു

ച്ച്ദജ്ഞന്മാരായ ഋഷിമാരിൽ ഒരു ഗണ്യമേതമായ അഗ്നിവേശ
ാൽ സംസ്കൃതത്തിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഗ്രന്ഥവിസ്താരം
ൂടാതെ നിദാനത്തെ സംബന്ധിച്ച സൂക്ഷ്മവും, വിസ്താരവുമായ അ
ിവിനെ നൽകുന്നതു്, അല്ലെങ്കിൽ സംക്ഷിപ്തമായാണ് ഈ നി
ാനത്തിനുള്ള വിശേഷം. അതുകൊണ്ടു കണ്ടിന്നു നിശ്ചയിക്കുന്ന ശക്തി
യ വർദ്ധിപ്പിക്കുന്നതുപോലെ ഈ ഗ്രന്ഥത്തിന്റെ അറിവു വൈ
്യന്മാർക്കു രോഗകാരണദർശനത്തിൽ അത്യന്തം ഉപകരിക്കുന്നതാ
കയാൽ ഇതിനു അഞ്ജനനിദാനം എന്നു ഋഷി പേരുവിളിച്ചിരി
ക്കുന്നു. ഈ ഗ്രന്ഥത്തിനു ആത്രാമത്തു പി. കെ. നാരായണൻ വൈദ്യർ
കൾ എഴുതിയ ദോഷരഹിതമില്ലാത്തതും വിശദവുമായ ഭാഷാവ്യാഖ്യാന
ത്തെ ഞങ്ങൾ ഹൃദയപൂർവ്വം സ്വീകരിക്കുന്നു. ഈ ഗ്രന്ഥകാരന്റെ പേ
ർ "ധന്വന്തരി" വായനക്കാർക്കു പരിചിതമായിട്ടുള്ളതാണ്. വൈ
ദ്യവിഷയമായി പലപ്പോഴും ഈ പേരിന്റെ ഉടമസ്ഥൻ ആ മാസി
കയിൽ സാരവത്തുകളായ ലേഖനങ്ങൾ എഴുതാറുണ്ട്. തന്റെ
യോഗ്യതയെ ഇപ്രകാരം പരോപകാരകരവും യശസ്കരവുമായ വി
ധത്തിൽ വിനിയോഗിക്കുന്ന യുവാവായ (ഞങ്ങൾ അറിയും) ഈ ഗ്ര
ന്ഥകാരന്റെ ഉദ്യമങ്ങളെ ഞങ്ങൾ അഭിനന്ദിക്കുകയും അദ്ദേ
ഹത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ ഗ്രന്ഥം പതി
നാറു വലുപ്പത്തിൽ വൃത്തിയായി അച്ചടിച്ചിട്ടുള്ള ഒരു പുസ്ത
കമാണ്. വില മുതലായ വിവരങ്ങൾ, ഗ്രന്ഥകർത്താവായ കൊല്ലം
ആത്രാമത്തു പി. കെ. നാരായണൻ വൈദ്യർ കല്ലൂരാട്ടുതന്നെ അന്വേ
ഷിച്ചാൽ അറിയാം.

### വർത്തമാനങ്ങളും മറ്റും.

---

ഈ കഴിഞ്ഞ കൊല്ലം ഇന്ത്യയിൽനിന്നു ആകെ നാലുകോടി ഉറുപ്പിക വി
ലക്കു ഉള്ള തോൽ അന്യരാജ്യങ്ങളിലേക്കു കയറി അയച്ചിരിക്കുന്നു. ഭൂമിയിൽ വേ
റെ ഒരേടത്തുനിന്നും ഇത്ര അധികം തോൽ കയറ്റി അയക്കുന്നില്ല. ലണ്ടനിൽ
ഇപ്പോൾ സാധാരണയിൽ നൂറിൽ മുപ്പതുകണ്ടു വില വർദ്ധിച്ചിരിക്കുന്നതായി കാ
ണുന്നു. ഇതിന്റെ ഫലമായി തോൽകൊണ്ടുണ്ടാക്കുന്ന സഞ്ചികൾ, ബൂട്ട്സുകൾ
മുതലായവക്കു തൽക്കാലം വില വർദ്ധിക്കുമെന്ന പറയേണ്ടതില്ലല്ലൊ.

മധുര ഡിസ്ത്രിക്ടിൽ സൌരാഷ്ട്രജാതിക്കാർ എന്നു പറയുന്ന പട്ടുനൂൽ
പ്രവൃത്തിക്കാരാകുന്നു. അവർ ഇപ്പോൾ അയ്യർ, അയ്യങ്കാർ മുതലായി ബ്രാഹ്മണ
രുടെ സ്ഥാനപ്പേരുകൾ എടുപ്പാൻ തുടങ്ങിയിരിക്കുന്നതിൽ ബ്രാഹ്മണർക്കു ശണ്ഠ
കൂടുവാൻ ഒരു കാരണവും ഇല്ലാതെ വേറെ നിവൃത്തിയില്ലല്ലൊ. ഈ
ക്ഷേത്രത്തിലെ ഒരു ലക്ഷ്യവും ഉണ്ടാക്കാതെ വിദ്യാഭ്യാസം വർദ്ധിപ്പിക്കുവാൻ സൌ
രാഷ്ട്രജാതിക്കാർ ഇതിൽ ഉയർന്നതരം വിദ്യാഭ്യാസം വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഒരു ശാശ്വതധനം
റാഷ്ട്ര ഹൈസ്കൂൾ മുതൽ സ്ഥാപിച്ചിട്ടുള്ളതിന്നു ഒരു ശാശ്വതധന

യി മുപ്പത്തിനാലായിരം ഉറുപ്പിക പിരിക്കുവാൻ ശ്രമം ചെയ്തുവരുന്നതിലേക്കു ആയിരവും രണ്ടായിരവും ആയി പലരും സംഭാവന ചെയ്തുവരുന്നതായി മെയിൽ പത്രത്തിൽ കാണുന്നു.

ജൎമ്മൻ ചക്രവൎത്തി മൺപാത്രങ്ങൾ ഉണ്ടാക്കി വില്ക്കുന്ന ഒരു ശാല സ്വന്തം ഏൎപ്പാടായി നടത്തിവരുന്നുണ്ട്. ഹാനൊവറിലെ ടൈറ്റൻ ബ്രൂവറി കമ്പനിയിൽ (മദ്യംകാച്ചുന്ന കച്ചവടത്തിൽ) അഞ്ചു ഓഹരികൾ അവിടുന്നു വാങ്ങീട്ടുണ്ടെന്നും താൻ ഓഹരി എടുക്കുന്ന സകല കമ്പനികളുടേയും ഗുണദോഷത്തിൽ അവിടുത്തെക്കു വളരെ ശുഷ്കാന്തിയുള്ളതാണെന്നും ഒരു പത്രത്തിൽ പ്രസ്താവിച്ചുകാണുന്നു.

മഹാഭാരതം മുഴുവൻ പല പൂൎവ്വഗ്രന്ഥങ്ങളുമായി ഒത്തുനോക്കി ശരിപ്പെടുത്തി വിശേഷനിലയിൽ അച്ചടിപ്പിക്കുവാൻ യൂറോപ്പിലെ മഹാന്മാരായ പല സംസ്കൃതപണ്ഡിതന്മാർകൂടി തീൎച്ചപ്പെടുത്തിയിരിക്കുന്നു. ഏകദേശം ഒന്നരലക്ഷത്തോളം ഉറുപ്പിക അച്ചടിക്കൂലി, ബൈൻഡിംഗ് മുതലായവയ്ക്കുകൂടി വേണ്ടിവരുമത്രെ. അതിൽ ൧൦൦൦ പവൻ (൧൫,൦൦൦ ക) യൂറോപ്പിൽ ഒരു വിധം സൎക്കാർ കൊടുക്കാമെന്നു നിശ്ചയിച്ചിട്ടുണ്ടു. ശേഷമുള്ളതു ഇന്ത്യയിൽ നിന്നും മറ്റും പിരിക്കാൻ ശ്രമംചെയ്തുവരുന്നു

കൊല്ലത്തിൽ ഏകദേശം എട്ടുലക്ഷം പവൻ വിലക്കുള്ള ഗ്ലാസ്സ് സാമാനങ്ങൾ അന്യരാജ്യങ്ങളിൽ നിന്നു ഇന്ത്യയിലേക്കു കയറ്റിവരുന്നുണ്ടു. ഇതിൽ രണ്ടു ലക്ഷം പവനുള്ളതും കുപ്പിവളകളാകുന്നു. ഗ്ലാസ്സ് സാമാനങ്ങൾ പകുതിയിലധികം ഓസ്ത്രിയ, ബെൽജിയം ഈ രാജ്യങ്ങളിൽ നിന്നു വരുന്നതാണ്. പിന്നെ അധികം ജൎമ്മനിയിൽനിന്നാകുന്നു.

വളരെ കാലം ഇംഗ്ലാണ്ടിലെ പ്രധാനമന്ത്രിയും ലോകവിശ്രുതനുമായ മിസ്റ്റർ ഗ്ലാഡ്സ്റ്റന്റെ പൌത്രനായ മിസ്റ്റർ വില്യം ഗ്ലാഡ്സ്റ്റൻ ഇന്ത്യ, ചീന, ജപ്പാൻ ഈ രാജ്യങ്ങൾ സഞ്ചരിച്ചുകാണ്മാൻ ഇംഗ്ലണ്ടിൽനിന്നു പുറപ്പെട്ടു ഇയ്യിടെ മദ്രാശിയിൽ വന്നിരുന്ന സമയം അദ്ദേഹം നമ്മുടെ ഗവൎണരുടെ അതിഥിയായിരുന്നു. അഞ്ചുമാസത്തോളം ഈ രാജ്യങ്ങളിൽ സഞ്ചരിച്ചു. ഇപ്പോൾ ഇദ്ദേഹത്തിന്നു ൨൫ വയസ്സു പ്രായമായിരിക്കുന്നു.

ജപ്പാനിൽ പോയി കണ്ടവിവരങ്ങൾ ലേഡി ബെൻസൻ എന്ന മദാമ്മ ഇപ്പോൾ മദ്രാസിയിലെ ഒരു മാസികയിൽ എഴുതിവരുന്നുണ്ട്. അവരുടെ ഒടുവിലത്തെ ലേഖനത്തിൽ കയോട്ടോ എന്ന സ്ഥലത്തുള്ള ബുദ്ധമതക്ഷേത്രത്തിന്റെ ഒരു വിവരണം കൊടുത്തുകാണുന്നതു ഏറ്റവും രസമുള്ളതായി കാണുന്നു. ആ ക്ഷേത്രം ൫൦ കൊല്ലംകൊണ്ടു പണിചെയ്തു തീൎത്തതാണ്. ൧൪,൫൦,൦൦,൦൦൦ (പതിന്നാലുകോടിയമ്പതു ലക്ഷം) ഉറുപ്പിക ചെലവുണ്ട്. ഇതു മുഴുവനും സാധുക്കളായ കൃഷിവേലക്കാരും മറ്റും സന്തോഷത്തോടുകൂടി കൊടുത്തതാകുന്നു. ഇതിനുള്ള മരം മലകളിൽ നിന്നു ഇറക്കുവാനുള്ള കമ്പകൾ സ്ത്രീകളുടെ മുടി അവർ മുറിച്ചുകൊടുത്തതുകൊണ്ടു ഉണ്ടാക്കിയതായിരുന്നു എന്നും അവരുടെ വാത്സല്യത്തെ കാണിപ്പാൻ ആ കമ്പകൾ ഇന്നും ക്ഷേത്രത്തിൽ കെട്ടിത്തൂക്കിയിട്ടുണ്ടെന്നും മദാമ്മ പ്രസ്താവിച്ചിരിക്കുന്നു. അവിടെയുള്ള ഒരു കമ്പ മദാമ്മ കണ്ടതു ൩൬൦ അടി നീളമുണ്ടത്രെ.

ജപ്പാൻകാരിൽ ആ രാജ്യത്ത് ഇപ്പോൾ ഏകദേശം ഒന്നരലക്ഷം ക്രിസ്ത്യാനികൾ ഉണ്ടു.

ശൃംഗേരി ശങ്കരാചാൎയ്യർ സ്വാമികളുടെ കീഴിൽ അനവധി ഭൂസ്വത്തുക്കളുണ്ടു. അവിടത്തെവക മൈസൂരിലുള്ള എസ്റ്റേറ്റ് ൫ നാഴിക നീളവും ൩ നാഴിക

വീതിയും ഉണ്ട്. അതിൽ പതിനായിരത്തിൽപരം ജനങ്ങൾ ഉണ്ടു. ഇതിൽനിന്നുള്ള ആദായത്തിനു പുറമെ മൈസൂർ ഗവൎമ്മെണ്ടിൽ നിന്നു ആയിരം ഉറുപ്പിക മാസംതോറും സ്വാമികൾക്കു കൊടുത്തുവരുന്നു. മഠംവകയായി സ്ഥാപിച്ചിട്ടുള്ള സംസ്കൃതകാളെജിൽ തൎക്കം, വ്യാകരണം, വേദം, വേദാന്തം മുതലായവ പഠിപ്പിപ്പാൻ അതിവിദ്വാന്മാരായ ശാസ്ത്രികളെ വെച്ചിട്ടുണ്ട്. സംഖ്യക്കുറവായ കുട്ടികൾക്കു ഭക്ഷണവും യാതൊരു നിവൃത്തിയും ഇല്ലാത്തവൎക്കു ഉടുക്കാൻ വസ്ത്രംപോലും മഠത്തിൽനിന്നു കൊടുക്കുന്നതാണ്. മഠംവക ഉത്സവങ്ങളിൽ നവരാത്രി പൂജയാണുള്ളതുകൊണ്ടു അതി കേമമായിട്ടുള്ളു.

ചെറുപ്പകാലത്തു ധാരണശക്തി വർ
നമ്മുടെ എഡ്വേർഡ് ചക്രവർത്തിയുടെ ധിക്കാൻ വിക്ടോറിയാ മഹാരാജ്ഞി വളരെ മുഷുത്തൽചെയ്തുപോന്നിരുന്നു. തിരുമനസ്സിലെ വന്നു കണ്ടിട്ടുള്ള എല്ലാവരുടെയും പേരും അവർ വന്ന കാര്യവും സംഗതിയും ഉറങ്ങാൻപോകുന്നതിനു മുമ്പ് ദിവസംപ്രതി ഇതിനോട് കൃത്യമായി പറവാൻ നിർബന്ധിച്ചിരുന്നു.

---

# പലവക.

ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകൾ വടക്കൻ യാത്ര കഴിഞ്ഞു കുംഭം ൨-ാംനു-സുഖമായി ശിവഗിരിയിൽ മടങ്ങിയെത്തി.

ഡാക്ടർ പല്പു അവർകൾ മൈസൂരിൽനിന്നു ഒരുമാസത്തെ അവധിയിൽ ഇവിടെ എത്തി താമസിച്ചുവരുന്നു.

പറവൂർ മുൻസീഫ് എം. ഗോവിന്ദൻ ബി. ഏ. ബി. എൽ അവർകൾ അവധികഴിഞ്ഞു പണിയിൽ പ്രവേശിച്ചിരിക്കുന്നു.

ഈ തവണത്തെ അരുവിപ്പുറം ശിവരാത്രിമഹോത്സവം ഏറ്റവും ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു.

കോഴിക്കോട്ടുതീയരുടെ പുതിയക്ഷേത്രത്തിൽ കുംഭാഭിഷേകം മീനം ൨൦-ാംനു-യാണെന്നു തീർച്ചപ്പെടുത്തിയതിനെ ഭേദപ്പെടുത്തി ഇടവം ൧൦-ാംനു-ക്കോമറ്റോ നീട്ടിവച്ചിരിക്കുന്നതായറിയുന്നു.

ശ്രീ- നാ- ധ- പ- യോഗത്തിന്റെ അടുത്ത പൊതുയോഗത്തെസംബന്ധിച്ചു മദിരാശിയിൽകൂടാൻ വിചാരിച്ചിരുന്ന പ്രാരംഭയോഗം അരുവിപ്പുറത്തെ ഉത്സവം മുതലായ അത്യാവശ്യസംഗതികൾ പ്രമാണിച്ചു യോഗം സിക്രട്ടറിക്കു സ്ഥലംവിട്ടുപോകാൻകഴിയാതെവന്നതിനാൽ ഇതുവരെ നടന്നിട്ടില്ല. ഉടനെ സിക്രട്ടറി മദിരാശിക്കുപുറപ്പെടുന്നതും, പൊതുയോഗംവക സംഗതികൾ ആലോചിച്ചു പ്രസ്താവിക്കുന്നതുമാകുന്നു.

ഈ കഴിഞ്ഞ എസ്- കെ- പി- ഡി- ആയുർവ്വേദകാളേജു വക അവസാന പരീക്ഷയിൽ തിരുവനന്തപുരത്തുകാരായ വി. എം. കേശവൻ, ഡി. ഭാനു എന്ന രണ്ടു യുവാക്കന്മാർ വിജയികളായിരിക്കുന്ന വിവരം അറിഞ്ഞു ഞങ്ങൾ ഏററവും സന്തോഷിക്കുന്നു. ഇതിൽ മിസ്റ്റർ കേശവൻ പരീക്ഷയിൽ ഒന്നാമനായി ജയിച്ചിരിക്കുന്നു എന്നറിയുന്നതു വിശേഷിച്ചും തനിക്കും സമുദായത്തിനും അഭിമാനഹേതുവായിട്ടുള്ള ഒരു സംഗതിയാകുന്നു. ഇദ്ദേഹം ഇപ്പോൾ മദ്രാസ് കന്യകാ പരമേശ്വരി ദേവസ്ഥാനംവക ആയുർവ്വേദീയ ആസ്പത്രിയിൽ അപ്പോത്തിക്കരിയുടെ വേലയിൽ പ്രവേശിച്ചിരിക്കയാണത്രെ. ഇങ്ങിനെയുള്ളവർക്കു സ്വദേശത്തു എന്തെങ്കിലും തക്കതായ ഉദ്യോഗംകൊടുക്കുന്നതിനും തിരുവനന്തപുരത്തെ ആയുർവ്വേദപാഠശാലയിൽ ഈ ജാതിക്കാർക്കും പ്രവേശം അനുവദിക്കുന്നതിനും മററും തിരുവിതാംകൂർ ഗവർമ്മെൻറിനു ഇനിയെങ്കിലും തോന്നാത്തതു സങ്കടംതന്നെ.

ഈ കഴിഞ്ഞ ബി. ഏ. പരീക്ഷയിൽ തിരുവിതാംകൂറിൽനിന്നു കെ. എൻ. ഗോവിന്ദൻ, എസ്. പത്മനാഭൻ, സി. ഒ. മാധവൻ എന്ന മൂന്നു തീയ്യ യുവാക്കന്മാർ വിജയികളായിരുന്ന വിവരം ഞങ്ങൾ സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. ഇതിൽ മിസ്റ്റർ ഗോവിന്ദൻ ചിറയിൻകീഴ് ഒരു മാന്യകുടുംബത്തിലെയും, മിസ്റ്റർ പണിക്കർ കരുനാഗപ്പള്ളിയിൽ പുതുപ്പള്ളി വാരണപ്പള്ളി എന്ന പ്രസിദ്ധതറവാട്ടിലെയും അംഗങ്ങളും, മിസ്റ്റർ മാധവൻ കാർത്തികപ്പള്ളിയിൽ ആലുംമൂട്ടിൽ കഴിഞ്ഞുപോയ യോഗ്യനായ ഉമ്മിണിച്ചാന്നാരുടെ പുത്രനും ആണ്. ഈ യുവാക്കന്മാർ തങ്ങളുടെ വിദ്യാഭ്യാസത്തെ പിന്തുടർന്നു അചിരേണ ഇതിലും ഉയർന്ന പരീക്ഷകൾ പാസ്സായി തങ്ങൾക്കും സമുദായത്തിനും അഭിമാനകരമായ നിലയെ പ്രാപിച്ചുകാണ്മാൻ ഈശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ!

---

# പരസ്യം

കൊല്ലം പെരിനാട്ടു നടുവിലക്കുറിയിൽ കോട്ടിലഴികത്തു മിസ്റ്റർ എം. കൊച്ചുരാമൻ ഞങ്ങളുടെ ഏജൻറായി യോഗത്തിൻെറയും വിവേകോദയത്തിൻെറയും കടശ്ശികകളെ പിരിക്കുന്നതിനു ൧൦൮൬-മീനം ൧൦-ാം-മുതൽ പുറപ്പെട്ടിരിക്കുന്നതിനാൽ കാലതാമസത്തിനോ ബുദ്ധിമുട്ടിനോ ഇടവരുത്താതെ അവരവർ അടയ്ക്കേണ്ടുന്ന പണത്തെ ദയവുചെയ്തു ടിയാൻവശം യോഗം ആഫീസു മുദ്രയും മാനേജരുടെയോ സിക്രട്ടരിയുടെയോ ഒപ്പുമുള്ള രസീതുംവാങ്ങി ഏല്പിച്ചുവച്ചുതന്നു ഞങ്ങളെ സഹായിക്കണമെന്നപേക്ഷ.

യോഗം ജനറൽസിക്രട്ടറി